In the sudden and sad death of Professor J. Srinivasan on January 11, 1958, the College and the University have lost a distinguished teacher of Botany and a well-beloved *Guru*. Professor Srinivasan had received his education in Botany at Presidency College, Madras, and before he was appointed to the old Maharaja's Science College, had done competent work at Coimbatore Agricultural College. He joined us some six years ago after a very successful career of about a quarter of a century as the Senior Assistant Professor of Botany in University College, Trivandrum. Though it was not his good fortune to become the head of his section in that college, his deep knowledge of the subject, his remarkable mastery of exposition, and above all his affable ways and helpfulness had endeared him to all his students. We consider it our extreme good fortune that we were able to secure his services after his retirement from Government service. During the five and a half years he was with us, Professor Srinivasan applied himself unstintedly to the task of organizing his Department and achieving efficiency of instruction and experimental guidance. We remember with pride that the results in Botany during his stewardship have always been excellent, and the Department was able to maintain high standards and establish a reputation in the University. His death at a time when important changes are taking place in our University has cast a gloom on us all. We mourn his death most sincerely and offer to the members of the bereaved family our heart-felt sympathy and deep sorrow.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY


MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

The Late Prof. J. Srinivasan
Professor and Head of the Dept. of Botany
since 1952, who passed away
on 11th January 1958

# പ്രസ്താവന

പതിവുപോലെ ഞങ്ങളുടെ വിനീതോപഹാരം കൈരളീദേവിയുടെ പാദപത്മങ്ങളിൽ അർപ്പിച്ചുകൊള്ളുന്നു. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഇത്തവണത്തെ മലയാളശാഖയ്ക്ക് രൂപഭദ്രതയും ഭാവഭദ്രതയും വർദ്ധിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. എന്നാൽ ഇത്തവണത്തെ മലയാളശാഖ കുറവും കുററവും തീർന്നതാണെന്ന് ഞങ്ങൾ കരുതുന്നില്ല. എല്ലാ കാര്യത്തിലും ഒരടി മുന്നോട്ടുവയ്ക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഇത്തവണത്തെ വാർഷികപ്പതിപ്പിൽ കൂടുതൽ ശാസ്ത്രലേഖനങ്ങൾ ചേർക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. കഥ, കവിത, നാടകം, നിരൂപണം—ഇവയോടൊപ്പംതന്നെ വളർന്നുവരേണ്ട ഒരു ശാഖയാണല്ലോ അതും.

ലേഖനങ്ങൾ തെരഞ്ഞെടുക്കുന്നതിലും ഞങ്ങൾ ആവുന്നത്ര ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സാഹിത്യക്ഷേത്രത്തിലേയ്ക്ക് പ്രതീക്ഷാനിർഭരരായി കടന്നുവന്നിട്ടുള്ള എല്ലാ സാഹിതീഭക്തന്മാർക്കും അവരവർ അർഹിക്കുന്ന സ്ഥാനങ്ങൾ ഈ പരിമിതമായ പരിധിക്കകത്ത് ഞങ്ങൾ നല്കിയിട്ടുണ്ട്. അവരിൽ നാളത്തെ കവികളേയും, കഥാകൃത്തുകളേയും, നിരൂപകരേയും നമുക്കു കാണാം.

അവസാനമായി ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. മുൻകാലങ്ങളെക്കാൾ മലയാളഭാഷയുടെ പ്രാധാന്യം പ്രതിദിനം വർദ്ധിച്ചുവരുന്നുണ്ടല്ലോ. ഭാഷയ്ക്കു കൈവരാനിരിക്കുന്ന സുവർണ്ണകാലത്തിന്റെ ഉദയപ്രഭയായി ഇതിനെ കണക്കാക്കാം. ഈ പ്രാധാന്യം എല്ലാ സാഹിതീഭക്തന്മാരും ഭാഷാപ്രേമികളും നല്ലവണ്ണം മനസ്സിലാക്കേണ്ടതാണ്. അതിന്റെ വെളിച്ചത്തിൽവേണം ഭാഷയുടെ വളർച്ചയ്ക്കുവേണ്ട ഘടകങ്ങൾ കരുപ്പിടിപ്പിക്കാൻ.

ഈ വർഷത്തെ മലയാളശാഖ ഭംഗിയാക്കുന്നതിൽ അകമഴിഞ്ഞു സഹായസഹകരണങ്ങൾ നല്കിയ എല്ലാ അഭ്യുദയകാംക്ഷികളോടും ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞതകൂടി രേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

മാസികാപ്രവർത്തകർ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# സമർപ്പണം

സുയശസ്സുകലർന്നു മിന്നിടും
തരുണീ! കാന്തി തികഞ്ഞ കൈരളി!
പ്രിയമോടിവരേകിടുന്നതാം
തിരുമുൽക്കാഴ്ചയിതേററുകൊള്ളണേ.

ജി. വി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ലേഖനം:—

# രവീന്ദ്രനാഥ ടാഗോർ

## (കവിയും കാഥികനും)

*(Varghese Mathew IV U. C.)*

പണ്ഡിതൻ, വാസനാകവി, കഥാകൃത്ത്, സ്വദേശസേവകൻ എന്നീ നിലകളിൽ പേരും പെരുമയും ആർജ്ജിച്ച മഹാകവി ടാഗോറിനെ അറിയാത്തവർ ഇന്നു ഭൂലോകം വിരളമാണ്. അദ്ദേഹത്തെ നമുക്കു സങ്കല്പത്തിൽ ഒന്നു കാണാം.

"തിട്ടോലുമക്ഷികൾ, നരച്ചു വളർന്നു മാറിൽ—
ത്തൊട്ടോരുതാടി, ചുളിവീണു പരന്ന നെററി
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ—
മട്ടാടവൻ വിലസി രേദ്ധര ദീർഘകായൻ."

ഇങ്ങനെ മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം ഒരു കവി അദ്ദേഹത്തെ വർണ്ണിച്ചതു്.

"ഏകദേശം ആറടി ഉയരമുള്ള ഉന്നതാകാരം, ചുരുണ്ടു നരച്ചു തോളോളമെത്തുന്ന തലമുടി, മാറിടം മറയ്ക്കുന്ന നീണ്ടതാടി, ചക്രവാളത്തിനപ്പുറത്തെയ്ക്കുന്നവണ്ണം വിദൂരലക്ഷ്യങ്ങളായ നയനങ്ങൾ, ചിന്തയുടെ ഉഴവുചാലുകളെന്നവണ്ണം ചുളിവീണ വിശാലമായ നെററിത്തടം, സർവ്വോപരി ആരെയും ആകർഷിക്കത്തക്ക പ്രസന്നവദനം, വിനയമസൃണമായ ക്ഷാത്രതേജസ്സ്, കരുണാമസൃണമായ ഗാംഭീര്യം, ഹൃദയാപഹാരിയായ വിശദവീക്ഷണം ഇവയുടെ സമഞ്ജസസമ്മേളനമാണു് ആ മുഖകമലത്തിൽ കളിയാടുന്നതു്. പാഠപുസ്തകങ്ങളിൽനിന്നു പണയം വാങ്ങിയതോ, പര്യടനവേളകളിൽ വിലയ്ക്കെടുത്തതോ, പരിചിതഹസ്തങ്ങളിൽനിന്നു കൈമാററംചെയ്തതോ അല്ല ആ പ്രഭാവം. ഭാരതത്തിൻെറ സംസ്കാരവും, ബംഗാളിൻെറ പാരമ്പര്യവും ഒന്നുചേർന്നു കാണിക്കവെച്ച കലീനതയുടെ മൂർത്തീകരണമാണു് ആർഷഭാരതത്തിൻെറ ആദർശസർവ്വസ്വമായ ആ അകൃത്രിമ ലാളിത്യം.

ഇനി ടാഗോറിനെ ഒരു കവിയെന്ന നിലയിൽ കാണാൻ നമുക്കു ശ്രമിക്കാം. എന്താണു് നാം അവിടെ കാണുന്നതു്? അടുക്കുന്ന ആരെയും അമ്പരപ്പിക്കുന്ന ഭാവന, പിഞ്ചുപൈതങ്ങൾക്കുപോലും മനസ്സിലാകുന്ന ലളിതകോമളമായ ഭാഷ, വികാരങ്ങളുടെ വേലിയേററംകൊണ്ടു വിറകൊള്ളുന്ന ഉത്കൃഷ്ടചിന്തകൾ, അതിഗഹനങ്ങളായ ആദ്ധ്യാത്മികതത്ത്വങ്ങൾ, കൺമുൻപിൽ തെളിഞ്ഞു കാണുന്ന ചിത്രീകരണങ്ങൾ— ഇവയെല്ലാം ടാഗോർ മഹാകവിയുടെ മായാത്ത മുദ്രകളാണു്.

പാശ്ചാത്യലോകത്തെ ഒന്നാകെ ആകർഷിച്ച് അവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിത്തീർന്ന 'ഗീതാഞ്ജലി'യിലെ ഒരൊററ ആശയംപോലും ആർഷഭാരതത്തിനു പുത്തരിയല്ല. 'വേദേതിഹാസ പുരാണങ്ങളിൽ' കാണുന്ന ആശയംതന്നെയാണു് ഗീതാഞ്ജലിയിൽ കാണുന്നതു്. പിന്നെന്താണു് ഗീതാഞ്ജലിക്കുള്ള പ്രത്യേകത? അതിനുത്തരം നല്കേണ്ടതു് ടാഗോറിൻെറ തൂലികയാണു്? ടാഗോറിൻെറ തൂലികയിലൂടെ നിർഗ്ഗളിച്ച ആ ആശയങ്ങൾക്കു് ആകപ്പാടെ ഒരു പുതുമയും ലാളിത്യവും ഉളവായി. അവ മനുഷ്യമനസ്സിൽ ഗാഢമായി പതിഞ്ഞു; ഭൗതികവാദികളിൽവച്ചു് ഭൗതികവാദികളായ പാശ്ചാത്യരെപ്പോലും അവ ആകർഷിച്ചു. ഗീതാഞ്ജലിയുടെ ആദ്യത്തെ പതിപ്പിൻെറ അവതാരകനായ 'യീററ്സ്' എന്ന ആംഗലകവി പറയുന്നതു് അദ്ദേഹം സ്വജീവിതകാലം മുഴുവനും സ്വപ്നം കണ്ടുകൊണ്ടിരുന്ന അദ്ഭുതസുന്ദരമായ ഒരു ലോകം ഗീതാഞ്ജലിയിൽ കണ്ടു എന്നാണു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അദ്ഭുതസുന്ദരമായ ഒരു ലോകം—അതാണ് ടാഗോർ കവിതകളിലെ ലോകം. ആ ലോകത്തിൽ വെള്ള വീശുന്നത് വിശ്വപ്രേമത്തിന്റെ വെള്ളി രശ്മികളാണ്. സൃഷ്ടിയുടെ രഹസ്യവും ജീവിതത്തിന്റെ ലക്ഷ്യവും മനസ്സിലാക്കിയ മനുഷ്യർ അർത്ഥശൂന്യങ്ങളായ കലഹങ്ങളിൽനിന്നും അന്തസ്സാരവിഹീനങ്ങളായ പ്രവൃത്തികളിൽനിന്നും വളരെ അകന്ന്, ആനന്ദമയമായി ജീവിതം നയിച്ച്, അവസാനം സമാധാനമായി സ്രഷ്ടാവിനെ സമീപിക്കുന്നു. അതാണ് ടാഗോർ കണ്ട ലോകം.

ടാഗോർ ലോകത്തിനു നല്കിയ സന്ദേശം വിശ്വപ്രേമം ആയിരുന്നു. ഈ പ്രേമം മനുഷ്യരാശിയോടുമാത്രമുള്ള ഒന്നല്ല, പിന്നെയോ പ്രകൃതിയോടുമുള്ളതാണ്. ഈ പ്രേമസന്ദേശം ആർഷഭാരതത്തിനോ, ലോകത്തിനുതന്നെയോ പുത്തരിയല്ല. വൃന്ദാവനത്തിലെ വേണുനാദത്തിലൂടെ ഭഗവാൻ കൃഷ്ണനും, സർവ്വസംഗപരിത്യാഗത്തിലൂടെ ഭഗവാൻ ക്രിസ്തുവും, സ്വജീവിതാനുഭവങ്ങളിലൂടെ മഹമ്മദുനബിയും ലോകത്തിനു നല്കിയതു് ഈ സന്ദേശം തന്നെയാണ്.

ടാഗോർ കവിതയുടെ ഓരോ വരിയും ഓരോ വാക്കും ചിന്തയുടെ കലവറയാണ്. ഒന്നുരണ്ട് ഉദാഹരണങ്ങൾകൊണ്ട് സ്പഷ്ടമാക്കാൻ ശ്രമിക്കാം.

"താമരയിലയുടെ അധോഭാഗത്തുള്ള വലിയ മഞ്ഞുതുള്ളിയാണു നീ. അതിന്റെ ഉപരിഭാഗത്തുള്ള ചെറിയ തുള്ളി ഞാനും". എന്ന് മഞ്ഞുതുള്ളി തടാകത്തോടു പറഞ്ഞു.

*　　*　　*　　*

"മനുഷ്യനെക്കുറിച്ച് ഇനിയും ഈശ്വരൻ നിരാശനായിക്കഴിഞ്ഞിട്ടില്ല എന്ന സന്ദേശത്തോടുകൂടിയാണ് ഓരോ ശിശുവും വളരുന്നതു്".

ആലോചിക്കുംതോറും ആസ്വാദ്യങ്ങളും അനവദ്യസുന്ദരങ്ങളും ആണ് ഇവയിലെ ആശയങ്ങൾ. ചിന്തയുടെ നിരന്തരമായ ഒരു ഘോഷയാത്രയാണ് ടാഗോർകവിതകളിൽ എവിടെയും ദൃശ്യമാകുന്നതു്.

ഒരു കാഥികനെന്ന നിലയിൽ ടാഗോറിനെ നോക്കുകയാണെങ്കിൽ ഇതിലും കൂടുതൽ അദ്ഭുതമായിരിക്കും നമുക്കു തോന്നുക. സാഹിത്യത്തിന്റെ സർവ്വതോമുഖങ്ങളായ വശങ്ങളിലെല്ലാം സ്ഥൂത്യർഹമാംവിധം വിജയപതാക നാട്ടിയ ടാഗോർ, ചെറുകഥാരചനയിലും ഒരു ഉത്തമ വിശ്വകാഥികന്റെ സമുന്നതമായ പദവിയിലേയ്ക്കും ഉയർന്നിട്ടുണ്ടെന്നുള്ളതിന് അദ്ദേഹത്തിന്റെ ചുരുക്കം ചില കഥകൾതന്നെയും തെളിവു തരുന്നുണ്ട്. വിശ്വവിഖ്യാതങ്ങളായ അദ്ദേഹത്തിന്റെ ചെറുകഥകൾ മനുഷ്യഹൃദയത്തിന്റെ ഉള്ളറകളിലേയ്ക്കു കടന്നുചെന്ന് അവിടത്തെ പരമ മൃദുലങ്ങളായ ചലനവിശേഷങ്ങൾ പോലും വായനക്കാരനു കാണിച്ചുകൊടുക്കുന്നു, "കാബൂളിവാല", "മാഷി", "അനധികൃതം", "തപാൽ മാസ്റ്റർ", "രക്ഷിക്കാൻ ഏല്പിച്ച മുതൽ" തുടങ്ങിയ കഥകൾ വിശ്വസാഹിത്യത്തിലെ വിലപ്പെട്ട നേട്ടങ്ങളായി കരുതാവുന്നതാണ്. ചെറുകഥാസമ്രാട്ടുകളെന്നു വിഖ്യാതരായ ഷെക്കാവിന്റേയോ മോപ്പസാങ്ങിന്റേയോ ഒപ്പം നില്ക്കുവാൻ ടാഗോർ മഹാകവിക്കു സാധിക്കും.

ടാഗോർകഥകളെ 1) ജീവിതത്തിന്റെ ബാഹ്യവ്യാപാരങ്ങളെ സ്പർശിക്കുന്ന കഥകൾ 2) സദുദ്ദേശപരങ്ങളായ പ്രചരണകഥകൾ 3) ജീവിതത്തിന്റെ വൈവിദ്ധ്യങ്ങളേയും സൂക്ഷ്മങ്ങളെങ്കിലും പ്രാധാന്യമർഹിക്കുന്ന സംഭവങ്ങളേയും അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ള കഥകൾ ഇങ്ങനെ വിഭജിക്കാവുന്നതാണ്.

ടാഗോർ തന്റെ കഥകൾക്കു വിഷയമാകുന്ന സംഭവങ്ങളെ പല വീക്ഷണകോടിയിൽക്കൂടി യാണ് നോക്കുന്നതു്. അദ്ദേഹത്തിന്റെ "മാഷി" എന്ന ചെറുകഥ ഇതിനുദാഹരണമാണ്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വർണ്ണനകളും, സൂക്ഷ്മപരിശോധനകളും, സ്വാഭിപ്രായപ്രകടനങ്ങളും മനോഹരമായവിധം കൂട്ടിയിണക്കിയിരിക്കുന്നതു് ഈ കഥയിൽ നമുക്കു കാണാം.

ചില കഥാകാരന്മാർ വർണ്ണനയ്ക്കു പ്രാധാന്യം നല്കുന്നു. മററു ചിലർ മന:ശാസ്ത്രത്തിനു പ്രാധാന്യംകൊടുക്കുന്നു. പ്രഗല്ഭനായ ടാഗോറാകട്ടെ ഇവ രണ്ടിനും തുല്യപ്രാധാന്യം നല്കിയാണു് കഥകൾ രചിച്ചിട്ടുള്ളതു്. മന:ശാസ്ത്രപരമായ ഒരധിഷ്ഠാനത്തിന്മേൽ ടാഗോർ കഥകൾ കെട്ടിപ്പടുത്തിരിക്കുന്നു എന്നു പറഞ്ഞാൽ അതു പരമാർത്ഥം മാത്രമായിരിക്കും. ദൈനംദിന ജീവിതത്തിൽ നടക്കുന്ന നിസ്സാരസംഭവങ്ങളാണു് അവയിലെ വിഷയം. വായനക്കാരന്റെ തല ചുററിക്കുന്ന കഥാഘടനയാകട്ടെ അമാനുഷികരുടെ അദ്ഭുതപ്രവർത്തനങ്ങളാകട്ടെ അവയിൽ കാണുന്നതല്ല. പിന്നെയോ ജനങ്ങളുടെ സാധാരണ ജീവിതരംഗങ്ങളുടെ സജീവവും കലാസുഭഗവുമായ ചിത്രീകരണം മാത്രം.

കഥാപാത്രരചനയിലാണു് ടാഗോർ തന്റെ പ്രാഗല്ഭ്യം മുഴുവൻ പ്രദർശിപ്പിച്ചിട്ടുള്ളതു്. പിഞ്ചുപൈതലിന്റെ ചേതോവൃത്തിയും, മുതിർന്ന ബാലന്റെ ഹൃദയചാഞ്ചല്യവും, മദ്ധ്യവയസ്കന്റെ വികാരബാഹുല്യവും വയോവൃദ്ധന്റെ ശോകഭരിതയും മററും തികഞ്ഞ മന:ശാസ്ത്രവിജ്ഞാനത്തോടെ ടാഗോറിനെപ്പോലെ അധികമാരും വർണ്ണിച്ചിട്ടില്ല. "കാബൂളിവാലായിലെ" കൊച്ചുമിനിയും, "സമ്പത്തിലെ" ഫത്തിക് ചക്രവർത്തിയും, "അന്ധരാത്രിയിലെ" സുരബാലയും, പോസ്ററുമാസ്റ്ററും, കൈലാസബാബുവും മററും ഇവയ്ക്കു് ഉദാഹരണങ്ങളാണു്.

വർണ്ണനയിൽ ഒരു നല്ല ചിത്രകാരനോടാണു് മഹാകവി ടാഗോറിനു സാദൃശ്യം. അപ്രധാനങ്ങളായി നാം ഗണിക്കുന്നവയെ അദ്ദേഹം അതിസൂക്ഷ്മമായി പരിശോധിച്ചു് മനോഹരമായി വർണ്ണിക്കുകയും പ്രത്യക്ഷാനുഭവം ജനിപ്പിക്കുകയും ചെയ്യും. ചിത്രകാരൻ വരയ്ക്കുന്ന ചിത്രം ദൃഷ്ടിപഥത്തിൽനിന്നു മറയുമ്പോൾ ചിത്രത്തിന്റെ സൂക്ഷ്മവശങ്ങൾ മനോവീക്ഷണത്തിനു് അഗോചരമാകുക പതിവാണു്. എന്നാൽ ടാഗോർ കാണിച്ചുതരുന്ന ചിത്രമാകട്ടെ നമ്മുടെ മനോമുകുരത്തിൽ ചിരപ്രതിഷ്ഠിതങ്ങളായിരിക്കുകതന്നെ ചെയ്യും. "ഗിരിബാല"യെപ്പററി അദ്ദേഹം വർണ്ണിച്ചിരിക്കുന്നതു നോക്കുക. "ഗിരിബാല"യെ യൗവനം തഴുകിത്തുടങ്ങിയെന്നുള്ളതിനു് അവളുടെ വസനങ്ങളുടെ ചുളിവുകളും, കഴുത്തിന്റെ വെട്ടിത്തിരിയലും, കൈവീശലും, അരയന്നനടയും, ലജ്ജകലർന്ന പുഞ്ചിരിയും, കടാക്ഷവീക്ഷണങ്ങളും മററും വ്യക്തമായ തെളിവുകളാണു്. നീലനിറം കലർന്ന സിൽക്കുസാരി അണിഞ്ഞു് അവൾ സദാ ടെറസ്സിൽ ഉലാത്തിക്കൊണ്ടിരിക്കും. ശരീരത്തിന്റെ അല്പമായ ചലനത്തിൽപ്പോലും അവൾ സ്വയം സുഖമനുഭവിക്കാറുണ്ടു്".

പ്രേമത്തിന്റെ പ്രേരകശക്തിയേയും അതിനു ജീവിതവുമായുള്ള അഭേദ്യ ബന്ധത്തേയും പരാമർശിച്ചു് ഒരു റൊമാൻറിക് കലാകാരനെന്ന നിലയിൽ മഹാകവി ടാഗോർ രചിച്ചിട്ടുള്ള കഥകളാണു് 'സമാപ്തി', 'ദൃഷ്ടിദാനാ' മുതലായവ. ടാഗോറിന്റെ കഥകളെ സസൂക്ഷ്മം പഠിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്കു് അവ നിസർഗ്ഗസുന്ദരങ്ങളായ നിരവധി പ്രതിഭാസങ്ങളുടെ ഒരലൗകിക ഭണ്ഡാഗാരമാണെന്നു് നിഷ്പ്രയാസം ഗ്രഹിക്കാൻ സാധിയ്ക്കും. അവയിൽ കാണപ്പെടുന്ന കല്പനാചാതുരിയും. സാങ്കേതികവശങ്ങളും, സാമുദായികരഹസ്യങ്ങളും മററും ഭാരതീയരെ ആനന്ദപുളകിതരാക്കുന്നവയാണു്.

അരശതാബ്ദത്തിലധികംകാലം ആർഷഭാരതത്തിന്റെ ആത്മീയഗുരുവായും, ആരാധനാപാത്രമായും, അഭിമാനസമ്പത്തായും വിളങ്ങിയിരുന്ന ടാഗോർ നമ്മെ വേർപെട്ടു. വിശ്വപ്രേമത്തെപ്പററി ഗാനം പൊഴിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ മുരളി മൂകമായിപ്പോയി. എങ്കിലും ആ മനോഹര രൂപവും ആ ഗാനത്തിന്റെ മാറെറാലിയും ഭാരതീയർക്കു് മറക്കുവാൻ സാദ്ധ്യമല്ല.

# അനശ്വരഗാനം

*(Vanchiyur K. G., III U. C.)*

"മാധുരീ, ഞാനും നീയു
മീസുമങ്ങളും രാവിൽ
വാനിലായ്ത്തെളിയുമ
ത്താരവും നശിച്ചുപോം."

*        *        *        *

ചന്ദ്രികച്ചാറിൽക്കുളി
ച്ചുല്ലസിക്കുന്നു ലോക-
മന്തിയിൽ, നീലാംബരം
താരകൾ ചൂടീടുന്നു.
കുളിർകാററണഞ്ഞൊരു
ചുംബനം നല്കെ, ദൂരെ
മുളങ്കാടുതിക്കുമ
ച്ചൂളമെമ്പാടുംകേൾക്കാം.
മഞ്ഞുതുള്ളികൾ വീണു
പൊന്നുമാ നാദംകേൾക്കു
ഭഞ്ജനംചെയ്യുന്നുണ്ടീ
ശാന്തതയെനല്പമായ്
ആ മനോജ്ഞമാം രാവി
ലാമലർക്കാവിൽനിന്നു
വാനിലേയ്ക്കുയർന്നു ചെ
ന്നെത്തിടുന്നൊരു ഗാനം

*        *        *        *

"മാധുരീ, ഞാനും നീയു-
മീസുമങ്ങളും, രാവിൽ
വാനിലായ്ത്തെളിയുമ
ത്താരവും നശിച്ചുപോം."
കാമുകീ കവിൾത്തടം
പൂട്ടമക്കണ്ണീരൊപ്പി-
ക്കാമുകനിവനേവം
പാടിയാരാവിൽ വീണ്ടും
അകലെത്തരുനിര
ച്ചാർത്തുകളതുകേട്ടി-
ട്ടകതാർ നൊന്തിട്ടാവാം
മർമ്മരം പൊഴിക്കുന്നു

*        *        *        *

രാവുകൾ ദിനങ്ങളി
ന്നെത്രയോ കഴിഞ്ഞുപോയ്
ആവനം ചൂടീ സുമ
സഞ്ചയം നവം വീണ്ടും
"മാധുരി" മറഞ്ഞുപോയ്
ചാലവേ ഞാനും വാനിൽ
മാധുരിയെഴുന്നൊര
ത്താരകൾ വീണ്ടും വന്നു.
മണ്ണിൽനിന്നുണ്ടായ നീ
മണ്ണിലേയ്ക്കത്രേ പോക്ക
നിർണ്ണയം; ചൊല്ലിക്കൊണ്ടു
നില്പിതാ ശ്മശാനം ഹാ!

*        *        *        *

നാളുകൾ നീങ്ങിടട്ടേ
വീണ്ടുമീ വനങ്ങളിൽ
പാലകൾ പൂത്തിടട്ടേ,
പൂവുകൾ പൊഴിയട്ടേ,
ചന്ദ്രികച്ചാറിൽ വീണ്ടു
മീലോകമാറാടട്ടേ,
സുന്ദരതാരാഗണം
വാനിലായ് നിരക്കട്ടേ,
നശ്വരമാകുന്നൊരീ
വിശ്വസൗന്ദര്യംകാൺകെ
വശ്യരാകാതെ പാടും
മൗനമായീമണ്ണുകൾ
'മാധുരീ' ഞാനും നീയു-
മീസുമങ്ങളും, രാവിൽ
വാനിലായ്ത്തെളിയുമ
ത്താരവും നശിച്ചുപോം'
അകലെത്തരുനിര
ച്ചാർത്തുകളിതുകേട്ടി-
ട്ടകതാർ ദഹിച്ചുകൊ-
ണ്ടേററുപാടുമീഗാനം.
മൂർച്ഛയിലവനിയിൽ
വീണിടുമൊരു സുമ-
മാച്ഛവി വിതറുമ
പ്പൊൻദളം നശിക്കട്ടേ.
സർവവും നശിക്കിലും
നശ്യമല്ലീഗാനം ഹാ!
ഉർവ്വിയിലനശ്വര
ഗാനമായെന്നും നില്ക്കും.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കളിത്തോഴി—ഒരാസ്വാദനം

*(R. Gopinatha Pillai IV U. C.)*

കണ്ണീരിൽ മെനഞ്ഞെടുത്ത, കണ്ണീരിന്റെ കരളലിയിക്കുന്ന കഥയാണ് മഹാകവി ചങ്ങമ്പുഴയുടെ "കളിത്തോഴി." അതേ! വേദനകൊണ്ടു വിങ്ങുന്ന മനുഷ്യസമുദായമദ്ധ്യത്തിൽനിന്നു "വേരോടെ ചീന്തിയെടുത്തു്" വേദനയോടെ വിവരിക്കുന്ന വേദനയുടെ കഥ. കണ്ണീരും, പുഞ്ചിരിയും, ഇണക്കവും പിണക്കവും, ജനനവും മരണവും, മനുഷ്യനും മൃഗവും നിങ്ങൾക്കൊരുമിച്ചു കണണമോ, എങ്കിൽ "കളിത്തോഴി" വായിക്കുക. ഓരോ ഭാഗവും വായിച്ചു തീരുന്തോറും വേദനയുടേയും ഉത്കണ്ഠയുടേയും മൂട്ടലതന്ത്രികൾ വലിഞ്ഞു മുറുകുന്നു. വായനക്കാരന്റെ ഹൃദയം, വായിച്ചു തീരുന്നതുവരെ വിവിധവികാരവീചീപരമ്പരകളിൽപ്പെട്ട് നട്ടംതിരിയുന്നു. ചില ഭാഗം വായിക്കുമ്പോൾ കണ്ണുകൾ നിറയുന്നു. മററു ചില രംഗങ്ങൾ വായിക്കുമ്പോൾ കണ്ണുനീർ പുറത്തേയ്ക്കു വരാതെ ഹൃദയത്തിലോട്ടുതന്നെ താഴുന്നു.

വിധിയുടെ നിഷ്ഠൂര ഹസ്തങ്ങളിൽപ്പെട്ട് നിർദ്ദയം ഞെരിഞ്ഞു തകരുന്ന രണ്ടു കഥാപാത്രങ്ങൾ—അമ്മിണിയും രവീന്ദ്രനും. ലോകത്തിന്റെ യാതൊരു കോണിലും അവർക്കു സ്വൈരം കിട്ടുന്നില്ല. ഇരുവരുടേയും ഹൃദയം ഉമിത്തീപോലെ നീറിനീറി കരുകുകയാണ്. അതാ മറ്റൊരു മനുഷ്യൻകൂടി അതിനിടയിലേയ്ക്കു കടന്നുവരുന്നു; ഡാക്ടർ സുകുമാരമേനോൻ. ആഴിപോലെ അഗാധവും ആകാശംപോലെ വിശാലവുമായ ഹൃദയം മേനവനെപ്പോലെ ചുരുക്കം ചിലർക്കേ കിട്ടുകയുള്ളു. പക്ഷേ, ആ വിശാലഹൃദയത്തിലും ഫണമുയർത്തുന്നു—അല്ല, വിഷം വമിക്കുന്നു സംശയത്തിന്റെ കാളസർപ്പം. അതിൽ ഒരു കുടുംബം വെന്തുനീറുന്നു. മല്ലിക.... അവളൊരു സ്ത്രീയാണ്; മാത്രമല്ല ഒരു ഭാര്യയുംകൂടിയാണവൾ; തീർന്നില്ല, അവളിൽ ഒരു പിശാചും ജീവിക്കുന്നുണ്ട്. ഇനിയുമുണ്ട് കഥാപാത്രങ്ങൾ. അങ്ങിങ്ങായിമാത്രം പ്രത്യക്ഷപ്പെടുന്ന 'ആ നല്ല പ്രൊഫസർ കേശവപിള്ള നമ്മുടെ സ്മൃതിപഥത്തിൽ നിന്ന് അത്ര എളുപ്പത്തിലൊന്നും മറയുന്ന മനുഷ്യനല്ല. ഈ നോവലിലെ കഥാപാത്രങ്ങളെല്ലാം വെറും മനുഷ്യരാണ്, നാം നിത്യവും കാണുന്ന സാധാരണ മനുഷ്യർ. അതായത് അത്ഭുതകൃത്യങ്ങൾ കാണിക്കുന്ന ദേവകളോ, ദേവാംശസംഭൂതരോ അല്ലെന്നു ചുരുക്കം. നമ്മെപ്പോലെതന്നെ മജ്ജയും മാംസവും, വികാരവും വിചാരവും, വാഴ്ചയും താഴ്ചയും, തെററും കുറവുമുള്ള മനുഷ്യർ. ഓരോ കഥാപാത്രത്തിലും ചങ്ങമ്പുഴയുടെ വ്യക്തിത്വം ഓളംതല്ലുന്നതായിക്കാണാം. ചങ്ങമ്പുഴയുടെ ജീവിതത്തിൽനിന്ന് വലിച്ചുകീറിയെടുത്ത ഒരേടല്ലേ ഈ നോവലെന്ന് (ചങ്ങമ്പുഴയുടെ ഭാഷയിൽ പറഞ്ഞാൽ ഇതൊരു നീണ്ട കഥയാണ്) അദ്ദേഹത്തിന്റെ ജീവചരിത്രം കുറച്ചെങ്കിലും അറിയാവുന്ന ഒരാൾ സംശയിക്കുന്നുവെങ്കിൽ അതിലയാളെ കുററപ്പെടുത്തേണ്ട ആവശ്യമില്ല.

മററു നോവലുകളിൽനിന്നും "കളിത്തോഴി"യ്ക്കുള്ള സവിശേഷത അതിലെ ഭാഷാരീതിയും പ്രതിപാദനരീതിയുമാണ്. അതിന്റെ കർത്താവ് ഒരു കവികൂടിയാണ്. അതും വാസനാസമ്പന്നനായ ഒരു കവി. അപ്പോൾ അദ്ദേഹത്തിന്റെ കാവ്യശൈലി ഈ നോവലിൽ ഉടനീളം കാണുന്നുവെങ്കിൽ അതിലെന്താണദ്ഭുതം. രസം തുളുമ്പുന്ന ഭാഷ, ഹൃദയംകവരുന്ന ആവിഷ്കരണം. അവ സൃഷ്ടിക്കുന്ന മായികമണ്ഡലത്തിലേയ്ക്ക് ആനന്ദോന്മത്തരായി പറന്നുപൊങ്ങാത്ത

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ആത്മാക്കൾ വിരളമാണ്. ഭാഷാരീതിക്ക് ഇതാ ഒന്നുരണ്ടുദാഹരണങ്ങൾ:

"ചുരുണ്ടുനീണ്ട കാർകൂന്തൽ പിന്നിൽ ഒതുക്കികെട്ടി, അതിലൊരു ചുവന്ന പനിനീർപ്പൂവും ചൂടി, ശുഭ്രവസ്ത്രാലംകൃതയായി, സാന്ധ്യദീപ്തിയിലാറാടിക്കൊണ്ട്, ഏകാന്തമായ ആ വഴിത്താരയിൽക്കൂടി, ഒരു തങ്കക്കിനാവെന്നപോലെ ക്ഷേത്രത്തിനുള്ളിലേയ്ക്കുള്ള ആ മരാളഗമനം ഏതൊരു കലാകാരന്റെയും ഹൃദയത്തെ തികച്ചും വികാരതരളിതമാക്കിത്തീർക്കുന്നതാണ്" .... .... ....

അതേ, നിശ്ചയമായും. അതു കാണുന്നവരുടെ മാത്രമല്ല, അതിനെപ്പററി വർണ്ണിച്ചിരിക്കുന്നതു വായിക്കുന്നവരുടേയും എന്നുകൂടി ചേർക്കണം. ഇതാ മറെറാരുദാഹരണംകൂടി.

"ഉടലെടുത്ത വാസന്തകാന്തിപോലെ, കരൾ കവരുന്ന കാവ്യധാരപോലെ അവൾ ശോഭിച്ചു." .... .... ....

എത്ര ചന്തംചിന്തുന്ന, ചതുരമധുരമായ, ഓജസ്സുററ, കാവ്യശൈലി. മധുരകോമളകാന്തപദാവലീസമ്മിളിതമായ ഈ കാവ്യശൈലി ഒന്നുമാത്രം മതിയല്ലോ പ്രസ്തുത പുസ്തകത്തിന്റെ ഗുണധോരണിക്കു തിലകംചാർത്താൻ.

ഈ നോവലിലെ ഓരോ കഥാപാത്രത്തെയും നാം എവിടെയൊക്കെയോവെച്ചു കണ്ടിട്ടുള്ളതുപോലെ തോന്നുന്നു. ചിരകാലസുഹൃത്തുക്കളുടെ ഒരു പ്രതീതി നമുക്ക് അവരോട് ഉണ്ടാകുന്നു. അനുവാചകരെ ആകർഷിക്കാൻ ഇതിൽപ്പരം എന്താണു വേണ്ടതു്.

അമ്മിണിയാണ് ഇതിലെ കഥാനായിക. ഹൃദയം തകരുന്ന വേദനയോടും മനംകുളുക്കുന്ന ബഹുമാനത്തോടുംകൂടിയല്ലാതെ നമുക്ക് അമ്മിണിയെ സ്മരിക്കാൻ സാധ്യമല്ല. അവളുടെ ആ ഹൃദയവിശാലത, നിഷ്കളങ്കവും നിഷ്കാമവുമായ ആ സ്നേഹം, അനുഭവത്തിന്റെ തീച്ചൂളയിൽ കാച്ചിയെടുത്ത ആ സ്വഭാവനൈർമ്മല്യം, മറെറാരു കഥാപാത്രത്തിനും എത്തിനോക്കാൻ കഴിയാത്ത ആ വ്യക്തിപ്രഭാവം, സർവോപരി ഒരു സ്ത്രീയുടെ ചപലതയും. ഇതൊക്കെയാണ് ഇതരപാത്രങ്ങളിൽനിന്ന് ആ തരുണീമണിയെ ഉയർത്തിനിർത്തുന്ന ഘടകങ്ങൾ.

"വെള്ളത്താമരപോൽ വിശുദ്ധിവഴിയും
സ്ത്രീചിത്തമേ ജീവിതം
പൊള്ളുമ്പോളമൃതംതളിച്ചുതടവും
മത്സാന്ത്വനസ്വപ്നമേ!
മുള്ളേററവ മുറിഞ്ഞു രക്തമൊഴുകുമ്പോഴും
പുമാനുന്മദ-
ത്തള്ളിച്ചയ്ക്കു ചിരിച്ചിടും സഹനതാസങ്കേതമേ
വെൽവൂ നീ."

എന്ന് ചങ്ങമ്പുഴ സ്ത്രീയെക്കുറിച്ചു പാടിയതു് അമ്മിണിയെക്കുറിച്ചും അക്ഷരംപ്രതി ശരിയാണ്. തന്റെ പ്രാണപ്രിയനും ബാല്യകാലസുഹൃത്തും ആയ രവീന്ദ്രന് തന്റെ ചാരിത്ര്യത്തിൽ സംശയം ഉണ്ടെന്നറിഞ്ഞതുമുതൽ അവളനുഭവിക്കുന്ന ഹൃദയവ്യഥ; അതു് അവർണ്ണ്യവും അവാച്യവുമാണ്. ആയിരം തവണ തന്റെ കമിതാവിനോടവൾ ഏററുപറഞ്ഞു താൻ നിരപരാധയാണെന്ന്. എന്നിട്ടും അയാൾക്കു വിശ്വാസംവരുന്നില്ല. ഒടുവിൽ തന്റെ കാമുകന്റെ മനസ്സുഖത്തിനും, ഭാവിശ്രേയസ്സിനും വേണ്ടി അവൾ സ്വയം വേശ്യയാണെന്നഭിനയിക്കുന്നു. എന്തിന് അധികം; അവനുവേണ്ടി മരിക്കാൻതന്നെ അവൾ തയ്യാറാവുന്നു. ആ മരണരംഗം എത്ര ചിന്താബന്ധുരമായ രീതിയിലാണ് മഹാകവി ചിത്രീകരിച്ചിരിക്കുന്നതു്. തന്റെ പ്രാണനായകനുവേണ്ടി മരിക്കാനൊരുങ്ങുമ്പോൾ അവളനുഭവിക്കുന്ന ആനന്ദം; പ്രിയന്റെ ഭാവപ്രകടനം വെറുമൊരു കളിപ്പിക്കലായിരുന്നുവെന്ന് മനസ്സിലായപ്പോൾ അവളിൽ പ്രത്യക്ഷപ്പെടുന്ന രൌദ്രഭാവം; ആ ക്രോധാഗ്നിയുടെ മുമ്പിൽ ഭയാശങ്കകളോടുകൂടിയ രവിയുടെ നില; ഇവയെല്ലാം ആർക്കാണ് രസമരുളാത്തതു്! അനന്തരം അമ്മിണിയെ കാണുന്നതു് ഒരു രോഗിണി എന്ന നിലയിൽ ആശുപത്രിയിൽവച്ചാണ്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അമ്മിണിയുടെ ജീവിതം അതുമുതൽ ഒരു പുതിയ അവസ്ഥയിലേയ്ക്കു നീങ്ങുന്നതായി കാണാം. ഡാക്ടർ സുകുമാരമേനവനെ അവിടെവച്ചാണ് അവൾ കണ്ടുമുട്ടുന്നത്. ഇരുവരും തുല്യ ദുഃഖിതർ. ചുരുക്കത്തിൽ ഡാക്ടർ മേനവൻ എല്ലാം അറിഞ്ഞുകൊണ്ടുതന്നെ അവളെ ഭാര്യയായി സ്വീകരിക്കുന്നു.

തെളിഞ്ഞ ആകാശം, പ്രശാന്തനിർമ്മലമായ സമുദ്രം അവരുടെ ദാമ്പത്യനൌക സാവധാനം മുന്നോട്ടു നീങ്ങുകയാണ്. അമ്മിണിയും ഡാക്ടരും അനുഭവിക്കുന്ന ആനന്ദം! അതു് അളവറ്റതാണ്. നമുക്കും ലഭ്യമാകുന്ന അവരുടെ ആനന്ദത്തിന്റെ ഒരു നല്ല ശതമാനം. അമ്മിണി യൌവനയുക്തയായതിനുശേഷം സുഖം അനുഭവിക്കുന്ന അപൂർവ്വ നിമിഷങ്ങൾ! അതു നീണ്ടുനിന്നില്ല. അമ്മിണിയുടെ പ്രഥമ സന്താനത്തിന്റെ ജനനത്തോടുകൂടി സംശയത്തിന്റെ ഒരു കൊടുങ്കാറ്റാരംഭിക്കുന്നു. ആനന്ദം ഒരിക്കലും ശാശ്വതമല്ലല്ലോ. അമ്മിണിക്കു ജനിച്ച കുഞ്ഞിനു് രവീന്ദ്രന്റെ തനിച്ഛായ. രവീന്ദ്രനാണെങ്കിൽ അനേകം മൈലുകൾക്കപ്പുറത്താണ്. അമ്മിണി രവീന്ദ്രനെ കണ്ടിട്ട് വർഷം ഒന്നല്ല പലതു കഴിഞ്ഞു. ഡാക്ടർക്കറിയാം ആ കുഞ്ഞിന്റെ ജന്മദാതാവു് താനാണെന്നു്. പിന്നെ കുഞ്ഞിനു് രവീന്ദ്രന്റെ ച്ഛായ എങ്ങനെ ഉണ്ടായി. ഒരു പ്രസിദ്ധമായ മനശ്ശാസ്ത്രതത്വം ചങ്ങമ്പുഴ സമർത്ഥമായ രീതിയിൽ ഇവിടെ കൈകാര്യംചെയ്തിരിക്കുകയാണ്. സംശയത്തിന്റെ കൊടുങ്കാറ്റുയരുന്നു. ആ കൊടുങ്കാറ്റിൽ അവരുടെ ദാമ്പത്യനൌക തകർന്നു തരിപ്പണമാകുന്നു. ഡാക്ടർ സുകുമാരമേനവൻ കഥാവശേഷനായിട്ടും ദുരിതമനുഭവിക്കാൻവേണ്ടിമാത്രം അമ്മിണി അവശേഷിക്കുന്നു. അവളുടെ ഹൃദയം തകർന്നു. മല്ലികയോടുള്ള അവളുടെ പ്രതികാരബുദ്ധി, ക്രമേണ അവളോടുള്ള സ്നേഹമായും പിന്നീട്ട് അനുകമ്പയായും പരിണമിക്കുന്നതു് ശ്രദ്ധേയമാണ്. ആദ്യരംഗങ്ങളിൽ ഒരു കുമാരിയുടെ ചപലതയും, പിന്നീട്ട് ഒരു മുഗ്ദ്ധയുടെ ദുർബലതയും, അനന്തരം ഒരു പ്രൌഢയുടെ ധൈര്യവും അവസാനം അനുഭവസമ്പന്നയായ ഒരു സ്ത്രീയുടെ സമീപനരീതിയുമാണ് നാം അമ്മിണിയിൽ കാണുന്നതു്. ആദ്യം വായനക്കാരന് അവളോടു തോന്നുന്ന സങ്കടം അനുകമ്പയായും, പിന്നീട്ട് ബഹുമാനമായും ക്രമേണ രൂപാന്തരപ്പെടുന്നു. മനഃശാസ്ത്രരീതിയനുസരിച്ച് ഒരു സ്ത്രീയുടെ മനോഗതിയുടെ എല്ലാ വശവും ഇത്ര വിദഗ്ദ്ധമായിട്ട് അപഗ്രഥിച്ച് സോദാഹരണം അവതരിപ്പിക്കുന്ന മറ്റ വല്ല നോവലും മലയാളഭാഷയിൽ ഉണ്ടോ എന്തോ?

കളിത്തോഴിയിലെ കഥാനായകനാണ് രവീന്ദ്രൻ. യാതൊന്നും സ്വയം തീരുമാനിക്കാൻ കഴിവില്ലാതെ സംശയത്തിന്റെയും പ്രതികൂല പരിതഃസ്ഥിതിയുടെയും ചുഴിയിൽപ്പെട്ടു നട്ടം തിരിയുന്ന വിജ്ഞനായ ഒരജ്ഞൻ. വായനക്കാരന്റെ അനുകമ്പയും അവഹേളനവും ഇത്രമാത്രം ഒരേസമയത്തു് ആർജ്ജിക്കാൻ കഴിയുന്ന കഥാപാത്രങ്ങൾ വിശ്വസാഹിത്യത്തിൽത്തന്നെ വിരളമാണ്. ഈ ലോകത്തിൽ എന്തു തെറ്റുവേണമെങ്കിലും അയാൾക്കു ചെയ്യാം. അതിനെ ആരും ചോദ്യംചെയ്യാൻ പാടില്ല. അന്യർ അറിഞ്ഞോ അറിയാതെയോ ഒരു തെറ്റു ചെയ്യുന്നതു് സഹിക്കാൻ അയാൾക്കു കഴിവില്ല. അയാളുടെ അധഃപതനത്തിന്റെ മുഖ്യ ഹേതുവും അതുതന്നെ.

"പരിഷ്ക്കാരിയായ മനുഷ്യനെ ചുരണ്ടിനോക്കിയാൽ കിരാതനെ കാണാം" എന്ന ചൊല്ല് രവീന്ദ്രനെ സംബന്ധിച്ച് തികച്ചും ശരിയാണ്. അയാളുടെ ഹൃദയാന്തർഭാഗത്തു് പതുങ്ങിക്കിടക്കുന്ന മൃഗം ഒന്നു രണ്ടു തവണ വെളിയിൽ ചാടുന്നു. അതു കാട്ടിക്കൂട്ടുന്ന വിക്രമം അവർണ്ണനീയമാണ്. തന്റെ മനസ്സാക്ഷിക്കു വിപരീതമായിട്ടുള്ള ചെയ്തികളുടെ തിക്തകഫലങ്ങളാണ് രവീന്ദ്രൻ ജീവിതത്തിലുടനീളം അനുഭവിക്കുന്നതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കപടവും കളങ്കവും അറിഞ്ഞുകൂടാത്ത ഒരു നിഷ്ക്കളങ്കചിത്തനായിട്ടാണ് നാം രവീന്ദ്രകുമാരനെ ആദ്യം കാണുന്നത്. പക്ഷേ ക്രമേണ അയാളുടെ നിർമ്മലഹൃദയത്തിൽ സംശയത്തിന്റേയും നിരാശയുടേയും കാളിമ കടന്നുകൂടുന്നു. മൃഗീയമായ കാമവികാരത്തിന് അടിമയായിത്തീരുന്ന ആ യുവാവ് ഒടുവിൽ നഷ്ടപ്പെട്ട ഏതോ ഒന്നിന്റെ ലബ്ധിക്കുവേണ്ടി പലതും ചെയ്തുപോകുന്നു. മരണക്കിടക്കയിൽവച്ച് തന്റെ തെററുകൾ ഓരോന്നോരോന്നായി അയാൾ മനസ്സിലാക്കുന്നു. എന്നാൽ, ക്രമേണ മനുഷ്യത്വത്തിന്റെ കിരണകന്ദളങ്ങൾ അയാളിൽ പ്രത്യക്ഷപ്പെടാതിരിക്കുന്നില്ല. പക്ഷേ, അതു മുഴുവനാകുംമുമ്പേ അയാൾ കാലയവനികയ്ക്കുള്ളിൽ മറയുന്നു. എത്ര അനുതാപാർഹമായ ജീവിതം. ഡാക്ടർ സാമുവൽ ജാൺസൺ, ഗോൾഡ്സ്മിത്ത് മരിച്ചെന്നറിഞ്ഞപ്പോൾ പറഞ്ഞ വാചകമാണ് രവീന്ദ്രനെക്കുറിച്ച് നമുക്കും പറയാനുള്ളത്. "Let not his frailties be remembered; He was a great man."

"ജീവിതത്തിൽ അപഭ്രംശംവന്നിട്ടുള്ള ഒരു യുവതിക്ക് ഹൃദയപൂർവ്വം മാപ്പുകൊടുക്കുവാനും അവളെ ധർമ്മപത്നിയായി സ്വീകരിക്കുവാനും ഒരു പുരുഷനു സാധിക്കുമോ"? സാധിക്കും. പക്ഷേ അയാളുടെ ദാമ്പത്യജീവിതം തികഞ്ഞ ഒരു പരാജയമായിരിക്കും എന്നുള്ളതിന് ഒരുത്തമദൃഷ്ടാന്തമാണ് ഡാക്ടർ സുകുമാരമേനവന്റെ അനുഭവം. തോമസ്സ് ഹാർഡിയുടെ "ടെസ്സും", T. N. ഗോപിനാഥൻനായരുടെ "സുധ"യും ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന രണ്ടു നല്ല കൃതികളാണ്.

അമ്മിണിയിൽ ഡാക്ടർക്കു ജനിക്കുന്ന പ്രഥമസന്താനം രവീന്ദ്രന്റെ തനിപ്പകർപ്പ്! ഡാക്ടർ അമ്പരന്നുപോയി. ഇതെങ്ങനെ സംഭവിച്ചു? ഈ വിചാരം ഡാക്ടരുടെ ആധിക്കും വ്യാധിക്കും വളം വയ്ക്കുന്നു. ഒടുവിൽ തന്റെ രക്തത്തിൽ ജനിച്ച കുഞ്ഞിന്റെ പിതൃത്വത്തെപ്പററി സംശയംതോന്നിയ ഡാക്ടർ അമ്മിണിയോടു നേരിട്ടുതന്നെ ചോദിച്ച് അറിയാൻ ധൈര്യപ്പെടുന്നു. പാവം! ആ സാധ്വി അനുഭവിക്കുന്ന ഹൃദയവ്യഥ! ഏതൊരു കഠിനഹൃദയനേയും അലിയിപ്പിക്കുന്നതാണ് പ്രസ്തുത രംഗം. ആ മഹിളാരത്നം തകരുന്ന ഹൃദയത്തോടെ സ്വന്തം നിരപരാധിത്വം വെളിപ്പെടുത്തുവാൻ പല പ്രകാരത്തിൽ യത്നിക്കുന്നു. ഡാക്ടർക്കു വിശ്വാസമായോ എന്തോ? ആർക്കറിയാം. ഒടുവിൽ മനസ്സമാധാനമില്ലാതെ ഡാക്ടർ മരിക്കുന്നു—അല്ല, ആത്മഹത്യചെയ്യുന്നു. പ്രസ്തുത രംഗം ഹൃദയാവർജ്ജകമായ രീതിയിലാണ് മഹാകവി വർണ്ണിക്കുന്നത്. കരുണരസത്തിന്റെ കരകവിഞ്ഞൊഴുകലാണ് ഈ രംഗത്തിൽ നാം കാണുന്നത്. "ഏകോരസഃ കരുണ ഏവ" എന്ന ഭവഭൂതിവാക്യം ഈ രംഗത്തെക്കുറിച്ച് തികച്ചും ശരിയാണ്.

മല്ലിക! അമ്മിണിയുടെ നേർ എതിർപ്പകർപ്പ്, മരണത്തിന്റെ കരാളവക്ത്രത്തിൽക്കിടന്ന് തന്റെ ഭർത്താവ് പിടയ്ക്കുമ്പോഴും തന്റെ ഭർത്തൃകാമുകിയോട് ഏതു രീതിയിൽ പകരംവീട്ടാം? അതാണവളുടെ ചിന്ത! ചങ്ങമ്പുഴയുടെ ക്രോധാഗ്നിക്കും നിശിതവിമർശനത്തിനും പാത്രമായതു് ഈ വർഗ്ഗത്തിൽപ്പെട്ട സ്ത്രീകളായിരിക്കാം. ഒടുവിൽ അമ്മിണിയുടെ വ്യക്തിപ്രഭാവത്തിനു മുമ്പിൽ മല്ലികയുടെ പ്രതീകാരമനോഭാവവും വക്രതയും ഗതപ്രാണങ്ങളാകുന്നു. എങ്കിലും ഹൃദയാന്തർഭാഗത്ത് എവിടെയോ ഒളിഞ്ഞുകിടന്നിരുന്ന പ്രതീകാരകാളസർപ്പം അവസാന രംഗത്തിൽ അമ്മിണിയുടെ അപരാധലേശമേലാത്ത പിഞ്ചു കുഞ്ഞിന്റെ നേരേ ഫണമുയർത്തുന്നു. പക്ഷേ, ഉത്തരക്ഷണത്തിൽ അവളിലെ മാതൃത്വം ഉണർന്ന് ആ കാളസർപ്പത്തിന്റെ ഫണം ഞെരിച്ചു ദൂരത്തെറിയുന്നു.

കഥാപാത്രങ്ങളുടെ അവതരണരീതിയിലും മാനസികാപഗ്രഥനത്തിലും കവി കാണിച്ചിരിക്കുന്ന പ്രാഗല്ഭ്യവും സമീപനരീതിയും ശ്രദ്ധേ



TABLE TENNIS TEAM (1957—'58)

(WINNERS INTERCOLLEGIATE TABLE-TENNIS TOURNAMENT)



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY




BASKET BALL TEAM (1957—'58)



VOLLEY BALL TEAM (1957—'58)

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പാപരേഖ

*(Javahara Kurup* [Old Student])

ആയിരം ശതാബ്ദങ്ങൾ–
ക്കപ്പുറം; അന്നാദ്യമാ–
"ഏദ"നിൽ പിശാചിന്റെ
മാത്സരശക്തികൾക്കുള്ളിൽ,
ജീവിതയജ്ഞത്തിന്റെ
സ്മാരകക്കരുന്നുകൾ
പാകിയ നിഷേധത്തിൻ
കല്മഷബിന്ദുക്കളെ
നീതികൾ നിർമ്മിക്കുന്ന
രുധിരക്കൊതിയരാം
മാനവസമൂഹത്താൽ
മാറവുവാൻ കഴിയുമോ....?
ബുദ്ധനാൽ, ജഗദീശ–
പുത്രനാൽ, മക്കായിലെ
സിദ്ധനാൽ മഹാത്മാവാം
ഗാന്ധിയാലുലകത്തെ
ശുദ്ധമാക്കുവാനെത്ര
യുഗങ്ങൾ ശ്രമിച്ചിട്ടും
ബദ്ധപങ്കിലമായി
ക്കാണ്മൂ, ഞാൻ പ്രപഞ്ചത്തെ.
മാനവൻ നെയ്തിട്ടതാം
പാപത്തിൻ കരരേഖ
നൂനമിജ്ജന്മാന്തര
ത്തുകിലിൽത്തിളങ്ങുന്നു.
കശ്മീരി,ങ്ങവുണ്ണത
നൃത്തമാടീടും ലോക–
സൃഷ്ടികൾ വിഷാദത്തിൻ
വീർപ്പുമായിഴയുന്നു.

---

യം മാത്രമല്ല പാനാർഹവും അനുകരണീയവുമത്രേ. ഓരോ രംഗം കഴിയുമ്പോഴും രസം അതിന്റെ പരകോടിയിലെത്തുന്നു. അതിന്ന് യാതൊരു വാട്ടവും കോട്ടവും തട്ടാതെയാണ് അടുത്ത രംഗത്തിന്റെ ഘടനയും അവതരണ രീതിയും. അസ്വാഭാവികത ലേശവും തീണ്ടിയിട്ടില്ലെന്നുള്ളതാണ് ഈ നോവലിന്റെ പ്രത്യേകത. രസഹീനങ്ങളായ വർണ്ണനകളോ ഗിരിപ്രസംഗങ്ങളോ ഇതിൽ കണികാണാൻകൂടിയില്ല. എല്ലാ വർണ്ണനകളും ഉചിതങ്ങളും ഉന്മേഷജനകങ്ങളുമത്രെ.

സംശയമാണ് മാനവസുഖത്തിന്റെ നാരായവേരിനെ തകർക്കുന്നതെന്നും, അതിൽനിന്നു, വിമുക്തനായെങ്കിൽമാത്രമേ വ്യക്തിക്കും, കുടുംബത്തിനും സുഖം ലഭിക്കുകയുള്ളുവെന്നും മഹാകവി ഭംഗ്യന്തരേണ ഈ നോവലിൽക്കൂടി ചൂണ്ടിക്കാണിക്കുന്നു.

ചങ്ങമ്പുഴയുടെ ആത്മാംശം വളരെയേറെക്കലർന്നിട്ടുള്ള ഒന്നാണ് പ്രസ്തുത കൃതി. കവിഹൃദയത്തിൽനിന്നു നിർഗ്ഗളിക്കുന്ന സാഹിത്യസൃഷ്ടികൾ മാത്രമേ വായനക്കാരന്റെ ഹൃദയത്തെ സ്പർശിക്കാൻ സാധിക്കുകയുള്ളുവെന്ന വസ്തുതയ്ക്ക് ഈ കാവ്യം ഉദാഹരണമാണ്. ചുരുക്കത്തിൽ ചങ്ങമ്പുഴയുടെ ആത്മസംഗീതമാണ് കളിത്തോഴി എന്നുതന്നെ പറയാം. സാഹിത്യസൃഷ്ടികൾ "ഗോഗോൾ" പറഞ്ഞതുപോലെ "ആത്മാവിൽ നിന്നും ഉയിരെടുക്കണം, ആത്മാവിൽ നിന്നും ആത്മാവിലേയ്ക്കു പകരണം, ചുരുക്കംപറഞ്ഞാൽ ആത്മാവിന്റെ സംഗീതമായിരിക്കണം സാഹിത്യം." ഈ അഭിപ്രായം രൂപംപൂണ്ടതാണ് ചങ്ങമ്പുഴയുടെ കളിത്തോഴി. സഹൃദയർ അതു സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം.

# മുസ്‌ലീം ഭരണകാലത്തെ വിദ്യാഭ്യാസം

(*G. Vaidyanatha Aiyar*)

പുരാതന ഭാരതം സംസ്കാരസമ്പന്നമായിരുന്നു എന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. ദീർഘകാലത്തെ ഗവേഷണത്തിന്റെ ഫലമായിട്ടാണു് അവർ ഈ അഭിപ്രായത്തിൽ എത്തിച്ചേന്നിട്ടുള്ളതു്. വൈദികകാലത്തെപ്പററി മാത്രമല്ല, അശോകചക്രവത്തിയുടെ ഭരണാരംഭംമുതൽ വിക്രമാദിത്യചക്രവത്തിയുടെ ഭരണാവസാനംവരെയുള്ള കാലത്തെപ്പററിയും അവർ അന്വേഷണം നടത്തി അഭിപ്രായം രൂപംകൊണ്ടിട്ടുണ്ടു്. ജ്ഞാനസമ്പാദനത്തിനു് സർവ്വോന്നതമായ ഒരു സ്ഥാനം അന്നു് ഭാരതത്തിൽ എവിടെയും നിലനിന്നിരുന്നു. മാത്രമല്ല, അതിന്റെ സവ്വതോമുഖമായ അഭിവൃദ്ധിയ്ക്കുവേണ്ടി സകലരും സർവ്വാത്മനാ പ്രയത്നിക്കുകയും ചെയ്തിരുന്നു. തൽഫലമായി സകലശാസ്ത്രപാരംഗതന്മാരായ പല മഹാന്മാരുടെ ജന്മഭൂമി എന്ന പ്രശസ്തിയും ഭാരതത്തിനു സിദ്ധിച്ചു. അങ്ങനെ ചീനം, പാരസീകം, ഈജിപ്തു്, ഗ്രീസ് തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നു് വിദ്വാന്മാരായ പലരും ഭാരതത്തിലെ സാരസ്വതക്ഷേത്രങ്ങൾ സന്ദർശിക്കുവാനും അവിടത്തെ വിജ്ഞാന നിർഝരിയിലെ പ്രവാഹത്തിൽ സ്നാനം ചെയ്തു് നിർവൃതരാകുവാനും മററുമായി ഇവിടെ എത്തുക പതിവായിരുന്നു. ശരീരക്ലേശങ്ങൾക്കാകട്ടെ ധനനഷ്ടത്തിനാകട്ടെ അവരെ അത്തരം ഉദ്യമങ്ങളിൽനിന്നു് പിൻതിരിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. അത്രയ്ക്കു മഹത്തരവും ആകർഷകവുമായിരുന്നു ഭാരതത്തിലെ അന്നത്തെ ജ്ഞാനപ്രവാഹം. ഭാരതത്തിന്റെ സുവർണ്ണകാലംതന്നെയായിരുന്നു അതു്.

കാലാന്തരത്തിൽ ഭാരതീയരുടെ ഇടയിൽ അന്തഃച്ഛിദ്രം പൊട്ടിപ്പുറപ്പെടുവാനും ഒന്നുചേർന്നുകിടന്നിരുന്ന ഭാരതം അനേകം രാജ്യങ്ങളായി വിഭജിക്കപ്പെടുവാനും സംഗതിയായി. അതോടുകൂടി നിരർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്ന വിജ്ഞാന നിർഝരിയിലെ പ്രവാഹത്തിനും ശോഷണം ക്രമേണ സംഭവിച്ചു തുടങ്ങി. മുസ്ലീം ഭരണം ആരംഭിക്കുന്നതുവരെ ഈ ദയനീയനിലയ്ക്കു് മാററമുണ്ടായില്ല. ആക്രമണമായിരുന്നു ഭാരതത്തിൽ പ്രവേശിച്ച മിക്ക മുസ്ലീങ്ങളുടേയും മുഖ്യലക്ഷ്യമെന്നിരുന്നാലും കാലക്രമത്തിൽ ഭാരതീയ സംസ്കാരത്തെ ഉദ്ധരിച്ചു് സ്വന്തം രീതിയനുസരിച്ചു് അഭിവൃദ്ധിപ്പെടുത്തുവാൻ അവരിൽ ചിലർ സർവ്വാത്മനാ യത്നിക്കുകയാണു ചെയ്തിട്ടുള്ളതു്.

ഗസ്നിയിലെ മുഹമ്മദ് എന്ന അന്നത്തെ പ്രഖ്യാതചക്രവത്തി കലകളുടേയും വിദ്യാഭ്യാസത്തിന്റേയും പരിപോഷണത്തിൽ പ്രത്യേകം തത്പരനായിരുന്നു. അദ്ദേഹം 'ഗസ്നിയിൽ' അതിമനോഹരമായ ഒരു 'മോസ്ക്' പണിയിക്കുകയും പ്രതിവർഷം നാലു ലക്ഷം 'ദിനാർ' കവികൾക്കു പാരിതോഷികം നൽകുവാൻ നീക്കിവെയ്ക്കുകയും ചെയ്തിരുന്നു. അതിനും പുറമേ മൂന്നു നല്ല കവികളുടെ താമസം സദാ അദ്ദേഹത്തോടൊന്നിച്ചും അദ്ദേഹത്തിന്റെ കൈച്ചെലവിലുമായിരുന്നു. അന്നു് ചക്രവത്തിസദസ്സിനെ അലങ്കരിച്ചിരുന്ന രത്നങ്ങളായിരുന്നു പാരസീകമഹാകവിയായ 'ഫർദ്ദൂസി'യും നാനാശാസ്ത്രപ്രവീണരായ മററനേകം മഹാന്മാരും. ചക്രവത്തിയുടെ ജ്ഞാനതൃഷ്ണയ്ക്കും അദ്ദേഹത്തിന്റെ സദസ്യരുടെ പാണ്ഡിത്യപ്രകർഷത്തിനും നിരാക്ഷേപ തെളിവുകളാണു് ചക്രവത്തിയുടെ ജീവചരിത്രവും 'ഷഹനാമാ' എന്ന വിശിഷ്ടകൃതിയും.

അക്കാലത്തു് ഭാരതത്തിലും അടിമത്തം നിലനിന്നിരുന്നതായി കാണാവുന്നതാണു്. എ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ന്നാൽ അതു് പാശ്ചാത്യരാജ്യങ്ങളിലേതുപോലെ നിന്ദ്യമായ രീതിയിലായിരുന്നില്ല. യജമാനന്മാർക്കുള്ള അവകാശങ്ങൾ അന്നു് ഭാരതത്തിലെ അടിമകളും അനുഭവിച്ചിരുന്നു. അടിമകൾക്കു് ചക്രവർത്തിപദംവരെ ഉയരുവാനും യജമാനന്മാരുടെ പുത്രിമാരെ വിവാഹം ചെയ്യുവാനും തടസ്സമുണ്ടായായിരുന്നില്ല. അതിനു് മുസ്ലീം ചരിത്രത്തിൽ ധാരാളം ദൃഷ്ടാന്തങ്ങളുമുണ്ടു്. അപ്രകാരം ഉയർന്നുവന്ന ഒരു പ്രഖ്യാത ഭരണാധികാരിയാണു് മുഹമ്മദ് ഗോറി. പ്രഭുക്കന്മാർ മാത്രമായിരുന്നില്ല അന്നു് കാര്യശേഷിയുള്ളവരും വിദ്വാന്മാരും. അടിമകളിലും അത്തരക്കാർ ധാരാളമുണ്ടായിരുന്നു. അവരിൽ ചിലർക്കു് കാര്യക്ഷമമായ രീതിയിൽ രാജ്യം ഭരിക്കുവാനും കഴിവുണ്ടായിരുന്നതായി കാണാം. ഒരു നല്ല വിദ്യാഭ്യാസാന്തരീക്ഷത്തിൽ ഉത്തമമായ ശിക്ഷണബോധത്തോടെ ജ്ഞാനസമ്പാദനത്തിനു് അവർക്കു ലഭിച്ച സൗകര്യമാണു് അതിനു കാരണം.

അല്പകാലത്തേയ്ക്കുമാത്രമേ ഗോറി വംശക്കാർക്കു ഭാരതം ഭരിക്കുവാൻ ഭാഗ്യമുണ്ടായുള്ളു. അടിമവംശക്കാരാണു് അവരെ പിൻതുടർന്നതു്. അവരിൽ 'ബാൽബൻ' വിദ്യാതത്പരനായിരുന്നു. വിജ്ഞാനശാഖകളിൽപ്പെട്ട അനേകം പുസ്തകങ്ങളോടുകൂടിയ ഒരു മഹാ ഗ്രന്ഥശാല അദ്ദേഹം സ്ഥാപിച്ചു. വിദ്വാന്മാരുടെ ആകർഷണകേന്ദ്രമായിത്തീർന്നു അന്നു് അദ്ദേഹത്തിന്റെ രാജധാനി. പേർസ്യനിലും അറബിക്കിലുമെന്നപോലെ ഭാരതീയഭാഷകളിൽ പലതിലും പാണ്ഡിത്യം നേടിയിരുന്ന അമീർ ഖുസ്രു അക്കൂട്ടത്തിൽ സ്മരണീയനാണു്. ബാൽബന്റെ അധികാരശക്തിക്കു് ദൃഢപ്രതിഷ്ഠ ലഭിക്കുന്നതിനുമുമ്പുതന്നെ സംഭവിച്ച രാഷ്ട്രീയ പരിവർത്തനം സകലതിനേയും താറുമാറാക്കി. പല വംശക്കാരും അതിനുശേഷം രാജ്യം ഭരിച്ചുവെങ്കിലും അവർക്കാർക്കും സ്ഥിരമായി അധികാരത്തിലിരിക്കുവാനോ രാജ്യത്തിന്റെ പുരോഗതിക്കായി എന്തെങ്കിലും പ്രവർത്തിക്കുവാനോ സാധിച്ചില്ല. അവരിൽ ജലാലുദീൻ കലാകാരന്മാരിൽ അനുകമ്പാരഹിതനായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ കാലത്തു് വിദ്യാഭ്യാസത്തിന്റെ നില ശോചനീയമായിത്തീർന്നു. അലാവുദീൻ കിൽജി ഡൽഹി ചക്രവർത്തിയായതോടുകൂടി സാഹിത്യത്തിനും, സാഹിത്യകാരന്മാർക്കും, വിദ്യാഭ്യാസത്തിനും വീണ്ടും നല്ലകാലം ആരംഭിച്ചു. കലകൾക്കും കരകൗശലങ്ങൾക്കും അദ്ദേഹം പുനരുജ്ജീവനം നല്കി. ജാതിമതഭേദം കൂടാതെ വിദ്വാന്മാരേയും കലാകാരന്മാരേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അന്നുതൊട്ടു് ഭാരതീയവും പാരസീകവുമായ കലകൾക്കു് സമ്പർക്കം സിദ്ധിക്കുകയും ഭാരതീയസംസ്കാരം ഒരു പുതിയ രൂപം കൈക്കൊണ്ടു് പ്രശോഭിക്കുവാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ ഭാരതീയ സംസ്കാരത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കു് മുസ്ലീം ഭരണകർത്താക്കളും പങ്കുകാരായിത്തീർന്നു.

പതിന്നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഫിറോസ് തുഗ്ലക്കിന്റെ പ്രോത്സാഹത്തിൽ ഭാരതത്തിലെ വിദ്യാഭ്യാസവും കലകളും വീണ്ടും പരിപുഷ്ടിയെ പ്രാപിക്കുവാനാരംഭിച്ചു. നീതിമാനായ ഒരു മുസ്ലീം ഭരണാധികാരിയായിരുന്നു 'ഫിറോസ്'. അദ്ദേഹത്തിന്റെ കാലത്തു് ഡൽഹി കലകളുടേയും വിദ്യാഭ്യാസത്തിന്റേയും കേളീരംഗമെന്ന നിലയിൽ പരിലസിക്കുകയുണ്ടായി. ഫിറോസ്ബാദ് എന്നൊരു പട്ടണം അദ്ദേഹം ഡൽഹിക്കു സമീപം സ്ഥാപിച്ചു; അടിമകളായ പതിനെണ്ണായിരം ബാലന്മാർക്കു് സംരക്ഷണം നല്കി. കരകൗശലങ്ങളിൽ ശിക്ഷണം കൊടുത്തു് അവരെക്കൊണ്ടു് 'കൊറാൻ' ചിത്രവടിവിൽ പകർത്തിച്ചു; മുപ്പതു മഹാവിദ്യാലയങ്ങൾ സ്ഥാപിച്ചു് അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു് അവശ്യം വേണ്ട വസ്തുവകകൾ വിട്ടുകൊടുത്തു; വിശാലവും മനോഹരവുമായ മൂന്നു പ്രസംഗവേദികൾ നിർമ്മിച്ചു് അവയിൽവെച്ചു പണ്ഡിതന്മാർ, പുരോഹിതന്മാർ ഗണിതശാസ്ത്രജ്ഞന്മാർ തുടങ്ങിയ പല മഹാന്മാ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

രെയും കൊണ്ടു് തുടർച്ചയായി മതം, ഭരണതന്ത്രം, വിദ്യാഭ്യാസം, കലകൾ ആദിയായ പ്രൗഢവിഷയങ്ങളെ പരാമർശിച്ചു് വാദപ്രതിവാദങ്ങൾ നടത്തിച്ചു. ഇങ്ങനെ രാജ്യരക്ഷയ്ക്കും ജനക്ഷേമത്തിനുംവേണ്ടി അദ്ദേഹം ചെയ്ത യത്നങ്ങൾ ഫലപ്രദങ്ങളായിരുന്നു.

ഫിറോസിന്റെ കാലശേഷമുള്ള നൂറുവർഷം പറയത്തക്ക പ്രാധാന്യമുള്ളതായിരുന്നില്ല വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും യാതൊരുവിധമായ പുരോഗതിയും ആ കാലഘട്ടത്തിൽ ഉണ്ടായതായിട്ടും അറിവില്ല. അങ്ങനെയിരിക്കവേയാണു് ഭാഗ്യവശാൽ മുഗൾ ഭാരതത്തിൽക്കടന്നു് ആധിപത്യം സ്ഥാപിച്ചതു്. അവരുടെ ഭരണകാലത്തു് കലകൾക്കും വിദ്യാഭ്യാസത്തിനും പൂർവ്വാധികം അഭിവൃദ്ധിയുണ്ടായതായും കൊത്തുപണി, ചിത്രവേല, സാഹിത്യം, തത്വശാസ്ത്രം, ഗണിതം, ജ്യോതിഷം, ഭരണതന്ത്രം തുടങ്ങിയ പലതും ഭരണാധിപരുടെ ഉദാരമായ സംഭാവനയാൽ പരിപുഷ്ടി പ്രാപിച്ചതായും കാണുന്നുണ്ടു്.

ആദ്യത്തെ മുഗൾചക്രവർത്തിയായ ബാബർ കുറച്ചുകാലമേ രാജ്യം ഭരിച്ചുള്ളൂ. പണ്ഡിതനും നിരൂപകനുമായിരുന്ന അദ്ദേഹത്തിനു് പേർസ്യൻ, അറബിക്, ടർക്കി എന്നീ ഭാഷാസാഹിത്യങ്ങളിൽ സുസമ്മതമായ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. തന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ വിഷയമാക്കി അദ്ദേഹം ഒരു ഗ്രന്ഥം രചിച്ചു പ്രസിദ്ധപ്പെടുത്തി. അതിലെ ഭാഷാരീതി അനന്തരകാലത്തെ സാഹിത്യകാരന്മാർക്കു് അനുകരണയോഗ്യമായ വിധത്തിലായിരുന്നു.

ബാബറുടെ പിൻഗാമിയായ ഹുമയൂൺ ഗണിതത്തിലും ഭൂമിശാസ്ത്രത്തിലും വിദഗ്ദ്ധനായിരുന്നു. അദ്ദേഹമാണു് ഭൂഗോളത്തിന്റെ മാതൃക (Globe) ആദ്യമായി നിർമ്മിച്ചു് ഉപയോഗിച്ചതു്. ആകർഷകങ്ങളായ ഏഴ് സ്വീകരണ മന്ദിരങ്ങൾ അദ്ദേഹം പണികഴിപ്പിച്ചതായും ഡൽഹിയിലെ 'പുരാണകില'യെ സ്വന്തം ഗ്രന്ഥശാലയായി ഉപയോഗിച്ചുവന്നതായും 'ഫരിഷ്താ' എന്ന പ്രസിദ്ധ ചരിത്രകാരൻ പ്രസ്താവിച്ചുകാണുന്നു. മഹാന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ വായിക്കുന്നതിലും പഠിക്കുന്നതിലും ഉത്സുകനായിരുന്ന ഹുമയൂണിനു് നാടൊട്ടുക്കു് വിദ്യാഭ്യാസം പ്രചരിപ്പിക്കണമെന്നുണ്ടായിരുന്ന അഭിലാഷം സാധിക്കുവാൻ ഭാഗ്യമുണ്ടായില്ല.

അച്ഛനെക്കാൾ വിദ്യാഭ്യാസ വിഷയത്തിൽ തത്പരനായിരുന്നു അക്ബർ. പ്രജകളുടെ ഉത്കർഷത്തെ ലക്ഷ്യമാക്കിക്കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ സകല പ്രവൃത്തികളും. ഭരണതന്ത്രജ്ഞനും വിദ്യാതത്പരനുമായിരുന്ന അദ്ദേഹത്തെപ്പോലെ സൂക്ഷ്മഗ്രഹണപാടവമുള്ളവർ അന്നു് അപൂർവ്വമായിരുന്നു. നാനാശാസ്ത്രപണ്ഡിതന്മാരുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ സന്തതസഹചാരിത്വം. വിജ്ഞാനനിക്ഷേപങ്ങളായ ഗ്രന്ഥങ്ങൾ വായിച്ചു കേൾക്കുന്നതിൽ അസാമാന്യൗത്സുക്യമാണു് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നതു്. അക്ബറുടെ ജീവചരിത്രഗ്രന്ഥം നിർമ്മിച്ച 'അബുൾഫാസൽ' ആ ഗ്രന്ഥത്തിൽ ഒരിടത്തു് "ചക്രവർത്തിയെ ഞാൻ വായിച്ചുകേൾപ്പിക്കാത്തതായി ശാസ്ത്രസംബന്ധിയും ചരിത്രപരവുമായ പുസ്തകം ഒന്നുംതന്നെയില്ല" എന്നു് രേഖപ്പെടുത്തിക്കാണുന്നുണ്ടു്.

അക്ബറുടെ നിർദ്ദേശപ്രകാരം മഹാഭാരതം അഥർവ്വവേദം, നളദമയന്തി തുടങ്ങിയ നിരവധി സംസ്കൃതഗ്രന്ഥങ്ങൾ പേർസ്യനിലേയ്ക്കു വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. 'ഫത്തിപ്പൂർ സിക്രി'യിൽ ചക്രവർത്തിയുടെ അഭിപ്രായമനുസരിച്ചു് നിർമ്മിക്കപ്പെട്ട 'ഇബാദത്ഖാനാ' എന്ന പ്രസംഗമന്ദിരം മഹാപണ്ഡിതന്മാരുടെ വാദപ്രതിവാദഘോഷത്താൽ സദാ മുഖരിതമായിരുന്നു. അന്നു് "മഹം അനംഗ" എന്ന സ്ത്രീ മാതൃകാപരമായ ഒരു വിദ്യാലയം ഡൽഹിയിൽ സ്ഥാപിച്ചു നടത്തിയിരുന്നതായി കാണുന്നുണ്ടു്. അത്രയ്ക്കു് ഉയർന്നതായിരുന്നു അന്നത്തെ വിദ്യാഭ്യാസ നിലവാരം. ചക്രവർത്തിയുടെ സംഗീതസദസ്സിനെ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

അലങ്കരിച്ചിരുന്നവർ വിഖ്യാത വിദഗ്ദ്ധരായിരുന്ന ഹരിദാസ്, രാമദാസ്, ടെൻസൺ, ടാൻറരംഗ്, വിലാസ്ഖാൻ എന്നിവരത്രേ. ഒരു നല്ല ഗ്രന്ഥശാല ചക്രവർത്തിയുടെ ഉപയോഗത്തിനു മാത്രമായി നിലവിലിരുന്നു എന്നു കാണുന്നുണ്ടു്. ഫൈസി മരിച്ചപ്പോൾ അദ്ദേഹത്തിന്റെ വക 4600 പുസ്തകങ്ങൾ ഈ ഗ്രന്ഥശാലയിലേയ്ക്കു് എടുക്കുകയുണ്ടായി. വിദ്യാഭ്യാസ വിഷയകമായ ഗവേഷണത്തിലും അക്ബർ വളരെ താത്പര്യം പ്രദർശിപ്പിച്ചിരുന്നു. മത തത്വങ്ങളും സാന്മാർഗ്ഗിക നിയമങ്ങളുമടങ്ങിയ ഗ്രന്ഥങ്ങൾ അദ്ധ്യാപകരുടെ സഹായത്തോടുകൂടി വിദ്യാർത്ഥികൾ പഠിക്കണമെന്നു് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. വിദ്യാഭ്യാസസൗകര്യം അന്നു് പ്രജകൾക്കു് തുല്യമായിട്ടാണു് ലഭിച്ചുവന്നതു്. ആ വിഷയത്തിൽ ജാതിമതവ്യത്യാസം ഗണിക്കപ്പെട്ടിരുന്നില്ല. മുസ്ലീങ്ങൾ പേർഷ്യൻ ഭാഷയിലൂടെയും, ഹിന്ദുക്കൾ സംസ്കൃതഭാഷയിലൂടെയും വിദ്യാഭ്യാസം ചെയ്തുവന്നു. ടോഡർമാളിന്റെ നിർദ്ദേശമനുസരിച്ചു് രാജ്യത്തിലെ സാമ്പത്തികമായ സകല കണക്കുകളും സൂക്ഷിക്കപ്പെട്ടിരുന്നതു് പേർഷ്യനിലായിരുന്നതിനാൽ ഹിന്ദുക്കളായ റവന്യൂ ഉദ്യോഗസ്ഥന്മാർ ആ ഭാഷയിലും പരിജ്ഞാനം നേടിയിരുന്നു. അക്ബറുടെ നീതിബോധത്തെപ്പററി ശരിക്കു ഗ്രഹിക്കണമെങ്കിൽ "ഐനി അക്ബറി" എന്ന ഗ്രന്ഥം നോക്കിയാൽ മതിയാകും.

മതം, ഗണിതം, രാജ്യമീമാംസ, ഊർജ്ജതന്ത്രം, തത്വശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങൾക്കായിരുന്നു അന്നു് വിദ്യാഭ്യാസത്തിൽ പ്രഥമഗണന. എങ്കിലും ന്യായം, വ്യാകരണം, വേദാന്തം എന്നിവയ്ക്കും പ്രത്യേക സ്ഥാനം ഇല്ലാതിരുന്നില്ല. ഈ വിഷയങ്ങളിലെല്ലാം അപാര പാണ്ഡിത്യമുള്ളവരായിരുന്നു അബുൾ ഫാസലും ഫൈസിയും. ഭാരതീയർ ഇന്നും ഈ വിദ്വാന്മാരെപ്പററി സാഭിമാനം സ്മരിച്ചുപോരുന്നുണ്ടു്. ചുരുക്കത്തിൽ അക്ബർചക്രവർത്തിയുടെ ഭരണകാലത്തെ ഭാരതീയ വിദ്യാഭ്യസത്തിന്റെ ശുക്രദശയായിട്ടാണു് ചരിത്രകാരന്മാർ ഗണിച്ചുപോരുന്നതു്.

ജഹാംഗീറും, ഷാജഹാനും സംഗീതം, ചിത്രമെഴുത്തു് എന്നീ കലകളുടെ പരിപോഷണത്തിലാണു് കൂടുതൽ ശ്രദ്ധപതിപ്പിച്ചതു്. ചക്രവർത്തിപദം ലഭിക്കാൻ ഭാഗ്യമുണ്ടായില്ലെങ്കിലും "ധാറാ" ഒരു തികഞ്ഞ തത്വചിന്തകനായിരുന്നതായി കാണുന്നുണ്ടു്. ഭഗവദ്ഗീതയും ഉപനിഷത്തുകളും തർജ്ജമ ചെയ്യുന്നതിലും ജനങ്ങളുടെ വിദ്യാഭ്യാസവിഷയത്തിലും അദ്ദേഹം സദാ പരിശ്രമിച്ചിരുന്നു. മുസ്ലീങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിലും ഇസ്ലാംസാഹിത്യത്തെ പരിപോഷിപ്പിക്കുന്നതിലുമായിരുന്നു അറംഗസീബ് ചക്രവർത്തിയുടെ താത്പര്യം. അതിലേയ്ക്കായി നിർബന്ധിത വിദ്യാഭ്യാസ നിയമംപോലും അദ്ദേഹം നടപ്പാക്കിയിരുന്നു.

അറംഗസീബിന്റെ കാലശേഷം സാമാന്യജനങ്ങളുടെയിടയിൽ വിദ്യാഭ്യാസവിഷയത്തിലുള്ള ശ്രദ്ധ ക്രമേണ കുറയുകയും ഗ്രാമീണരെ അതു് ബലമായി ബാധിക്കുകയും ചെയ്തു. ബാല്യവിവാഹവും പർദാ ഏർപ്പാടും നിലവിലിരുന്നതു നിമിത്തം സ്ത്രീവിദ്യാഭ്യാസത്തിനും അന്നു് പരിപുഷ്ടിയുണ്ടായില്ല. പക്ഷേ, മുഗൾ രാജകുമാരികൾ അധികംപേരും വിദുഷികളായിരുന്നു എന്നു് വിചാരിക്കുവാൻ തെളിവുകൾ ഉണ്ടു്. കാരണം, അന്നത്തെ രാജാക്കന്മാർ അവരുടെ സന്താനങ്ങളുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയും നിഷ്കർഷയുമായിരിക്കാം. നാഡർഷായുടെ ആക്രമണത്തോടുകൂടി ഭാരതീയ വിദ്യാഭ്യാസത്തിന്റെ ഏവംവിധമായ നിലയ്ക്കു് വലുതായ ഉലച്ചിൽ തട്ടിയതായിട്ടു കാണുന്നുണ്ടു്. ഏതായാലും മുസ്ലീം ഭരണകാലത്തെ വിദ്യാഭ്യാസത്തെപ്പററിയുള്ള അന്വേഷണം ചരിത്രകാരന്മാർക്കും, പ്രാചീന ഭാരതീയരായ ഏവർക്കും രസാവഹവും പ്രയോജനകരവുമായിരിക്കുമെന്നുള്ളതു് നിശ്ചയമാണു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# അന്തിത്തിരി

*(M. Ramachandran III B. Com.)*

"പുള്ളിക്കുടത്തി വെല്ലടിയ്ക്കും, ഞാൻ പോവാ." അപ്പുക്കുട്ടൻ മീനയോടു വിളിച്ചു പറഞ്ഞു.

അവൾ തിരിഞ്ഞു നോക്കിയതുപോലുമില്ല. എന്തിന്റെയോ പുറകേ ഓടുകയാണ്.

"മീനേ, നീ വരുന്നുണ്ടോ?" അവൻ വീണ്ടും വിളിച്ചു ചോദിച്ചു.

"വരുന്നു."

"പിന്നെന്താ."

"എനിയ്ക്കീ പക്കിയേ പിടിക്കണം."

അപ്പുക്കുട്ടൻ അടുത്തുചെന്നു നോക്കി. ഒരു ചിത്രശലഭം. അതിന്റെ പുറകെയാണ് അവൾ ഇതുവരെയും ഓടിയതു്.

"ഇങ്ങു പിടിക്കു അപ്പുക്കുട്ടാ ഇതിനെ."

"എന്തൊന്നിനാ."

"എനിക്കു വേണം."

വേണമെങ്കി നീതന്നെ പിടിച്ചോളൂ."

"അതു തോട്ടിനക്കരെയല്ലിയോ. അപ്പൂട്ടനിങ്ങു പിടിച്ചുതാ."

"നിനക്കങ്ങോട്ടിറങ്ങിക്കൂടെ?"

എന്റെയുടുപ്പെല്ലാം നനേം."

"എങ്കി പിടിയ്ക്കുണ്ടാ".

ഹാ! എന്തു സൌന്ദര്യം അതിന്! അപ്പുക്കുട്ടൻ അതിനെ സൂക്ഷിച്ചു നോക്കി. നല്ല ചുമപ്പുനിറം. അതിൽ നീലപ്പുള്ളികൾ. അവൻ അതിനെയും മീനയേയും മാറി മാറി നോക്കി. 'എന്തു സൌന്ദര്യമാണിവറ്റയ്ക്കെല്ലാം.' അവന് അസൂയ തോന്നി. അവളാ ശലഭത്തിൽനിന്ന് കണ്ണു പറിയ്ക്കാതെ നോക്കിക്കൊണ്ടു നിൽക്കുകയാണ്. ഇടയ്ക്കു് അപ്പൂട്ടാ എന്നു് ദീനമായി വിളിക്കുന്നുമുണ്ടു്.

അതാ, അവൾ മിണ്ടാതെ നില്ക്കുകയാണ്. അവൾ പിണങ്ങിയായിരിക്കും. അവൻ ഷട്ടൂരി സഞ്ചിയുടെ പുറത്തു വെച്ചിട്ട് പതുക്കെ തോട്ടിലേക്കിറങ്ങി. അവളുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി മൊട്ടിടുന്നതു് അവൻ കണ്ടു. പെട്ടെന്ന് അവൻ കാൽ വഴുതി ഒരു കുഴിയിലേയ്ക്കു് താഴ്ന്നുപോയി. അരയറ്റം വെള്ളത്തിൽ. അവൾ കരഞ്ഞു "വേണ്ടാ അപ്പൂട്ടാ, എനിയ്ക്കു പക്കിയേ വേണ്ടാ, ഇങ്ങു കേറി പോരെ." അവൾ അവന്റെ കൈക്കു പിടിച്ചു കരയിലേയ്ക്കു വലിച്ചു.

അപ്പുക്കുട്ടൻ പക്കിയെ പിടിച്ചു. അവൻ ചെന്നപ്പോൾ അതിരുന്നുകൊടുത്തതുപോലെ അവൾക്കു തോന്നി. അവൾ അതിനെ അവന്റെ കയ്യിൽനിന്നു വാങ്ങി.

"നിനക്കെന്തിനാ മീനേ ഇതിനെ?"

"എനിക്കു കാണാൻ. പിന്നെ.... എനിക്കു കല്ലെടുപ്പിയ്ക്കാൻ."

"കല്ലെടുപ്പിയ്ക്കാനോ?"

"ഉം.... എന്താ?"

"എന്നാലതിനെ അങ്ങു വിട്ടേരെ. കല്ലെടുപ്പിക്കുന്നതു ദോഷമാ."

"എന്തവാ അപ്പൂട്ടാ ദോഷം."

"നിനക്കെടുക്കാൻവയ്യാത്ത ഒരു കല്ല് നിന്നെക്കൊണ്ടെടുപ്പിച്ചാ നീ എടുക്കുമോ?"

"അപ്പം പക്കിയെക്കൊണ്ടു് കല്ലെടുപ്പിക്കുന്നതു ദോഷമാണോ?"

"ഉം"

"അയ്യോ, അപ്പൂട്ടന്റെ മേലെല്ലാം നനഞ്ഞല്ലോ." അവൾ അപ്പോഴാണ് അവനെ സൂക്ഷിച്ചു നോക്കിയതു്. അവളുടെ നീലപ്പുള്ളികളുള്ള ഫ്രോക്കിന്റെ തുമ്പുകൊണ്ടു് വെള്ളമെല്ലാം തുടച്ചുകൊടുത്തു.

"ഞാനിതിനെ കൊല്ലും, അപ്പൂട്ടന്റെ മേലെല്ലാം നനച്ചതിന്." പറഞ്ഞുതീരുന്നതിനുമുൻപ്

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

അവൾ അതിനെ ഞെരിച്ചു താഴെയിട്ടു. അതു് ചിറകടിച്ചു ചത്തു. അപ്പുക്കുട്ടന്റെ കണ്ണുകളിൽ നീർത്തുള്ളികൾ പൊടിച്ചു. അവളോടൊന്നും പറയാതെ പുസ്തകവുമെടുത്തു് അവൻ നടന്നു. അവൾക്കറിയാം അപ്പുക്കുട്ടനവളോടു പിണങ്ങിയാണെന്നു്. കുറച്ചുസമയത്തെ നിശ്ശബ്ദതയ്ക്കുശേഷം മീന അപ്പുക്കുട്ടനോടു ചോദിച്ചു. "അപ്പൂട്ടനെന്നോടു പിണങ്ങിയാണോ?" അവൻ മിണ്ടിയില്ല. "പറ അപ്പൂട്ടാ." അവൾ കേണപേക്ഷിച്ചു. എന്നിട്ടും അവൻ മിണ്ടുന്നില്ല. അവളുടെയപ്പൂട്ടൻ ഇതുവരെ അവളോടു് ഇത്രയധികം പിണങ്ങിയിട്ടില്ല. അവൾ പൊട്ടിക്കരഞ്ഞുപോയി. അവൾ കരയുന്നതു കണ്ടുകൊണ്ടു നില്ക്കാനുള്ള കഴിവവനില്ല.

"ഞാൻ പെണങ്ങിയാ." അവൻ പറഞ്ഞു.

"എന്തോന്നിനാ"

"നീ എന്തിനാ ആ പക്കിയേ കൊന്നെ."

"പക്കിയേ കൊന്നാലെന്താ അപ്പൂട്ടാ."

"ദോഷമാ. അതിന്റെ വീട്ടിലുള്ളോരെല്ലാം ഇരുന്നു കരേം."

"ഇനീം ഞാൻ കൊല്ലത്തില്ല.

അവർ തമ്മിലുള്ള പിണക്കം അങ്ങനെ തീർന്നു. അപ്പുക്കുട്ടനും മീനയും അയൽപക്കത്തുകാരാണു്. ഒരു ക്ലാസ്സിലാണു പഠിക്കുന്നതും. രണ്ടാംക്ലാസ്സുവരെ ഒരു ബെഞ്ചിൽ അടുത്തടുത്തായിരുന്നു അവർ ഇരുന്നതു്. പക്ഷേ മൂന്നാംക്ലാസ്സിൽ കയറിയപ്പോഴേക്കും പെൺകുട്ടികളും ആൺകുട്ടികളും ഒരു ബെഞ്ചിൽ ഇരിയ്ക്കേണ്ടായെന്നു് ഏലിയാമ്മ സാറു പറഞ്ഞു. അങ്ങനെ അവർ രണ്ടു ബെഞ്ചുകളിലേക്കു മാറ്റപ്പെട്ടു. എന്നാലും അവർ അടുത്തടുത്താണിപ്പോഴും ഇരിയ്ക്കുന്നതു്.

മൂന്നാംക്ലാസ്സും പിന്നിട്ടു. ഇപ്പോൾ അവർ നാലാംക്ലാസ്സിലാണു്. മീനയ്ക്കു് ഒന്നുമറിഞ്ഞുകൂടാ. ക്ലാസ്സിൽ അദ്ധ്യാപകൻ മീനയോടെന്തെങ്കിലും ചോദിച്ചാൽ അതു പറഞ്ഞുകൊടുക്കുന്നതു്, അപ്പുറത്തെ ബെഞ്ചിന്റെ ഇങ്ങേ അറ്റത്തിരിക്കുന്ന അപ്പുക്കുട്ടനാണു്. ആ കള്ളത്തരം സാധാരണമായി അദ്ധ്യാപകരാരും കണ്ടുപിടിയ്ക്കാറില്ല.

അപ്പുക്കുട്ടനും മീനയും സ്കൂളിലേയ്ക്കു കയറിച്ചെന്നു. പ്രാർത്ഥനയ്ക്കുള്ള ബെല്ലടിച്ചുകഴിഞ്ഞു. അച്ചുതൻപിള്ളസാർ ക്ലാസ്സിലുണ്ടു്. അവർ വാതിൽക്കൽ നിന്നുകൊണ്ടു് 'സാർ', 'സാർ' എന്നു് ഒന്നുരണ്ടു വിളിച്ചു. പക്ഷേ സാറിന്റെ ജോലിത്തിരക്കുമൂലം അതൊന്നും കേട്ടില്ല.

"ഓ.... ഈ സാറിനു ചെവീം കേക്കത്തില്ലിയോ?" മീനയാണു് തട്ടിമൂളിച്ചതു്.

അച്ചുതൻപിള്ളസാറിന്റെ മേശപ്പുറത്തു് നീണ്ട ഒരരിച്ചൂരൽ ഇരിപ്പുണ്ടു്. മൂക്കറ്റത്തിറക്കിവെച്ചിരുന്ന വെള്ളെഴുത്തുകണ്ണാടയിലൂടെ നോക്കിക്കൊണ്ടു് അദ്ദേഹം ഹാജർ വിളിച്ചു. "മറിയാമ്മാ ഏസ്സു്. പ്രസന്റ്." അങ്ങനെ പലരും പ്രസന്റു പറഞ്ഞു. "മീനാകുമാരി കെ." സാറിനു കേൾക്കത്തക്കവിധത്തിൽ ക്ലാസ്സിനു വെളിയിൽനിന്നുകൊണ്ടുതന്നെ അവൾ വിളിച്ചു പറഞ്ഞു. "പ്രസന്റ്." അപ്പോഴാണു് അദ്ധ്യാപകൻ തല പൊക്കി കണ്ണാടിയുടെ മുകളിലൂടെ വെളിയിലേയ്ക്കു നോക്കിയതു്.

"ഗെറ്റിൻ. നിങ്ങളെന്താണിത്ര താമസിച്ചതു്?"

"സാർ, പാഠമെഴുതുകയായിരുന്നെ." മീനയാണു പറഞ്ഞതു്. അദ്ധ്യാപകൻ ഹാജർവെച്ചുകഴിഞ്ഞു് കണക്കു പഠിപ്പിയ്ക്കാൻ തുടങ്ങി.

അവിചാരിതമായി അദ്ധ്യാപകൻ ഗുണനപ്പട്ടിക ചോദിച്ചു. "മീന എഴുന്നേൽക്കു. പതിനാറെട്ടു് എത്രയാണു്?" ആ സാറു് എപ്പോഴും അവളോടാണു് ചോദ്യം ചോദിക്കുക. അതിനു് അദ്ധ്യാപകനെ അവൾ ശപിക്കുകയും പതിവാണു്. മീന എഴുന്നേറ്റു നിൽക്കുകയാണു്. "ഉം.... എളുപ്പം." ചൂരൽ ചൂണ്ടിക്കൊണ്ടു് അദ്ധ്യാപകൻ പറഞ്ഞു. അപ്പുക്കുട്ടൻ പതുക്കെ പറഞ്ഞുകൊടുത്തു. "നൂറ്റിരുപത്തെട്ടു്." അവൻ പറഞ്ഞു തീരുന്നതിനുമുൻപു് അവളും പറഞ്ഞുതീർന്നു. "ആരാടാ അവിടിരുന്നുകൊണ്ടു് പറഞ്ഞുകൊടു

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ത്തു്?'' അദ്ധ്യാപകൻ അതു കേട്ടു. ആരും മിണ്ടിയില്ല.

"ആരാടീ നിനക്കു പറഞ്ഞുതന്നതു്?" മീനയോടായി അദ്ധ്യാപകൻ ചോദിച്ചു.

"എനിയ്ക്കാരും പറഞ്ഞുതന്നില്ല, സാർ."

"ലളിത സ്റ്റാൻഡു് അപ്പു്. ആരാണു പറഞ്ഞുകൊടുത്തതു്?'' അടുത്തിരുന്ന ലളിതയോടാണു് ചോദിച്ചതു്.

അവൾ എഴുന്നേററു. "ഞാനല്ല സാർ.... ദാ ഈ കുട്ടിയാണെ." അവൾ അപ്പുക്കുട്ടനെ ചൂണ്ടിക്കാണിച്ചുകൊടുത്തു. മീന നടുങ്ങിപ്പോയി.

"അപ്പുക്കുട്ടൻ സ്റ്റാൻഡു് അപ്പു്. ഇവിടെയിറങ്ങിവരണം.'' അവൻ എഴുന്നേററു് സാറിൻെറ അടുത്തേക്കു ചെന്നു.

"എടാ, നീ എന്തിനാ പറഞ്ഞുകൊടുത്തതു്? അവളു നിൻെറയാരാ?"

"ഞാൻ പറഞ്ഞുകൊടുത്തതല്ല സാർ."

"ആങ്ഹാ! പിന്നെന്തുചെയ്യേതെടാ." അദ്ധ്യാപകൻ അവനെ അടിയ്ക്കാൻ നിക്കറിൽ പിടിച്ചു. "എങ്ങനാടാ നിൻെറ നിക്കർ നനഞ്ഞതു്?'' ചൂരൽ അവൻെറ മുഖത്തിനു നേരെ ചൂണ്ടിക്കൊണ്ടാണദ്ദേഹം ചോദിച്ചതു്.

"ഇല്ലെ തോട്ടിൽ ഉരുണ്ടുവീണതാണു സാർ." അവൻ വളരെ ഭയന്നാണു പറഞ്ഞതു്.

"എന്നിട്ടു് ഷർട്ടു നനഞ്ഞില്ലല്ലോടാ, കള്ളോം പറഞ്ഞുതുടങ്ങിയോ?" അദ്ദേഹം അവൻെറ തുടയ്ക്കു് ചെറിയ ഒരടികൊടുത്തു. "ഉം.... പോയിരി."

അവൻ കരഞ്ഞില്ല. സാർ അവരുടെയടുത്തുനിന്നു പോയപ്പോൾ മീന പതുക്കെ ചോദിച്ചു. "നൊന്തോ അപ്പൂട്ടാ."

"ഇല്ല".

"വെളിക്കു വിടട്ടെടീ; നിന്നെ ഞാൻ കാണിച്ചുതരാം. "മീന" ലളിതയ്ക്കൊരു താക്കീതുകൊടുത്തു.

"ആൾ സ്റ്റാൻഡു് അപ്പ്".... ....ഫേസ് ററു ഫേസ്....എല്ലാവരും മുഖത്തോടുമുഖം തിരിഞ്ഞു നിൽക്കണം....നൂററിയെഴുപത്തഞ്ചു് ഗുണം പതിനാലു്....ചെയ്തിട്ടു് ഇരിയ്ക്കണം".

അപ്പുക്കുട്ടൻ വേഗം ചെയ്തു് മീനക്കു കാണിച്ചുകൊടുത്തു. അങ്ങനെ അവളും ചെയ്തിട്ടു് ഇരുന്നു.

ക്ലാസ്സു് വിട്ടു് കുട്ടികൾ കൂട്ടംകൂട്ടമായി പോവുകയാണു്. അപ്പുക്കുട്ടൻെറ ക്ലാസ്സിൽ പഠിക്കുന്ന വാസുദേവൻ അപ്പുക്കുട്ടനെ ഒന്നു കളിയാക്കാൻ പ്ലാനിട്ടു. അവൻ അപ്പുക്കുട്ടനെ 'മീനേ' എന്നു വിളിച്ചു.

"ഉം.... ഇടി വാങ്ങിക്കും.... പറഞ്ഞേക്കാം. 'അപ്പുക്കുട്ടൻ മുന്നറിയിപ്പു കൊടുത്തു. വാസുദേവൻ കൂട്ടാക്കിയില്ല. പിന്നെയും വിളിച്ചു. "മീനേ". അവരെല്ലാവരുംകൂടി ഒരു കൂക്കുവിളിയും. അപ്പുക്കുട്ടനു സഹിച്ചില്ല. അവൻ പതുക്കെ വാസുദേവൻെറടുത്തു ചെന്നു.

"ക്ലീം...." അവൻ സ്ലേററിൻെറ പിടികൊണ്ടു് വാസുദേവൻെറ മൊട്ടത്തലയ്ക്കൊരിടി കൊടുത്തു. "ഇനിയും മേലാൽ മിണ്ടിയേക്കരുതു". കൂടെ ഒരു മുന്നറിയിപ്പും. മുൻപു് വാസുദേവൻെറ പക്ഷത്തുനിന്നു് കൂവിവിളിച്ചവരെല്ലാം കൂടി ഒരു കൂക്കുവിളിയും. വാസുദേവൻ തലയിൽ തപ്പിനോക്കി. മത്തങ്ങയോളം മുഴച്ചിട്ടുണ്ടു്. പിന്നീടു് വാസുദേവൻ അപ്പുക്കുട്ടനോടു കളിച്ചിട്ടില്ല.

അപ്പുക്കുട്ടനും മീനയും. അവർ പഠിക്കുകയാണു്. വളരുകയാണു്. ഒരു കുലയിലെ രണ്ടു മൊട്ടുകൾ. അവർ അങ്ങനെ വളരും. ഒരു സുപ്രഭാതത്തിൽ വികസിയ്ക്കും. സുഗന്ധം പരത്തും. മന്ദമാരുതൻ അവരെ തഴുകും. തേനീച്ചകൾ മൂളിപ്പാട്ടും പാടി പറന്നെത്തും. അങ്ങനെ ഒരു പകൽ. ഒരുപക്ഷേ ഒന്നോ രണ്ടോ നിശാശലഭങ്ങൾകൂടി അവരുടെ സൗരഭ്യം ആസ്വദിച്ചു എന്നു വന്നേക്കാം. പിന്നെയെല്ലാം കഴിഞ്ഞു. അതു വാടും. കൊഴിഞ്ഞു മണ്ണിനോടു ചേരും. അങ്ങനെ ഒരു തലമുറ തീരും!

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

അവർ വളരുകയാണു്. മുററത്തുനിന്ന പൊന്നിലഞ്ഞി മൊട്ടിട്ടു. വിരിഞ്ഞു. തേനീച്ചകൾ എല്ലാററിലും കയറിയിറങ്ങി. ചിലതൊക്കെ തേനീച്ചകളോടുള്ള അമർഷമെന്നോണം അടന്നു നിലംപതിച്ചു. അതു നോക്കിക്കൊണ്ടു നിന്നിരുന്ന അപ്പുക്കുട്ടന്റെ ഹൃദയത്തിലൂടെയെന്തൊക്കെയോ വിചാരങ്ങൾ കടന്നുപോയി. അവൻ കുറേ പൂക്കൾ പെറുക്കിയെടുത്തു. അതുകൊണ്ടൊരു മാല കെട്ടി. അവനതു സൂക്ഷിച്ചുവെച്ചു. മീന സ്കൂളിൽ പോകാൻ അതിലേ വരും. അപ്പോൾ ഒരു ചെറിയ സമ്മാനം, അത്രമാത്രം. ചില ദിവസങ്ങളിൽ മീനയും അവിടെ വന്നിരുന്നു് മാല കെട്ടാറുണ്ടു്. എങ്കിലും, അപ്പുക്കുട്ടന്റെ മാലയാണവൾക്കിഷ്ടം.

വസന്തമാണു്. നല്ല നിലാവുള്ള രാത്രി. അപ്പുക്കുട്ടൻ ആരും കാണാതെ മുററത്തിറങ്ങി. തെക്കേപുറത്തുള്ള കയ്യാലയരുകിൽ നിൽക്കുന്ന അഞ്ഞിലിപ്ലാവിൽ രാക്കുയിൽ കൂവുന്നു. അതു് വസന്തത്തെ വിളിച്ചറിയിക്കുകയാണു്. അപ്പുക്കുട്ടനും എററുകൂവിപ്പോയി. കുയിൽ വേഗതകൂട്ടി. അവനും. പക്ഷേ കുയിൽ പെട്ടെന്നു നിറുത്തിക്കളഞ്ഞു. എങ്കിലും അതിനപ്പുറത്തു് ആരോ അതിലും മധുരമുള്ള സ്വരത്തിൽ കൂവുന്നു. അവനും ഏററമുട്ടി. മീനയാണെന്നു് അവനറിയാം.

"അപ്പുക്കുട്ടോ"! അമ്മ വിളിച്ചു. അവൻ ശ്വാസം വിടാതെ അകത്തുകയറി; പുസ്തകം വായനയും തുടങ്ങി.

"എന്തിനാ അമ്മേ വല്ലതും പഠിച്ചു ചൊല്ലിക്കൊണ്ടിരിക്കുമ്പം വിളിക്കുന്നെ" അവൻ അമ്മയോടു ദേഷ്യപ്പെട്ടു.

"വന്നു ചോറുണ്ടിട്ടു പോടാ". അവനാശ്വാസമായി.

* * * *

നാലാംക്ലാസ്സിൽനിന്നും അവർക്കു പ്രൊമോഷൻ കിട്ടി. ആ ദിവസം അവർക്കൊരോണം തന്നെയായിരുന്നു. അവർ ഓരോ ചോററുപാത്രം വാങ്ങി. ചോറുകൊണ്ടുപോയി സ്കൂളിൽവച്ചു് ഉണ്ണും. മീനയുടെ കുസൃതികൾ ഇനിയും മാറിയിട്ടില്ല. അവൾക്കപ്പുക്കുട്ടൻ കൊണ്ടുവരുന്ന ചോറുമതി ഉണ്ണാൻ..... അങ്ങനെ ജീവിതം എന്തെന്നു് അവരറിഞ്ഞില്ല.

എന്തെങ്കിലും വിശേഷദിവസങ്ങളിൽ ഒരു പൊതിയുമായായിരിക്കും മീന അപ്പുക്കുട്ടന്റെ മുന്നിൽ പ്രത്യക്ഷപ്പെടുക. അവൾ അപ്പുക്കുട്ടനു കൊടുക്കാതെ ഒന്നും കഴിക്കുകയില്ല. അങ്ങനെ കാലം അവരെയങ്ങു പിന്നിട്ടുപോയതവരറിഞ്ഞില്ല. ഇന്നവർ വളർന്നുപോയി. കാലം അവരിൽ ചില മിനുക്കുപണികൾ വരുത്തി. അവർക്കു മുമ്പത്തെപ്പോലെ കൈകോർത്തുപിടിച്ചു് നടന്നു പോകാനും സ്വൈരമായി ഒന്നു സംസാരിക്കാൻ തന്നെയും പ്രയാസമായി.

മീനക്കൊരു ബുദ്ധിതോന്നി. അവൾ അമ്മയുടെയടുത്തു പറഞ്ഞു അവൾക്കു് കണക്കൊന്നുമറിയില്ലെന്നു്. അപ്പുക്കുട്ടനാണു് ക്ലാസ്സിൽ എല്ലാ വിഷയത്തിനും ഫസ്റ്റു്. കണക്കിനാണെങ്കിൽ നൂറിൽ നൂറു മാർക്കു്. അവൾ അപ്പുക്കുട്ടന്റെ വീട്ടിൽ പോയിരുന്നു് കണക്കു പഠിക്കുന്നതിനുള്ള അനുവാദം ചോദിച്ചു, അമ്മയോടു്. പക്ഷേ അമ്മ സമ്മതിച്ചില്ല. കുറച്ചു കഴിഞ്ഞപ്പോൾ മീന പറഞ്ഞതൊരു ബുദ്ധിയാണെന്നവർക്കുതോന്നി. അമ്മ പറഞ്ഞു, അവനുംകൂടെ ഇവിടെ വന്നിരുന്നു പഠിച്ചോളാൻ പറയാൻ.

ഹൃദയം നിറയെ സന്തോഷക്കുമ്പാരവുമായിട്ടാണു് മീന പിറേറദിവസം അപ്പുക്കുട്ടനെക്കണ്ടതു്. അമ്മ പറഞ്ഞ കാര്യവും ഒക്കെ അവൾ അവനോടു പറഞ്ഞു. അവനു സമ്മതമാണു്. പക്ഷേ അവന്റെയമ്മയും അച്ഛനും സമ്മതിക്കുമോ എന്നു് ഒരു സംശയം. അമ്മയേക്കൊണ്ടു സമ്മതിപ്പിക്കുന്ന ജോലി മീനതന്നെയേററു.

അന്നു നാലുമണിക്കു ബെല്ലടിച്ചതും ഒരോട്ടത്തിനു് മീന വീട്ടിൽവന്നതും ഒന്നിച്ചുകഴിഞ്ഞു. അവൾ നേരേ അപ്പുക്കുട്ടന്റെ വീട്ടിലേയ്ക്കോടി. അപ്പുക്കുട്ടന്റെയമ്മ അവിടെ നിൽക്കുന്നു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"മീനേം അപ്പൂം ഒരു ക്ലാസ്സിലല്ലിയോ?" അപ്പുക്കുട്ടന്റെയമ്മ കുശലപ്രശ്നമെന്നോണം ചോദിച്ചു.

"ആന്നമ്മേ."

"ഉം .... അപ്പുപഠേന്ന കേക്കാം."

അവൾ അഭിമാനപുളകിതയായി. കാരണം, അവളുടെയപ്പൂട്ടൻ അവളുടെ കാര്യം എല്ലാരോടും പറയും.

"എന്നിട്ടവനിങ്ങു വന്നില്ലല്ലോ."

"ഞാൻ ശകലം നേരത്തേ പോന്നതാണമ്മേ."

"ഉം.... മോളു പിന്നെന്നാ ഇങ്ങോട്ടൊക്കെ."

"അമ്മ പറഞ്ഞയച്ചു സമയമുള്ളപ്പോഴൊക്കെ അപ്പുക്കുട്ടൻ അവിടെ വന്നിരുന്നു പഠിയ്ക്കാൻ പറയണമെന്നു്. എനിക്കു് കണക്കൊന്നുമറിയാൻവയ്യാമ്മേ. അപ്പുക്കുട്ടനു നല്ലതുപോലറിയാം.'

"ഉം.... ഞാനവനോടു പറയട്ടെ." കുറച്ചു സമയം എന്തോ ആലോചിച്ചതിനുശേഷമാണവരതു പറഞ്ഞതു്.

"ഞാൻ പോവാന്നേ." അവൾ പോകാൻ ഭാവിച്ചു.

"മോളു പോവാന്നോ? മോക്കിപ്പഴെന്തവാ വല്ലതുമൊന്നു തരുന്നതു്?"

"എനിയ്ക്കൊന്നും വേണ്ടായെ."

"അവിടെ നില്ലു്. പോകല്ലേ."

അങ്ങനെ അപ്പുക്കുട്ടന്റെ അമ്മയുടെയടുത്തുനിന്നു് തേങ്ങയും പഞ്ചസാരയും വാങ്ങിത്തിന്നു കൊണ്ടാണു് അവൾ തിരിച്ചു പോന്നതു്. അന്നു മുതൽ അപ്പുക്കുട്ടൻ മീനയുടെ വീട്ടിലിരുന്നാണു പഠിക്കുക. രണ്ടുപേരുംകൂടി ഒരിടത്തിരുന്നു് മീന മോഷ്ടിച്ച പലഹാരങ്ങൾ തീററിയും, ലോക കാര്യങ്ങൾ പറച്ചിലും. അപ്പോൾ അമ്മയതിലേക്കുടെങ്ങാനും വന്നാൽ ചർച്ചാവിഷയം പൊടുന്നനവേ മാറും. 'എ'യും 'ബി'യും കൂടി കച്ചവടം നടത്തിയതും വിററവിലയും ലാഭവും നഷ്ടവും ഒക്കെയാകും

അമ്മ പോയപ്പോൾ മീന പതുക്കെപ്പറഞ്ഞു.

"ഇപ്പോൾ എനിയ്ക്കാണു ലാഭം."

"ഉം .... എന്താ"

"എനിയ്ക്കപ്പൂട്ടനെ കണക്കുപഠിയ്ക്കാൻ കിട്ടിയതു്." അപ്പുക്കുട്ടനു ചിരിവന്നു.

അവർ ഓരോ ക്ലാസ്സും ജയിച്ചതോടൊപ്പം കാലവും തിരിഞ്ഞുകൊണ്ടേയിരുന്നു. ആ വനാന്തരത്തിലെ കാട്ടുവൃക്ഷം പല പ്രാവശ്യം കൊഴിഞ്ഞു മന്ദിരുന്നു. മുററത്തു് ഓണപ്പക്ഷികൾ പിഞ്ചു ചിറകുകൾവെച്ചു് നൃത്തംവെച്ചു. ഇതൊന്നും അവരറിഞ്ഞില്ല.

ഒരു ദിവസം സ്കൂൾ വിട്ടു. മീന അപ്പുക്കുട്ടനെക്കണ്ടില്ല. അവൾ വളരെനേരം അവനേ നോക്കി നോക്കി കാത്തിരുന്നു. പക്ഷേ കണ്ടില്ല. അവൾ വീണ്ടും കാത്തിരുന്നു. ഇല്ല; അവൻ വന്നില്ല. അവൾക്കടനെ അപ്പുക്കുട്ടനെക്കാണണം. അവൾ അവന്റെ വീട്ടിലേയ്ക്കോടി.

ചെന്നപാടെ അവൾ അമ്മയോടു ചോദിച്ചു, അപ്പുക്കുട്ടനെന്തിയേ എന്നു്.

"ദാ.... ആ മുറിയിലുണ്ടു മോളേ" അവൾ ആ മുറിയിലേക്കോടിക്കയറി. ആരോ മൂടിപ്പുതച്ചു കിടക്കുന്നു. അവൾ പെട്ടെന്നു നിന്നുപോയി. അതപ്പൂട്ടൻതന്നെയാണോ?

"അപ്പൂട്ടാ" അവൾ വിളിച്ചു.

"ഉം ...."

"അപ്പൂട്ടനെന്താ."

'ഒന്നുമില്ല. ഒരു ചെറിയ പനി. നാളത്തേയ്ക്കു മാറുമെന്നു വൈദ്യൻ പറഞ്ഞു."

"എങ്കിലും അപ്പൂട്ടനിത്ര സ്നേഹമില്ലാതായിപ്പോയല്ലോ." അവൾ കരഞ്ഞുപോയി.

"എന്താ മീനേ" അവൻ പുതപ്പെടുത്തുകളഞ്ഞിട്ടെഴുന്നേൽക്കാൻ ഭാവിച്ചു." പക്ഷേ അവൾ അവനെ പിടിച്ചു് വീണ്ടും കിടത്തി.

"എന്താണെന്നോടു പറയാതിരുന്നതു്?"

"പറയാൻ ഒന്നുമില്ലാതിരുന്നതുകൊണ്ടു്."

"അതൊന്നുമല്ല. ഇയ്യിടെ പാവങ്ങളെയാരേം അറിയില്ല. വലിയ ആളായിപ്പോയി.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

"അതെ മീനേ, നാം വളർന്നുപോയി." ഒരു നിശ്ശബ്ദതയ്ക്കുശേഷമാണവനതു പറഞ്ഞതു്. അവളറിയാതെ അവളുടെ ശരീരത്തിലേക്കു നോക്കിപ്പോയി. അന്നിട്ടിരുന്ന ആ പുള്ളിയുള്ള ഫ്രോക്കിനു പകരം ഇന്നു പുള്ളിയുള്ള സാരിയും ചോളിയും. പിന്നെയെന്തെല്ലാം മാറ്റങ്ങൾ. അവൾക്കാകെ കരയണമെന്നു തോന്നി. അവൾ അപ്പുട്ടന്റെ ശരീരത്തിലേക്ക വീണുപോയി. അവൾ ഹൃദയംനൊന്തു കരഞ്ഞു. "അപ്പുട്ടനിപ്പോളെന്നോടിതു പറയണമെന്നില്ലായിരുന്നു.... ശരിയാണപ്പുട്ടാ നാം വളർന്നുപോയി.... .... അതാണ് അപ്പുട്ടൻ ഇയ്യിടെ വീട്ടിൽ വരാൻ മടിക്കുന്നതു്.... .... അല്ലേ."

"അതെ മീനേ."

"ആ കഴിഞ്ഞ കാലം മതിയായിരുന്നു അപ്പുട്ടാ ... പക്ഷേ അതെന്നെന്നേക്കുമായി പൊയ്ക്കഴിഞ്ഞു .... ....ഹാ .... .... ഇല്ല .... എനിക്കു മറക്കാൻ കഴികയില്ല. .... .... വരു .... .... എഴുന്നേല്ക്കു .... .... എനിക്കൊരു ചിത്രശലഭത്തെ പിടിച്ചുതരു.... ....ഞാനതിനേക്കൊണ്ടു് കല്ലെടുപ്പിയ്ക്കയില്ലപ്പുട്ടാ.... ...."

വീണ്ടും ഒരു നിശ്ശബ്ദത! അവൾ പെട്ടെന്നെഴുന്നേററു. "അയ്യോ അപ്പുട്ടനു പനിയുണ്ടല്ലോ!"

"ഇല്ല മീനേ, എനിക്കൊരു സുഖവുമില്ല." അവനും കരയുകയാണു്.

ആരോ വാതില്ക്കൽ വന്നതുപോലെ മീനയ്ക്കു തോന്നി.

"ആരായിരുന്നു അപ്പുട്ടാ അതു്."

"അമ്മയായിരുന്നു."

"എന്തു ! അമ്മയോ?"

"ഇല്ല മീനേ, ഒന്നുമില്ല അമ്മ പാവമാണു."

"അയ്യോ, അമ്മ എന്നെ അന്വേഷിക്കുമായിരിക്കും." അവൾ പോവാൻ ഭാവിച്ചു.

"ഞാൻ കൂടി വരാം. നേരമിരുട്ടിയില്ലേ."

"വേണ്ടാ, പനികൂടും."

"പിന്നെയും മീന മറന്നു, വളർന്നുപോയ കാര്യം, ഇല്ലേ"

"എന്നോടു് അല്പമെങ്കിലും ദയ കാണിക്കൂ അപ്പുക്കുട്ടാ." അതൊരപേക്ഷയായിരുന്നു.

"ഇല്ല മീനേ ഇനി ഞാനൊന്നും പറയില്ല."

അവർ നടന്നു. മീനയുടെ വീടിന്റെ തെക്കുപുറത്തെത്തി. "ഇനി മീന പൊയ്ക്കൊള്ളൂ."

"അപ്പുക്കുട്ടൻ അങ്ങോട്ടു വരുന്നില്ലേ?"

"ക്ഷമിക്കൂ മീനേ നാളെ വരാം"

ഒരു വിധത്തിൽ അവളേ പറഞ്ഞയച്ചിട്ടു് അപ്പുക്കുട്ടൻ തിരികെ പോന്നു. അവൻ വളരെ ചിന്തിച്ചു. ഇതെങ്ങനെ അവസാനിക്കും എന്നു് അവനു യാതൊരു രൂപവുമില്ല. അവളുടെയമ്മ അതിനു കൂട്ടു നില്ക്കുമെന്നും തോന്നുന്നില്ല. അവളുടെ സ്വഭാവം അവനു നല്ലവണ്ണമറിയാം. അവൾ പിന്മാറുന്ന കൂട്ടത്തിലുമല്ല.

അവന്റെ അമ്മ കുറച്ചു മുമ്പു് മുറിയിലേക്കു കയറിവന്ന കാര്യം അവനോർത്തു. അവന്റെ മനസ്സിൽ ഒരു വല്ലാത്ത ഭയം. അവൻ വീണ്ടും ചിന്തിച്ചു. സമുദ്രം പോലെ ചിന്തകൾ അവന്റെ മനസ്സിലേയ്ക്കു് ഇരച്ചുകയറി.

അന്നു രാത്രി മീനയ്ക്കുറക്കം വന്നതേയില്ല. അവൾ ആ രാത്രി മുഴുവൻ കരയുകയായിരുന്നു. പരീക്ഷ അടുത്ത കാര്യവും അവളോർത്തു. തോററാൽ എല്ലാം തീർന്നു. ഒരു വിധത്തിൽ നേരം വെളുത്തു. അപ്പുക്കുട്ടന്റെ അസുഖം കുറഞ്ഞതിൽ അവൾ സന്തോഷിച്ചു.

ഓരോ ദിവസവും കഴിയാൻ വലിയ താമസം. നാഴികമണിയുടെ മണിക്കൂർ സൂചിയുടെ വേഗതയോടെയാണു് ഓരോ നിമിഷങ്ങളും നീങ്ങിയതു്. പരീക്ഷ അടുത്തുകഴിഞ്ഞു.

മീനയുടെ അമ്മ പരീക്ഷയുടെ കാര്യത്തെപ്പററി അപ്പുക്കുട്ടനോടു ചോദിച്ചു. അവർ രണ്ടുപേരും ജയിക്കുമെന്നു തന്നെ അവൻ പറഞ്ഞു. എങ്കിലും എസ്സ്. എസ്സ്. എൽ. സി. പരീക്ഷയാണ്. അവനു് ഒരു ചെറിയ ഭയമില്ലാതില്ല. അവർക്കു രണ്ടുപേർക്കും വേണ്ടി വളരെ സ്ഥലങ്ങളിൽ വഴിപാടു് നേർന്നിട്ടുണ്ടെന്നു് അമ്മ പറഞ്ഞു.

അത്രയധികമായി അപ്പുക്കുട്ടൻ മീനയുടെ വീട്ടിൽ പോകാറില്ല. എങ്കിലും അവൾ എപ്പോഴും

അവന്റെ വീട്ടിലേക്കോടിവരും. ഒരു ദിവസം അപ്പുക്കുട്ടൻ മീനയുടെ വീട്ടിലേക്കു ചെന്നു. എപ്പോഴും അവിടെയൊക്കെ ഓടിച്ചാടി നടക്കുന്ന മീനയെ അന്നു വെളിയിലെങ്ങും കണ്ടില്ല." വല്ല അസുഖവുമായിരിക്കും." അവൻ വിചാരിച്ചു. "അമ്മേ മീനയിവിടില്ലേ?"

"ഉണ്ടു കുഞ്ഞേ.... .... ....എടീ മീനേ.... .... ...."

എന്തോ."

"ദേ നിന്നെ അപ്പുക്കുട്ടൻ വിളിക്കുന്നു."

അവൾ വെളിയിലേക്കു വന്നു; കണ്ണെഴുതി പൊട്ടും തൊട്ട്. അവന്റെ മീന ഇന്നു വളരെയധികം മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്നവളിൽ പ്രത്യേകിച്ചൊരു സൌന്ദര്യം! അവൻ ഒന്നു ചിരിയ്ക്കാൻ ശ്രമിച്ചതു് മീന കാണാതിരുന്നില്ല. അവർ മുറിയിലേക്കു പോയി.

'ഇന്നെന്താണു മീനേ, നിന്നെ വെളിയിലെങ്ങും കാണാതിരുന്നതു്."

"ഒന്നുമില്ല. ഞാൻ മുറിയിലുണ്ടായിരുന്നു."

"അതു മനസ്സിലായി. എങ്കിലും ഇന്നെന്തോ ഒരു പ്രത്യേകത. മീന ഒന്നുകൂടി സൌന്ദര്യവതിയായിരിക്കുന്നു. ഹാ! ആ പൊട്ടുമാത്രം മതിയല്ലൊ എന്റെ മീനക്കു സൌന്ദര്യത്തിനു്."

അവനവളെ സൂക്ഷിച്ചു നോക്കി. പതിവില്ലാതെ അവന്റെ വാക്കുകൾ അവളിൽ വിഷാദഛായ കലർത്തുന്നുണ്ടെന്നു്. 'മീനേ, എന്താണൊന്നും മിണ്ടാത്തതു്.... .... പറയൂ.... .... .... നീ മിണ്ടുകയില്ലേ.... .... .... എങ്കിൽ ഞാൻ പോകട്ടെ."

"ഒന്നുമില്ല. അവിടെയിരിക്കൂ അപ്പുക്കുട്ടാ."

"എന്നോടു് പറയരുതാത്തതെന്തെങ്കിലുമാണോ മീനേ."

"അല്ല."

"പിന്നെയെന്തു പറഞ്ഞുകൂടെ" അവനു ദേഷ്യം വന്നു. അവൾ കരയുകയാണു്. അവൾ കരയുന്നതു് അവൻ കണ്ടുകൊണ്ടിരുന്നിട്ടില്ല. അവൾ അസ്പഷ്ടമായി എന്തൊക്കെയോ പറഞ്ഞു." അപ്പുട്ടാ .... ....എന്റെ പ്രായം.... .... ....എന്റെ ശരീരം തന്നെ.... ....എന്നെ വിളിച്ചറിയിച്ചിരിക്കുന്നു."

അത്രയേയുള്ളോ? അതിനാണൊ ഈ കരയുന്നതെല്ലാം." അവനു ചിരി വന്നുപോയി. "നീ വീണ്ടും കരയുകയാണെങ്കിൽ ഞാൻ പോകുകയാണു്."

ഇല്ല. ഞാൻ കരയുന്നില്ല. അവിടെയിരിയ്ക്കുണെ. "അവൾ അപ്പുറത്തെയ്ക്കോടിപ്പോയി. ഒരു വെള്ളിത്തളിക നിറകെ പലഹാരങ്ങളുമായി അവൾ തിരിച്ചു വന്നു.

"നീ തിന്നുന്നില്ലെങ്കിൽ എനിക്കും വേണ്ടാ."

"തിന്നു തീരാറായപ്പോൾ ഇനിയും വേണ്ടായെന്നു പറഞ്ഞാലും ഒന്നുമില്ലല്ലോ. "അവൾ ചിരിയ്ക്കാൻ ശ്രമിച്ചു.

കാലത്തിന്റെ തിരിച്ചിലിൽ പലതും സംഭവിച്ചു. അപ്പുക്കുട്ടനു ഫസ്റ്റ് ക്ലാസ്സുകിട്ടി, റിസൾട്ടറിഞ്ഞപ്പോൾ. മീനയും ജയിച്ചു. രൂപായുടെ പ്രയാസംകൊണ്ടു് അപ്പുക്കുട്ടനു് കോളേജിൽ പോകുന്ന കാര്യം പ്രയാസത്തിലായി. പക്ഷേ അതറിഞ്ഞപ്പോൾ മീന പൊട്ടികരഞ്ഞുപോയി. രൂപായും അവൾ കൊടുക്കാമെന്നേൽക്കുന്നുണ്ടു്.

അവൻ ഒരു വിധത്തിൽ കോളേജിൽ ചേർന്നു. കലാലയജീവിതത്തിന്റെ മധുര സ്വപ്നങ്ങൾ അവനിലും പരമാർത്ഥങ്ങളായി. മീനക്കും കോളേജിൽ ചേരണം. അവൾ അമ്മയോടു വഴക്കടിച്ചു. പക്ഷേ ഒരു മകളെ ഉള്ളൂ ആ അമ്മയ്ക്കു്. അവരെങ്ങനെ സമ്മതിക്കും അവളെ പിരിഞ്ഞു ജീവിയ്ക്കാൻ. അപ്പുക്കുട്ടനും നിർബന്ധിച്ചതുകൊണ്ടാണു് ഒടുവിൽ അമ്മ അതിനു സമ്മതിച്ചതു്.

അവർ രണ്ടു പേരും ഒരിടത്തുതന്നെയാണു് ചേർന്നതു്. മീനക്കു വരുന്ന രൂപായിൽ ഭൂരിഭാഗവും അവൾ അപ്പുക്കുട്ടന്റെ ചിലവിലേക്കു മാററിവയ്ക്കും. അപ്പുക്കുട്ടൻ എപ്പോഴും ചിന്താധീനനാണു്. മീന പലപ്പോഴും ചോദിച്ചിട്ടുണ്ടു് അതിന്റെ കാരണം. പക്ഷേ അപ്പോഴെല്ലാം അവൻ ആ വിഷയത്തിൽ നിന്നു മാറാൻ ശ്രമിക്കുകയാണു് ചെയ്തിട്ടുള്ളതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ആ രണ്ടു വർഷം കടന്നുപോയതു് രണ്ടു ദിവസം പോലെയായിരുന്നു. മീനക്കു ദുഃഖമുണ്ടായി. പരീക്ഷക്കു് അവൾ നല്ലവണ്ണം എഴുതിയിട്ടുമില്ല. അവൾ തോററുപോകുമോ എന്നൊരു സംശയവുമുണ്ടു്. അവർ വീട്ടിലേക്കു് തിരിച്ചു. മീനയെല്ലാം എഴുതിയിട്ടുണ്ടോ യെന്നു് അപ്പുക്കുട്ടനോടാണമ്മ ചോദിച്ചതു്. മീനയെ ഇപ്പോൾ അമ്മക്കു വിശ്വാസം പോരാ. അവൾ കള്ളം പറഞ്ഞു തുടങ്ങിയെന്നു് അവക്കൊരു സംശയം.

റിസൾട്ടറിഞ്ഞു. മീന തോററുപോയി. അവൾക്കതിൽ ദുഃഖമില്ല. അവളുടെയപ്പുട്ടൻ ജയിച്ചല്ലോ. അനുമതിയവൾക്കു്. അപ്പുക്കുട്ടൻ വീണ്ടും കോളേജിൽ ചേരണം. മീന നിർബന്ധിച്ചു. അവൻെറ വീട്ടുകാർ വളരെ കഷ്ടത്തിലാണു്. എങ്കിലും അവൻറമ്മക്കും വിചാരമുണ്ടു് രണ്ടു ക്ലാസ്സുകൂടി പഠിച്ചാൽ കൊള്ളാമെന്നു്' മുഴവൻ രൂപയും മീനതന്നെ കൊടുക്കാമെന്നേററു.

അപ്പുക്കുട്ടൻ ട്രങ്കമൊക്കെയായി പോകാനൊരുങ്ങി. മീനയുടെ കണ്ണിൽ നിന്നും കണ്ണുനീർതുള്ളികൾ അടർന്നു. "അപ്പുക്കുട്ടാ, നല്ലതുപോലെ പഠിയ്ക്കണെ." അവൾക്കറിയാം അവൻ നല്ലതുപോലെ പഠിക്കുമെന്നു്. അവൾക്കൊന്നും പറയാനില്ലാത്തതുകൊണ്ടു് പറഞ്ഞതാണു്. "പിന്നെ എന്നും എഴുത്തയയ്ക്കണം."

അപ്പുക്കുട്ടൻ വളരെ കഷ്ടത്തിലായി. അവനു് ശരീരത്തിനു് യാതൊരു സുഖവുമില്ല. മീനയേ കാണാതെ ഒരു നിമിഷംപോലുമവനിരിയ്ക്കാൻ സാദ്ധ്യമല്ല. മീന രൂപാ അയച്ചു. പോസ്റ്റ്മാൻ മണിയാർഡർ ഫോറം അവൻെറ കയ്യിലേക്കു കൊടുത്തു. അവനു് ഒപ്പിടാൻ പോലും സാദ്ധ്യമല്ലാതെ നിന്നുപോയി.

അപ്പോഴത്തെ എഴുത്തിൽ വിശേഷിച്ചൊരുകാര്യം. ഓണത്തിനു ചെല്ലുമ്പോൾ ലീലയ്ക്കു് നല്ല ഒരു വെൽവെററു് ചോളിയും പാവാടയും കൊണ്ടുചെല്ലണമെന്നു്. അവൻ ഓർത്തു. അവൻ അതുവരെ ഫസ്റ്റ് ഫോറത്തിൽ പഠിക്കുന്ന തൻെറ കൊച്ചനുജത്തിക്കു് ഒന്നും വാങ്ങിക്കൊണ്ടുകൊടുത്തിട്ടില്ലെന്നു്.

ലീല ഒരു ദിവസം മീനച്ചേച്ചിയേ കാണാൻ പോയി. അപ്പുക്കുട്ടൻെറ എഴുത്തു് വന്നോ എന്നു മീന ചോദിച്ചു. "ആ ചേട്ടൻ എനിക്കു് ഒരു ബ്ളൌസുപോലും തയ്പിച്ചുതരാത്ത ചേട്ടനാ. ആ ചേട്ടൻെറ കാര്യമൊന്നും എന്നോടു ചോദിയ്ക്കണ്ടാ ചേച്ചീ."

"എന്താ ലീലേ, ചേട്ടൻ എത്ര സ്നേഹമുള്ളവനാ."

"ഉം…… …. എന്നാൽ ചേച്ചിയോടായിരിക്കും."

മീനയ്ക്കൊരടി കൊണ്ടതുപോലെ തോന്നി, ലീലയുടെ വാക്കുകൾ. അപ്പോൾ വിചാരിച്ചതാണു് ഇനിയും അപ്പുക്കുട്ടനെഴുത്തെഴുതുമ്പോൾ അതെഴുതണമെന്നു്. ലീലയ്ക്കു മീനയിൽ ചില സംശയങ്ങളൊക്കെ ഉണ്ടായി തുടങ്ങി. അവളുടെ ചേട്ടൻെറ കാര്യം ചോദിയ്ക്കാൻ അവൾ കൂടുതൽ ഔത്സുക്യം പ്രദർശിപ്പിക്കുന്നു.

"ചേച്ചി എന്താ ഇങ്ങനൊക്കെ ചോദിക്കുന്നേന്നെനിയ്ക്കറിയാം."

"അയ്യോ, ഒന്നുമില്ല ലീലേ."

"ഇല്ല. പക്ഷെ ഞാനാരോടും പറയത്തും ഒന്നും ഇല്ല."

അപ്പുക്കുട്ടൻ ഓണത്തിനു വന്നു. ലീലയ്ക്കു മാത്രമല്ലാ മീനയ്ക്കും തുണികൾ കൊണ്ടുവന്നു.

നിലത്തിൽ നെന്മണികൾ വിതച്ചു. പ്രാവുകളും പച്ചക്കിളികളും വന്നു് അതു കൊത്തിത്തിന്നു. നെല്ലോലകൾ വിരിഞ്ഞു. നെല്ലു പഴുത്തു. അതു കൊയ്തു കയറി. ഇതൊന്നും അപ്പുക്കുട്ടൻ അറിഞ്ഞതേയില്ല. അപ്പുക്കുട്ടൻെറ പഠിത്തം തീരാറായി. കോളേജടച്ചു. അവൻ വീട്ടിൽ വന്നു. ലീലക്കു് ചേട്ടനെ എന്തു കാര്യമാണെന്നോ ഇപ്പോൾ. അവൾ പറയും "ആ മീനചേച്ചി എപ്പോഴും കരച്ചിലാചേട്ടാ." അവൻ ചിരിക്കാൻ ശ്രമിച്ചെങ്കിലും അവൻെറ ഹൃദയം നീറുകയാണു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

അവൻ ജയിച്ചു എന്നറിഞ്ഞ ദിവസം അവന്റെ വീട്ടിലും മീനയുടെ വീട്ടിലും ഓണം തന്നെയായിരുന്നു. മീനയുടെ സന്തോഷത്തിനതിരില്ല. അവൾ അവന് പലതും സമ്മാനിച്ചു.

അവൻ വെളിയിലെവിടെയോ ജോലിയന്വേഷിച്ചു പോകുകയാണെന്നുള്ള വാർത്ത മീനയെ വല്ലാതെ സ്പർശിച്ചു. അവൾ ഹൃദയം നൊന്തു പറഞ്ഞു. അവളുടെയപ്പുക്കുട്ടൻ എങ്ങും പോകണ്ടായെന്ന്. അവന്റെ വീട്! അവനതിനു വഴങ്ങിയില്ല. അവൻ അവൾക്കുറപ്പു കൊടുത്തു അവൻ മരിക്കുകയാണെങ്കിലും മീനയുടെയടുത്തു വന്നിട്ടേയുള്ളു എന്ന്.

നാളെ വെളുപ്പിന് അവൻ തിരിക്കുകയാണ്. നല്ല നിലാവ്. മഞ്ഞുള്ള രാത്രി. ശോകസാന്ദ്രമായ ഒരു ഗാനം അവന്റെ ചെവികളിൽ മാറ്റൊലിക്കൊണ്ടു. അവൻ അങ്ങോട്ടു നടന്നു. അവൾ ആ കുളത്തിന്റെ തിട്ടയ്ക്ക് സ്വൈരമായി ഇരുന്നു കരയുകയാണ്. അപ്പുക്കുട്ടനെക്കണ്ടപ്പോൾ അവൾ വാ വിട്ടു നിലവിളിച്ചു. അവന്റെ വക്ഷസ്സിൽ തല ചായ്ച്ച് അവൾ മതിവരുവോളം കരഞ്ഞു. ആ രാത്രി അവൾക്കൊരിക്കലും മറക്കാൻ കഴിയില്ല. അവൾ എല്ലാം അവനോടു പറഞ്ഞു. ഇനി ഒരു പക്ഷേ കണ്ടു മുട്ടുമെന്നു തന്നെ ആർക്കറിയാം. അവരുടെ തലയ്ക്കു മുകളിൽ കൂടി ഒരു മൂങ്ങാ ചിലച്ചുകൊണ്ടു പോയി.

മീനയും ലീലയും കരഞ്ഞു. അവൻ നടന്ന് അവളുടെ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞതുവരെ കരഞ്ഞു.

അവൻ ട്രയിനിലാണ്. താളത്തിനൊപ്പിച്ചു നൃത്തംവെയ്ക്കുന്ന ഒരു നർത്തകിയേപ്പോലെ അതങ്ങു ചീറിപ്പായുകയാണ്. രാത്രിയായി. തണുത്ത കാററ് ജനാലകളിൽക്കൂടി അടിച്ചു കയറി. പെട്ടെന്നൊരു ഭയങ്കര ശബ്ദം. ട്രെയിൻ ഇരമ്പിപ്പായുന്ന നദിയിലേയ്ക്കു മറിഞ്ഞു.

പിറേറദിവസത്തെ പത്രം വായിച്ചിട്ട് അപ്പുക്കുട്ടന്റെ അച്ഛൻ ബോധരഹിതനായി വീണു. മീന എഴുന്നേറേറയില്ല. അവൾ അനുനിമിഷം മരിക്കുകയാണ്. അവളുടെയമ്മ അവളെ സമാധാനപ്പെടുത്തി. അവളുടെ വിവാഹത്തിനുള്ള വട്ടംകൂട്ടലാണ്. അല്ലെങ്കിൽ അവൾ മരിക്കും എന്നവർക്കറിയാം. പക്ഷേ അവൾ മിണ്ടുന്നപോലുമില്ല.

നാളുകൾ കുറെക്കഴിഞ്ഞു. 'മരിച്ചവർക്കുവേണ്ടി എന്തിനാണു മകളെ കാത്തിരിക്കുന്നത്' എന്നുള്ള അമ്മയുടെ പറച്ചിൽ ഇയ്യിടയായി അവളെ അമർഷം കൊള്ളിക്കാറില്ല.

ഒരു സുമുഹൂർത്തത്തിൽ അവളുടെ വിവാഹം നടന്നു. അവൾ കുറെശ്ശെ സുഖം പ്രാപിച്ചു. എങ്കിലും അപ്പുക്കുട്ടനെ ഓർത്തു കരയാത്ത ദിവസങ്ങളില്ല.

രാത്രിയാണ്. മീന മുറിയിൽ ഇരുന്ന് എന്തൊക്കെയോ ചിന്തിക്കുകയാണ്. ഭർത്താവും അടുത്തുണ്ട്. വെളിയിൽ ഒരു ശബ്ദം! "മീനേ" ദയനീയമായ ഒരു വിളി. അവൾ വിറച്ചുപോയി. ചിലപ്പോൾ അപ്പുക്കുട്ടൻ തിരിച്ചുവന്നതായിരിക്കും. അവൻ പറഞ്ഞിട്ടുണ്ട്, അവളുടെ അടുത്തു വരാതെ അവൻ മരിക്കുകയില്ലെന്ന്.

അവൾ വെളിയിൽ വന്നു നോക്കി. അവളുടെയപ്പുക്കുട്ടനെ അവൾ ആ ഇരുട്ടത്തും തിരിച്ചറിഞ്ഞു. ഒരു ഞരക്കം മാത്രമുണ്ടു. ഇനിയവൻ ജീവിക്കയില്ല!!" നീയെങ്കിലും.... .... ....സുഖമായി .... ....ജീവിക്കു.... ...." തീർന്നു! എല്ലാം തീർന്നു

"അപ്പുട്ടാ.... .... .... ഒരു ഭയങ്കര വിളിയോടെ അവളും നിലംപതിച്ചു! എല്ലാം അവസാനിച്ചു!

* * * * *

ശവകുടീരം അടുത്തടുത്ത്. രണ്ടു വെൺമാടങ്ങൾ. അതിൽ എന്തൊക്കെയോ എഴുതിയിട്ടുണ്ട്. അങ്ങു ദൂരെ കൂമൻ കൂവി. ഭയാനകമായ അന്തരീക്ഷം. ലീല ഒരന്തിത്തിരിയുമായി ആ വെൺമാടത്തിനു മുൻപിൽ മുട്ടുകുത്തിയിരിക്കുന്നു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഗായകാ നമസ്കാരം

*(M. Simon III B. Com.)*

നിത്യമാം സൗഹാർദ്ദത്തിൻ
സന്ദേശം വിളമ്പുവാൻ
ഉൾത്തളിരാവേശത്തിൻ
കോൾമയിർപ്പട്ടാൽ മൂടി
ഭാവനാ കപോലത്തിൻ
ഭാവഗാംഭീര്യം നോക്കി
ജീവിത ഗാനം പാടും
ഗായകാ നമസ്കാരം!
കാലത്തിൻ കരളിലെ
മാററങ്ങൾക്കൊപ്പം നീ നിൻ
ശീലുകൾ മാററിപ്പാടി
തത്വങ്ങൾ പുളുക്കയാൽ
പുത്തനാം സംസ്കാരത്തിൻ
മുന്തിരിച്ചാററാൽ ലോക-
ഏത്താകെ സൗഭാഗ്യത്തിൻ
സ്വപ്നത്തിൽ മയങ്ങിപ്പോയ്.
ദൂരെയായ് മനുഷ്യത്വ
മാലംബമില്ലാതിപ്പോൾ
നേരിന്റെ വെള്ളിക്കതിർ
കാണുവാൻ കൊതിക്കുന്നു.
എത്രയോ യുഗങ്ങളായ്
ലോകത്തിൻ പ്രശംസയ്ക്കു
പാത്രമായ് ലസിക്കുന്നു
സംസ്കാര ത്രയക്ഷരി
ആദർശമദിരയാൽ
ബോധരാഹിത്യം സ്വന്ത-
സോദരന്മാർക്കായേകി
താൽപര്യം വളർത്തുവാൻ
സാമൂഹ്യവിരുദ്ധന്മാർ
കാലാലംബമായ് വാർത്ത-
ച്ചൂഷണക്കരുക്കളായ്
ധാർമ്മികമൂല്യാകൃതികൾ
ഇന്നലെ മലനാട്ടിൻ
പട്ടിണിക്കാരെ നോക്കി
ഖിന്നനായ് കണ്ണീർ തൂകി
പ്പാടിയ കലാകാരാ
ഇന്നു നീ മറന്നെന്നോ
പാവങ്ങൾ പഞ്ഞക്കാരെ?
വന്നല്ലോ നിനക്കിന്നു
പൊന്നോണം പാടിക്കൊള്ളൂ.
പട്ടിണിക്കാരാ ചെററ-
ക്കൂരയിൽ മാനം കാത്തു
പട്ടിണിത്തീച്ചൂളയിൽ
പിടയും സഹോദരാ
നീയിതു കാണുന്നില്ലേ
നിന്നെ വഞ്ചിച്ചും നിന്റെ
ഗായകൻ, കലാകാരൻ
സംസ്കാര പ്രവാചകൻ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# ഡോക്ടർ ഗുണ്ടർട്ട്

*Rev. Fr. Daniel Ayyaneth*
*(Malayalam Lecturer.)*

"ഗുണ്ടർട്ട്" എന്ന പേരു കണ്ടിട്ടുള്ളവരും കേട്ടിട്ടുള്ളവരും ചുരുക്കമാണെന്നു തോന്നുന്നു. ഇതൊരു മലയാളിയുടെ പേരല്ലെന്നു മനസ്സിലാക്കാൻ മലയാളികൾക്കു പ്രയാസമില്ല. ഒരു സായിപ്പിന്റെ പേരുതന്നെ. എന്നാൽ ഈ പേരു വഹിച്ചിരുന്ന ആ സായിപ്പ് മലയാളവുമായി വളരെയധികം ബന്ധപ്പെട്ട ഒരാളാണെന്നു മലയാളഭാഷാചരിത്രം അല്പമെങ്കിലുമറിയാവുന്നവർ തല കുലുക്കി സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്.

ആരാണീ ഗുണ്ടർട്ട് സായിപ്പ്? മലയാളഭാഷയും അദ്ദേഹവുമായുള്ള ബന്ധമെന്താണ്? ഈ വക കാര്യങ്ങൾ സമഗ്രമായി കൈകാര്യം ചെയ്തവർ തുലോം വിരളമത്രേ. ഗുണ്ടർട്ടിന്റെ ഭാഷാസേവനങ്ങൾ ചരിത്രകാരന്മാർക്കജ്ഞാതമാണെന്നു ഞാൻ വിവക്ഷിക്കുന്നില്ല. പലരും അല്പാല്പം വെളിച്ചം ഈ വിഷയത്തിൽ വീശിയിട്ടുണ്ട്. എന്നാൽ മിഷനറിമാരുടെ മൊത്തത്തിലുള്ള സാഹിത്യസേവനത്തെ ഭാഷാചരിത്രകാരന്മാരെല്ലാം മുക്തകണ്ഠം പുകഴ്ത്തുന്നതായിക്കാണാൻ പ്രയാസമില്ല. ഭാഷാചരിത്രകർത്താവായ പി. ഗോവിന്ദപിള്ളയുടെ അഭിപ്രായമാണ് താഴെ ഉദ്ധരിക്കുന്നത്:– "പത്താം ശതവർഷം ഒടുവിൽ മലയാളഭാഷയ്ക്കു പ്രബലമായ സഹായം ഉണ്ടായി. അതു കാരണം ഭാഷ വളരെ വർദ്ധിച്ചു. മലയാളത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പലവക മിഷൻ സഭക്കാരിൽ നിന്നു മലയാളഭാഷയ്ക്കുണ്ടായിരിക്കുന്ന സമ്പാദ്യം അപരിമിതമായിട്ടുള്ളതാകുന്നു. അവർ ഈ നാട്ടിൽ അച്ചുക്കൂടങ്ങളും പാഠശാലകളും ഏർപ്പെടുത്തി നമ്മുടെ ഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ചു വ്യാപിച്ചതു കൂടാതെ മതസംബന്ധമായും ശാസ്ത്രസംബന്ധമായും മററും അനേകം പുസ്തകങ്ങൾ തർജ്ജിമ ചെയ്തു മലയാളികളെ അഭ്യസിപ്പിച്ചും തുടങ്ങി." സാഹിത്യചരിത്രകർത്താക്കളായ നാരായണപ്പണിക്കരും, ഉള്ളൂരും, പി. കെ. പരമേശ്വരൻ നായരും മററും ഇതിലും മികച്ച പ്രശംസയാണ് മിഷനറി സാഹിത്യകാരന്മാർക്കു നല്കുന്നത്.

അർണ്ണോസ്, ആഞ്ജലോഫ്രാൻസിസ്, ക്ലെമൻറ്, ബയിലി, പീററ്, ഗാത്തുവൈററ് മുതലായ വിദേശ മിഷനറിമാരുടെ ഭാഷാസേവനങ്ങൾ മലയാളഭാഷാഭണ്ഡാഗാരത്തിലെ വിലയേറിയ മുതൽക്കൂട്ടാണെന്നതിൽ തർക്കമില്ല. വിദേശ മിഷനറിമാരെപ്പോലെതന്നെ ജോർജ്ജുമാത്തൻ, പാറേമ്മാക്കൽ തോമ്മാകത്തനാർ തുടങ്ങിയ നാട്ടുകാരായ ഗ്രന്ഥകാരന്മാരും മിഷനറി സാഹിത്യകാരന്മാരുടെ കൂട്ടത്തിലുണ്ട്. "വർത്തമാനപ്പുസ്തകം" പോലെയുള്ള കൃതികൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഇങ്ങനെ മഹത്തായ ഭാഷാചരിത്രം സൃഷ്ടിച്ച മിഷനറി സാഹിത്യോപാസകന്മാരിൽ പ്രഥമഗണനീയൻ ആരാണെന്നു ചോദിച്ചാൽ അതിനുത്തരം പറയുക എളുപ്പമല്ല. പലരും പല വിധത്തിലാണ് കൈരളിയെ പൂജിച്ചതു്. സാഹിത്യകൃതികൾ മാത്രം വെച്ചുനോക്കിയാൽ അർണ്ണോസ് മുൻ പന്തിയിൽ നിൽക്കുമെന്നു തോന്നുന്നു. എന്നാൽ ശാസ്ത്രീയ ഗ്രന്ഥങ്ങൾ വഴി ഭാഷയെ ഏററം കൂടുതൽ പോഷിപ്പിച്ചതു് ഡോക്ടർ ഗുണ്ടർട്ടാണെന്നു പറയുന്നതിൽ വലിയ അപാകമുണ്ടെന്നു തോന്നുന്നില്ല.

ഡോക്ടർ ഗുണ്ടർട്ടിന്റെ ജീവിത കഥ വിവരിക്കുവാനല്ല എന്റെ ഉദ്യമം. അതത്ര എളുപ്പവുമല്ല.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ജീവിതചരിത്രപഠനത്തിനുതകുന്ന രേഖകൾ വിരളമാണ്. അദ്ദേഹത്തിന്റെ ഭാഷാസേവനത്തിന്റെ ഒരു ചുരുങ്ങിയ വിവരണവും, ഗ്രന്ഥങ്ങളുടെ ഒരു ചെറിയ പഠനവും നടത്താനാണ് പരിശ്രമം.

ജർമ്മൻകാരനായ ഡോക്ടർ ഗുണ്ടർട്ട് ക്രിസ്തുവർഷം 1838-ാ മാണ്ടോടുകൂടി ക്രിസ്തുമതപ്രചരണാർത്ഥം കേരളക്കരയിൽ വന്നു. മലബാർ കേന്ദ്രമാക്കി മതപ്രചരണത്തിനായി അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. എന്നാൽ മതപരമായ പ്രവർത്തനത്തോടൊപ്പം സാഹിത്യപരിശ്രമങ്ങളിലും അദ്ദേഹം ഉത്സുകനായിരുന്നു. ജർമ്മൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ലാററിൻ, പോർത്തുഗീസ്, മുതലായ പാശ്ചാത്യ ഭാഷകളിലും, തെലുങ്ക്, കർണ്ണാടകം, മലയാളം, തമിഴ്, തുടങ്ങിയ ഭാരതീയ ഭാഷകളിലും അദ്ദേഹത്തിന് നല്ല പാണ്ഡിത്യമുണ്ടായിരുന്നു. പല ഭാഷകളിലുമുണ്ടായിരുന്ന വ്യുൽപത്തി അദ്ദേഹത്തിന്റെ ഭാഷാശാസ്ത്രവിജ്ഞാനത്തെ വിപുലപ്പെടുത്തി. അതുകൂടാതെ, കേരളത്തിലെ വിവിധ സമുദായങ്ങളിലും നിലകളിലും പെട്ട പല തരക്കാരുമായി അടുത്ത സമ്പർക്കം പുലർത്താനുള്ള അവസരവും മഹാമനസ്കതയും ഗുണ്ടർട്ടിനുണ്ടായിരുന്നു. ഈ സമ്പർക്കം വഴി കേരളീയരുടെ ആചാരവിശേഷങ്ങളും, സംഭാഷണരീതികളും ഐതിഹ്യങ്ങളും, നാടോടിപ്പാട്ടുകളും മററും നന്നായി മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതിനു പുറമെ മലയാളത്തിൽ അന്നുവരെ ഉണ്ടായിരുന്ന പ്രധാനപ്പെട്ട കൃതികളെല്ലാം അദ്ദേഹത്തിന് സുപരിചിതങ്ങളായിരുന്നു. ഇങ്ങനെ പല വഴികളിൽക്കൂടി നേടിയ വിജ്ഞാനവിഭവങ്ങളാണ് തന്റെ കൃതികൾ വഴി ഡോക്ടർ ഗുണ്ടർട്ട് മലയാളികൾക്ക് വേണ്ടപോലെ വിളമ്പിക്കൊടുത്തതു്.

ഏതെല്ലാം തരത്തിലാണ് ഗുണ്ടർട്ട് സായിപ്പ് മലയാളഭാഷയെ സേവിച്ചതെന്ന് അല്പം പരിശോധിക്കാം. അക്കാലത്തു് മലബാറിൽ സ്ഥാപിക്കപ്പെട്ട ബാസൽ മിഷൻ പ്രസ്സുകാരുടെ പല പ്രസിദ്ധീകരണത്തിലും ഗുണ്ടർട്ടിന് നല്ല പങ്കുണ്ടായിരുന്നു. അതു കൂടാതെ അദ്ദേഹം സ്വന്തമായും പല സേവനങ്ങൾ ചെയ്തിട്ടുണ്ട്. ചില സങ്കേതിക പരിഷ്ക്കാരങ്ങൾ ഭാഷയിൽ നടപ്പാക്കി. അതിൽ പ്രധാനപ്പെട്ടതാണ് "വിരാമങ്ങളു"ടെ ഉപയോഗം. അന്നുവരെ മലയാളത്തിലെ ഗ്രന്ഥകാരന്മാരും ലേഖകരുമെല്ലാം ആദിമുതൽ അന്തംവരെ നിറുത്താതെ ഒരേ വരിയായിത്തന്നെ എഴുതുകയായിരുന്നു പതിവ്. "പൂർണ്ണവിരാമം," അർദ്ധവിരാമം, ചോദ്യചിഹ്നം തുടങ്ങിയ ഇംഗ്ലീഷ് സങ്കേതങ്ങളും സംജ്ഞകളും ആദ്യമായി മലയാളത്തിൽ നടപ്പാക്കിയതു ഡോക്ടർ ഗുണ്ടർട്ടാണെന്ന കാര്യം ഇന്നു പലർക്കും അജ്ഞാതമായിരിക്കും.

"മഹമ്മദചരിത്രം" "പാഠമാല" മുതലായ സാഹിത്യകൃതികൾ ഡോക്ടർ ഗുണ്ടർട്ട രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിനു മലയാളത്തിൽ ശാശ്വതമായ സ്ഥാനം നേടിക്കൊടുത്തതു് ശാസ്ത്രീയ ഗ്രന്ഥങ്ങളാണ്. ഗുണ്ടർട്ടിന്റെ ശാസ്ത്രീയകൃതികളിൽ പ്രധാനപ്പെട്ടവ വ്യാകരണവും നിഘണ്ടുവുമാണ്. ജോർജ്ജുമാത്തൻ, ഗാർത്തുവൈററ്, പീററ് മുതലായ മിഷനറിമാർ മലയാളവ്യാകരണഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എന്നാൽ അവരുടെയൊക്കെ വ്യാകരണഗ്രന്ഥങ്ങളേക്കാൾ മെച്ചപ്പെട്ട വ്യാകരണഗ്രന്ഥമാണ് ഗുണ്ടർട്ടുസായിപ്പ് രചിച്ചതു്. കോവുണ്ണി നെടുങ്ങാടിയുടെ "കേരളകൗമുദിയും" പാച്ചുമൂത്തതിന്റെ "വ്യാകരണവും" കേരളപാണിനിയുടെ "കേരളപാണിനീയ"വും പില്ക്കാലത്തുണ്ടായ നല്ല വ്യാകരണഗ്രന്ഥങ്ങളാണ്. ഇവ ഡോക്ടർ ഗുണ്ടർട്ടിന്റെ വ്യാകരണത്തെ കവച്ചുവയ്ക്കുന്നുണ്ടെങ്കിലും സായിപ്പിന്റെ ഗ്രന്ഥം ഇന്നും ഭാഷയിലെ പ്രാമാണിക ഗ്രന്ഥമായി നിലകൊള്ളുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രതികൾ ഇന്നും കിട്ടാനില്ല. ഈ വ്യാകരണം ആർക്കെങ്കിലും പ്രസിദ്ധീകരിക്കാൻ കഴിയുന്നെങ്കിൽ അതൊരനുഗ്രഹമായിരിക്കും.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഡോക്ടർ ഗുണ്ടർട്ടിന്റെ കൃതികളിൽ ഏററം പ്രധാനപ്പെട്ടതു് അദ്ദേഹം നിർമ്മിച്ച സുപ്രസിദ്ധമായ നിഘണ്ടുവാണ്. ഭാഷാചരിത്രകർത്താവു് (പി. ഗോവിന്ദപിള്ള) ഈ വിശിഷ്ട കൃതിയെപ്പററി ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:- ഡോക്ടർ ഗുണ്ടർട്ട് സായിപ്പു് 25 കൊല്ലം വരെ മലയാളഭാഷ അഭ്യസിച്ചും പല ഗ്രന്ഥങ്ങളെ പരിശോധിച്ചും ഒരു നിഘണ്ടു ചമച്ചിട്ടുണ്ട്. റവരണ്ടു് ബെയിലി സായിപ്പിന്റെ നിഘണ്ടുവിൽ സംസ്കൃത വാക്കുകൾ അധികമെടുത്തു ചേർക്കുകയും നാടോടിയായിട്ടുള്ള അനേക വാക്കുകളെ വിട്ടുകളയുകയും ചെയ്തിട്ടുണ്ട്. ഗുണ്ടർട്ടുസായിപ്പ് മലയാളത്തിൽ സാധാരണമായി നടപ്പുള്ള സംസ്കൃത വാക്കുകളെ മാത്രം സ്വീകരിച്ചും, മലയാളവാക്കുകൾ അത്രയും ഒന്നുപോലും വിടാതെ പല ഗ്രന്ഥങ്ങൾ, എഴുത്തുകുത്തു് മുതലായതു പരിശോധിച്ചും നമ്പൂരി ആഢ്യന്മാർ മുതൽ വളരെ താണ ജാതി വരെയുള്ളവർ സംസാരിക്കുന്ന വാക്കുകളറിഞ്ഞുമാണ് പുസ്തകം ഉണ്ടാക്കിയിരിക്കുന്നതു്. മലയാളത്തിൽ അനേക വർഷത്തെ സംസർഗ്ഗം കൊണ്ടു ചേന്നിട്ടുള്ള പേർഷ്യൻ, അറബി, ഹിന്ദുസ്ഥാനി, പോർട്ടുഗീസ്സ്, തുളു, കന്നട, തെലുങ്കു്, മഹാരാഷ്ട്രം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെ വാക്കുകൾ കൂടി കൈക്കൊണ്ടു് അവയ്ക്കും അർത്ഥം പറഞ്ഞിരിക്കുന്നു. പദങ്ങളുടെ ആഗമനം കാണിക്കാൻ വളരെ പരിശ്രമിച്ചിട്ടുണ്ടു്." വേറെ പല പണ്ഡിതന്മാരും ഈ നിഘണ്ടുവിന്റെ മാഹാത്മ്യം വാനോളം വാഴ്ത്തിയിട്ടുണ്ട്. "ആധുനികമലയാളസാഹിത്യ"കർത്താവായ പി. കെ. പരമേശ്വരൻനായരുടെ അഭിപ്രായം കൂടി ഉദ്ധരിക്കാം:-"അന്നത്തെ നാട്ടുകാരായ പണ്ഡിതന്മാക്ക് ഭാവന ചെയ്യാൻ പോലും സാധിക്കുമായിരുന്ന ഒരു പ്രയത്നമല്ല ഗുണ്ടർട്ട ചെയ്തതു്. പദങ്ങളുടെ ആഗമം, കാലക്രമംകൊണ്ടുണ്ടായ അത്ഥഭേദങ്ങൾ ആലങ്കാരികമായ അത്ഥം, രീതിക്കു ദൃഷ്ടാന്തങ്ങൾ, ഉച്ചാരണം എന്നിങ്ങനെ വിവിധാംശങ്ങളേയും പാശ്ചാത്യ ശബ്ദങ്ങളുടെ രീതിയിൽ വ്യുൽപാദകമായി സ്പർശിച്ചുകൊണ്ടു പോകുന്ന ഒരു ബൃഹത്ഗ്രന്ഥമാണിതു്. ഒരു വിദേശിയനു് ഇപ്രകാരമൊരു ഗ്രന്ഥമെഴുതാൻ കഴിഞ്ഞതു് അത്ഭുതജനകമാണ്. പന്നീട്ട് എത്രയോ വർഷങ്ങൾക്കുശേഷമാണ് നാട്ടുകാരായ ചിലക്ക് ഈ സരണിയിൽ എന്തെങ്കിലും സംഭാവന ചെയ്യാൻ സാദ്ധ്യമായതു്. എന്നിട്ടുതന്നെയും ഗുണ്ടർട്ടിൽ നിന്നു് അധികം മുമ്പോട്ടു പോകാൻ ഇന്നുവരെ ആക്കും കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രാമാണികത്വം ഇന്നും അടിസ്ഥാനഭൂതമായി നിൽക്കുകയും ചെയ്യും." ഒരു പുതിയ നിഘണ്ടു നിർമ്മാണത്തിൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ഒരു പണ്ഡിതന്റെ അഭിപ്രായമാണിതു്. ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ സ്വഭാവവിശേഷതകളും, സവിശേഷതയും ഈ അഭിപ്രായത്തിൽ അടങ്ങിയിട്ടുണ്ട്.

അനേകഭാഷകളിലുള്ള അഗാധമായ പാണ്ഡിത്യം, മലയാളസാഹിത്യകൃതികളുടെ പഠനം, മലയാളികളുടെ ആചാരാനുഷ്ഠാനങ്ങളോടുള്ള അടുത്ത പരിചയം, മുതലായവയാണ് ഇപ്രകാരമൊരു നിഘണ്ടു നിർമ്മിക്കാൻ ഗുണ്ടർട്ടിനെ സഹായിച്ച കാര്യങ്ങൾ. ശാസ്ത്രീയമായ രീതിയിൽ ഭാഷാപഠനം നടത്തുന്നവക്കും, ഭാഷകളുടെ താരതമ്യപഠനം (Philology) നടത്തുന്നവക്കും ഈ ഗ്രന്ഥം വില തീരാത്ത നിക്ഷേപമാണ്. വാക്കുകളുടെ നിരുക്തി (Etymology) കാലാന്തരത്തിൽ വാക്കുകൾക്കുണ്ടാകുന്ന മാററങ്ങൾ(Semantics) വാക്കുകളുടെ ഉച്ചാരണനിയമം (Phonology) മുതലായ ശാസ്ത്രീയ കാര്യങ്ങൾ ഇത്രമാത്രം കശലമായി പ്രതിപാദിക്കുന്ന വേറൊരു ഗ്രന്ഥവും മലയാളഭാഷയിൽ ഉണ്ടായിട്ടില്ല. നാരായണപ്പണിക്കരുടെ ഭാഷാനിഘണ്ടുവും, ശ്രീകണ്ഠേശ്വരത്തിന്റെ "ശബ്ദതാരാവലി"യും മറും നല്ല നിഘണ്ടുക്കളാണ്. പക്ഷേ മുൻപു പറഞ്ഞതുപോലെയുള്ള ശാസ്ത്രീയ പഠനത്തിനു് അവ വേണ്ടുംവണ്ണം ഉപകരിക്കുന്നില്ല. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ മേൽനോട്ടത്തിൽ തയ്യാറാ

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

ക്കിവരുന്ന "ലെക്സിക്കൺ" ഗുണ്ടർട്ടിൻെറ നിഘണ്ടുവിനേക്കാൾ മെച്ചപ്പെട്ട ഒന്നായിരിക്കു മെന്നു് നമുക്കു പ്രത്യാശിക്കാം.

ഗുണ്ടർട്ടിൻെറ നിഘണ്ടുവിൻെറ പ്രത്യേകത കാണിക്കാൻ ഒരു കാര്യം എടുത്തു കാണിക്കാം. പദങ്ങളുടെ അർത്ഥം പറയുന്നകൂട്ടത്തിൽ പ്രയോഗ മാതൃക കാട്ടാൻ പ്രാമാണിക ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരണികൾ കൊടുത്തിട്ടുണ്ടു്. ഒരുദാഹരണം പറയാം:– "പരവ" എന്ന വാക്കിനു് "കടൽ" എന്നർത്ഥം പറഞ്ഞശേഷം "പരവയിൽ തിരകൾ മേനരടനടൻ തേന്നലാവിന പതങ്ങൾ വന്നുതിങ്ങി നിയതം" എന്ന രാമചരിത പ്രയോഗം ചൂണ്ടിക്കാണിച്ചു് മാതൃക കാണിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെയുള്ള ഉദ്ധരണികൾ ഗുണ്ടർട്ടിൻെറ ഭാഷാകൃതികളോടുള്ള ഗാഢപരിചയം തെളിച്ചു കാട്ടുന്നുണ്ടു്.

അനേക വർഷത്തെ നിരന്തര പരിശ്രമഫലമായിട്ടാണു് ഡോക്ടർ ഗുണ്ടർട്ടു് തൻെറ നിഘണ്ടു നിർമ്മിച്ചതു്. 1872–ൽ മംഗലാപുരം ബാസ്സൽ മിഷൻ പ്രസിൽ നിന്നു് അതു പ്രസിദ്ധീകരിച്ചു. വിപുലമായ പ്രചാരം ഈ നിഘണ്ടുവിനു് സിദ്ധിക്കുകയും ചെയ്തു. എന്നാൽ ഇന്നു് ഈ വിശിഷ്ട ഗ്രന്ഥത്തിൻെറ പ്രതികൾ വല്ല പഴയ വായനശാലകളിലേ കാണുകയുള്ളൂ. പലരും ഈ പുസ്തകം കണ്ടിരിക്കാൻതന്നെ ഇടയില്ല. ഡാക്ടർ ഗുണ്ടർട്ടിൻെറ നിഘണ്ടുവിൻെറ ഒരു പുതിയ പതിപ്പു പ്രസിദ്ധീകരിക്കാൻ ഭാഷാസ്നേഹികളാരും തുനിയാത്തതു് അത്ഭുതാവഹമായിരിക്കുന്നു. ഈ അടുത്ത കാലം വരെ കണികാണാൻ പോലും കിട്ടാതിരുന്ന "ഭാഷാചരിത്രം" ഇന്നു നമുക്കു ലഭ്യമായിരിക്കുന്നു. നാഷനൽ ബുക്കുകമ്പനിക്കാരുടെ ഈ സേവനത്തിൽ അവർക്കഭിമാനിക്കാം. അതുപോലെ അവരോ മററാരെങ്കിലുമോ ഈ നിഘണ്ടുവിൻെറ ഒരു പുതിയ പതിപ്പു പ്രസിദ്ധപ്പെടുത്തുന്നെങ്കിൽ അതു് ഒരു വലിയ ഭാഷാസേവനമായിരിക്കുമെന്നതിൽ തർക്കമില്ല. ഡോക്ററർ ഗുണ്ടർട്ടിൻെറ കൃതികളെപ്പററി ഇത്രമാത്രം.

ഡോക്ടർ ഗുണ്ടർട്ടു് ഒരൊന്നാന്തരം ഗവേഷകൻകൂടിയായിരുന്നു. പലർക്കും അജ്ഞാതമായിരുന്ന പല രേഖകളും ഗ്രന്ഥങ്ങളും അദ്ദേഹം തേടി എടുത്തിട്ടുണ്ടു്. ഇതിനൊരുദാഹരണമാണു് "പയ്യന്നൂർപാട്ടു്". ശ്രീമാൻ ഉള്ളൂർ ഈ കൃതിയെപ്പററിപ്പറയുന്നതു നോക്കുക:– "പയ്യന്നൂർ പാട്ടു് എന്നൊരു കൃതിയെപ്പററി ഡോക്ടർ ഗുണ്ടർട്ടു് ചിലതെല്ലാം പ്രസ്താവിച്ചിട്ടുണ്ടു്. ആ ഗ്രന്ഥത്തിൻെറ യാതൊരു പ്രതിയും മററുള്ളവർക്കു കിട്ടിയിട്ടില്ല. ഗുണ്ടർട്ടിനുതന്നെയും അതിൻെറ നൂററിനാലു് ഈരടികളേ ലഭിച്ചിട്ടുള്ളൂ."

കൃഷ്ണഗാഥയുടെ കർത്താവായ ചെറുശ്ശേരിയെപ്പററി ആദ്യമായി പ്രതിപാദിച്ചിട്ടുള്ളതു് ഗുണ്ടർട്ടാണെന്നു തോന്നുന്നു. "ഡോക്ടർ ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ ചെറുശ്ശേരിയുടെ നാമധേയം കാണുന്നുണ്ടു്" എന്നു സാഹിത്യപഞ്ചാനനൻ ചൂണ്ടിക്കാണിക്കുന്നതു് പ്രസ്താവ്യമത്രേ.

മലയാളഭാഷയുടെ ഉത്ഭവത്തെപ്പററി പ്രധാനമായി രണ്ടഭിപ്രായങ്ങളാണുള്ളതു്. മലയാളം തമിഴിൻെറ ഒരു ഉപഭാഷയാണെന്നുള്ളതാണു് ഒന്നാമത്തെ അഭിപ്രായം. ഡോക്ടർ കോൾഡ്വെൽ, ഏ. ആർ. രാജരാജവർമ്മ മുതലായവർ ഈ അഭിപ്രായക്കാരായിരുന്നു. രണ്ടാമത്തെ അഭിപ്രായത്തിൻെറ ഉപജ്ഞാതാവു് ഡോക്ടർ ഗുണ്ടർട്ടാണു്. ഒരേ മൂല ദ്രാവിഡഗോത്രത്തിൽപ്പെട്ട രണ്ടു ഭാഷകളാണു് മലയാളവും തമിഴും എന്നതാണു് ഈ അഭിപ്രായം. ആധുനിക പണ്ഡിതന്മാരായ ആററൂർ കൃഷ്ണപ്പിഷാരടിയും, ഡോക്ടർ ഗോദവർമ്മ തുടങ്ങിയവരും ഗുണ്ടർട്ടിൻെറ അഭിപ്രായം ആദരിക്കുന്നതായിക്കാണുന്നു. ഗവേഷണശാഖയിലും ഡോക്ടർ ഗുണ്ടർട്ടിനുള്ള സ്ഥാനം വ്യക്തമാക്കാനാണു് ഇത്രയും പറഞ്ഞതു്.

ഡോക്ടർ ഗുണ്ടർട്ടിൻെറ ഭാഷാസേവനം ഏകദേശമായി ചർച്ചചെയ്യാനാണു് ഞാൻ ശ്രമിച്ചതു്. ഈ പരിശ്രമം വേണ്ടുംവണ്ണം വിജയിച്ചതായി ഞാൻ കരുതുന്നില്ല. എങ്കിലും ഗുണ്ടർട്ടിൻെറ നാമം പോലും കേട്ടിട്ടില്ലാത്തവർക്കു് ഈ ഭാഷാപ്രേമിയെപ്പററി പഠിക്കാനുള്ള ഒരു പ്രചോദനം ഈ ലേഖനത്തിനു നൽകാൻ കഴിയുമെങ്കിൽ ലേഖകൻ സംതൃപ്തിയടഞ്ഞു കൊള്ളും.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പഞ്ചവത്സരപദ്ധതികൾ

*(C. G. George III U. C.)*

**1947** ആഗസ്റ്റ് **15**-ാം തീയതി ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടി. വിഭജനവും യുദ്ധവും കൊണ്ട് ഭാരതം വളരെയധികം ശോഷിച്ചിരുന്നു. ഭക്ഷണദൌർലഭ്യവും അസംസ്കൃത സാധനങ്ങളുടെ അഭാവവും അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിലാണ് ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രാരംഭ നടപടികൾക്ക് നമ്മുടെ കേന്ദ്രഗവണ്മെൻറ തയ്യാറായതു്. സ്വാതന്ത്ര്യത്തിനുശേഷം നമ്മുടെ പൊതുനയത്തിന്റെയും ദേശീയ യത്നങ്ങളുടെയും മുഖ്യലക്ഷ്യം ശീഘ്രവും ക്രമാനുസൃതവുമായ സാമ്പത്തിക വികസനമായിരുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഒരു കരടുപ്ലാൻ തയ്യാറാക്കുന്നതിന് ഗവണ്മെൻറിന്റെ നിർദ്ദേശമനുസരിച്ച് കൽക്കട്ടയിലെ ഇൻഡ്യൻ സ്റ്റാററിസ്റ്റിക്കൽ ഇൻസ്റ്റിററ്യൂട്ടിന്റെ ഡയറക്ടർ പ്രൊ: പി. സി. മഹലനോബിസിനെ ഏർപ്പെടുത്തി. പ്രസ്തുത കരടുപ്ലാൻ നിർമ്മാണസമിതിയുടെ ചെയർമാൻ ശ്രീ: ജവഹർലാൽ നെഹ്റു ആയിരുന്നു.

**1951**-ൽ ആരംഭിച്ച് **1956**-ൽ പൂർത്തിയായ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം കാർഷികോല്പന്നങ്ങളുടെ ഉൽപാദന വർദ്ധനവായിരുന്നു. അതിൽക്കൂടെ ഭാരതത്തിന്റെ സാമ്പത്തികാടിത്തറ ശക്തിപ്പെടുത്താനും. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങൾ തികച്ചും തൃപ്തികരമായിരുന്നില്ല. അവശ്യം പരിഹരിക്കേണ്ട നമ്മുടെ പ്രശ്നങ്ങളുമായി ഈ നേട്ടങ്ങൾ തട്ടിച്ചുനോക്കിയാൽ ഒന്നാം പദ്ധതിയുടെ നേട്ടങ്ങൾ അത്ര വലുതായി തോന്നുകയില്ല. പ്രഥമപദ്ധതിയിൽ നമ്മുടെ യഥാർത്ഥ ദേശീയ വരുമാനം വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ ആളോഹരി വരുമാനവും കാർഷികോല്പന്നങ്ങൾ, കൃഷി, ജലസേചനം, വൈദ്യുതശക്തി മുതലായവയുടെ ഉല്പാദനവും മോശമായിരുന്നില്ല. വ്യാവസായിക മണ്ഡലത്തിലും ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പൊതുമേഖലകളിലും സ്വകാര്യമേഖലകളിലും വളരെയധികം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സിന്ദ്രി കൃത്രിമവളം നിർമ്മാണ ഫാക്ടറി, ചിത്തരഞ്ജൻ തീവണ്ടി നിർമ്മാണ ഫാക്ടറി, മൈസൂർ ഹിന്ദുസ്ഥാൻ യന്ത്രനിർമ്മാണശാല, കൽക്കട്ടായിലെ ഹിന്ദുസ്ഥാൻ കേബിൾ നിർമ്മാണശാല, ബാംഗ്ലൂരിലെ ടെലിഫോൺ നിർമ്മാണശാല, വിശാഖപട്ടണത്തിലെ കപ്പൽ നിർമ്മാണകേന്ദ്രം എന്നിവ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങളത്രെ. ഭക്രാ, നംഗൽ, ദാമോദർവാലി കോർപ്പറേഷൻ, ഹിരാക്കുഡ് എന്നീ നദീതടപദ്ധതികളും അതിന്റെ പുരോഗതിയെ സൂചിപ്പിക്കുന്നു. ഭക്രാനംഗൽ ഡാമിനെക്കുറിച്ച് "Oh! it is a magnificient work" എന്നാണ് ക്രൂഷേവു പറഞ്ഞതു്. കേരളത്തിലെ തോട്ടപ്പള്ളി സ്പിൽവേയും കൊല്ലം എറണാകുളം റെയിൽവേയും ഒന്നാം പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ നേട്ടങ്ങൾ നമുക്ക് ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെയും ഭക്ഷ്യപ്രശ്നം, തൊഴിലില്ലായ്മ എന്നിങ്ങനെ ഇനിയും പരിഹാരം കാണാത്ത പ്രശ്നങ്ങൾ അവശേഷിക്കുകയാണ്. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പം, നിക്ഷേപവും ദേശീയവരുമാനവും മൂലധനവും ഉല്പാദനവും തമ്മിലുള്ള അനുപാതം ബാലൻസ് ഇവയിൽ നാം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പ്രഥമപദ്ധതിയ്ക്കു **3100** കോടിയോളം രൂപാ ചെലവുണ്ട്.

ന്യൂഡൽഹിയിൽ നടന്ന ദേശീയകൌൺസിൽ സമ്മേളനത്തിൽ ചെയ്ത നെഹ്റുവിന്റെ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

പ്രസ്താവന ശ്രദ്ധേയമായ ഒന്നാണ്. "നമ്മുടെ യാത്രയുടെ ആദ്യത്തെ ഘട്ടം പൂർത്തിയായി. ഇനി അടുത്ത ഘട്ടം ഉടനടി ആരംഭിക്കേണ്ടിയിരിക്കുന്നു. ജീവിതപ്രവാഹംപോലെതന്നെ ഒരു ജീവിതപ്രവാഹത്തെ നിയന്ത്രിക്കുന്ന ആസൂത്രണവും വികസനവും അനുസ്യൂതമായ ഒന്നാണ്. അതുകൊണ്ട് നാം ആരംഭിച്ചിട്ടുള്ള ഈ യാത്രയിൽ വിശ്രമത്താവളങ്ങൾ ഒന്നുമില്ല". ഈ പ്രസ്താവന പഞ്ചവത്സര പദ്ധതിയുടെ ആവശ്യകത മാത്രമല്ല വൈഷമ്യത്തെയും ചൂണ്ടിക്കാട്ടുന്നുണ്ടല്ലോ.

രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ഒരു സോഷ്യലിസ്ററ സാമൂഹ്യവ്യവസ്ഥിതി കൈവരുത്തലാണ്. ജീവിത നിലവാരവും ദേശീയ വരുമാനവും വർദ്ധിപ്പിക്കുക, അടിസ്ഥാനവ്യവസായത്തെയും ഖനനവ്യവസായത്തെയും വികസിപ്പിച്ചുകൊണ്ട് വ്യവസായീകരണത്തെ ത്വരിതപ്പെടുത്തുക, തൊഴിൽസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വരുമാനത്തിലും സ്വത്തിന്മേലുമുള്ള നികുതി കുറയ്ക്കുക, സാമ്പത്തിക സമത്വം കൈവരുത്തുക എന്നിവയാണ് രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. ഒന്നാം പദ്ധതിയുടെ തുടർച്ചയാണ് രണ്ടാംപദ്ധതി.

1956 ഏപ്രിൽ 30-ാം തീയതി പ്രധാനമന്ത്രി അവതരിപ്പിച്ച പുതിയ വ്യവസായപദ്ധതി ശ്രദ്ധേയമാണ്. വ്യവസായീകരണത്തിൽ പൊതുമേഖലയ്ക്കും തുല്യപ്രാധാന്യം അതിൽ നൽകിയിട്ടുണ്ട്. അടിസ്ഥാന സ്വഭാവമുള്ളതും തന്ത്രപ്രാധാന്യമുള്ളതുമായ എല്ലാ വ്യവസായങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുമേഖലയെ വികസിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വൻപിച്ച മൂലധനവും, വലിയ പ്രയോജനവുമുള്ളതായ എല്ലാ വ്യവസായങ്ങളും പൊതുമേഖലയിൽ ആരംഭിക്കുന്നതാണ്. പുതിയ പ്രമേയമനുസരിച്ച് വ്യവസായങ്ങളെ രണ്ടായി തരം തിരിച്ചിട്ടുള്ളതിൽ ഭാവിവികസനചുമതല ഗവണ്മെൻറും സാമൂഹ്യപ്രാധാന്യമുള്ള രണ്ടാമത്തേത് സ്റ്റേററ ഗവണ്മെൻറും നിയന്ത്രിക്കണമെന്നാണ് ഏർപ്പാട്.

സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തും സമത്വം കൈവരിക്കേണ്ടിയിരിക്കുന്നത് ഈ പദ്ധതിയിലൂടെയാണ്. പലതരത്തിലുള്ള പുതിയ നികുതികളും ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ജന്മിത്വം അവസാനിപ്പിക്കുക, മാനേജിംഗ് ഏജൻസി സമ്പ്രദായം പരിഷ്ക്കരിക്കുക, ജോയിൻറ സ്റ്റോക്ക കമ്പനിനിയമം ഭേദഗതിചെയ്യുക, ഇമ്പീരിയൽ ബാങ്ക് ദേശസാൽക്കരിക്കുക, സഹകരണമേഖല വികസിപ്പിക്കുക എന്നിവ തുഷ്ടിയോടുകൂടിയാണ് കമ്മീഷൻ വീക്ഷിച്ചിട്ടുള്ളത്.

നികുതിനയം, നാണയനയം ഇവയിലൂടെ സാമ്പത്തികപ്രവർത്തനം പൊതുവേ ക്രമപ്പെടുത്തുക, കയററുമതി, ഇറക്കുമതി എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, വ്യവസായ വാണിജ്യാദികൾക്ക് ലൈസൻസ് നടപ്പാക്കുക മുതലായവയാണ് സാമ്പത്തികനയത്തിൻെറ മുഖ്യമായ ലക്ഷ്യം. നാണയപ്പെരുപ്പത്തെത്തടയാൻ ഭക്ഷ്യസാധനങ്ങളും മററു സാധനങ്ങളും കൂടുതൽ ശേഖരിച്ചുവയ്ക്കാൻ ആസൂത്രണക്കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

2069 കോടി രൂപയാണ് ഒന്നാംപദ്ധതിക്ക ചെലവാക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും 2356 കോടി രൂപ ചെലവായി. എന്നാൽ രണ്ടാംപദ്ധതിയിൽ പൊതുമേഖലയിലേയ്ക്ക് സംസ്ഥാന ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും കൂടി 4800 കോടി രൂപയും സ്വകാര്യമേഖലയിലേയ്ക്ക 2400 കോടി രൂപയും ചെലവാക്കണമെന്നാണ് ആഗ്രഹം. 700 കോടി രൂപാകൂടി പൊതുമേഖലയിലേയ്ക്കും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽനിന്നു രണ്ടാം പദ്ധതിയുടെ വലിപ്പം നമുക്കൂഹിയ്ക്കാം. പൊതുമേഖലയിൽ ഒന്നാം പദ്ധതിക്കാലത്ത് ഉദ്ദേശിച്ചിരുന്നതിൻെറ 40 ശതമാനം മാത്രമേ ചെലവാക്കിയുള്ളു. സ്വകാര്യമേഖലയിലും അ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ങ്ങനെതന്നെ. പൊതുമേഖലയിലാണ് അടിസ്ഥാനവ്യവസായം വികസിപ്പിക്കുവാൻ രണ്ടാം പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. **10** ലക്ഷം ടൺ വീതം ഇരുമ്പും ഉരുക്കും ഉല്പാദിപ്പിക്കാൻ ശക്തിയുള്ള ഫാക്റ്ററികൾ പൊതുമേഖലയിൽ ആരംഭിക്കുന്നതാണ്. ഇവയിൽ ഒന്ന് 128 കോടി രൂപാ ചെലവാക്കി **720000** ടൺ ഉരുക്കു നിർമ്മിക്കാൻ കഴിയുന്ന റൂർക്കേലയിലെ ഉരുക്കുനിർമ്മാണകേന്ദ്രമാണ്. ഇവിടെ ഉരുക്കു നിർമ്മാണത്തിൽനിന്നു കിട്ടുന്ന ഹൈഡ്രജൻകൊണ്ട് നൈട്രജൻവളങ്ങൾകൂടി ഉല്പാദിപ്പിക്കാം. ഭിലായിലെ ഉരുക്കുനിർമ്മാണകേന്ദ്രത്തിന് **110** കോടി രൂപാ ചെലവുണ്ട്. **770000** ടൺ ഉരുക്ക് ഇവിടെ നിർമ്മിക്കാം. ദുർഗ്ഗാപ്പൂരിൽ സ്ഥാപിക്കാൻപോകുന്ന ഉരുക്കു വ്യവസായശാലയിൽ **790000** ടൺ ഉരുക്കുപകരണങ്ങളും നിർമ്മിയ്ക്കാം. ഭിലായിലും റൂർക്കേലയിലും ദുർഗ്ഗാപ്പൂരിലും യഥാക്രമം **25**-ം **12**-ം, 5-ം ലക്ഷം ഉരുക്കുപണികൾ നടത്തത്തക്കവണ്ണം വികസിപ്പിയ്ക്കാൻ പ്ലാനുണ്ട്. മൈസൂറിലെ ഇരുമ്പുരുക്കു നിർമ്മാണ വികസനത്തിനു **6** കോടി രൂപാ അനുവദിച്ചിട്ടുണ്ട്. പ്രതിവർഷം 120 യന്ത്രങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന ചിത്തരഞ്ജൻ ഫാക്റ്ററിയിൽ 800 യന്ത്രങ്ങൾ നിർമ്മിക്കുന്നതാണ്. ദേശീയ വ്യവസായ വികസനകാർപ്പറേഷൻ, പ്രതിവർഷം **25** കോടി വരുന്ന വൈദ്യുതോപകരണങ്ങൾ നിർമ്മിക്കാൻ ഒരു ബ്രിട്ടീഷ് വ്യവസായശാലയുമായി കരാർ ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ യന്ത്രോപകരണശാലയുടെ ഉല്പാദനശേഷി വികസിപ്പിക്കാനും ആലോചനയുണ്ട്. പഴയരീതിയിലുള്ള **6** കപ്പലുകളും പുതിയരീതിയിലുള്ള **4** കപ്പലുകളും നിർമ്മിക്കത്തക്കവണ്ണം ഇപ്പോഴത്തെ പദ്ധതി വികസിപ്പിക്കുന്നതാണ്. ഒരു പുതിയ കപ്പൽനിർമ്മാണശാലക്കുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഒരു മീററ്ഗേജ് കോച്ചുഫാക്ടറി നിർമ്മിക്കുക, ദക്ഷിണാർക്കാട്ടുജില്ലയിലെ നെയ്‌വേലിയിൽ പ്രതിവർഷം **35** ലക്ഷം ടൺ ഇളം കല്ക്കരി കുഴിച്ചെടുക്കുക, ദക്ഷിണാർക്കാട്ട്, നാഗൽ, റൂർക്കേല എന്നിവിടങ്ങളിൽ ഓരോ കൃത്രിമ വളനിർമ്മാണശാല സ്ഥാപിക്കുക, കേരളത്തിൽ ഒരു D. D. T. ഫാക്ടറി തുറക്കുക ഇവയെല്ലാം ദ്വിതീയ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

സ്വകാര്യമേഖലയിൽ സിമിന്റ്, ഫെറോമാൻഗനീസ്, മോട്ടോർകാറുകൾ, തയ്യൽ യന്ത്രങ്ങൾ കടലാസ്, പഞ്ചസാര തുടങ്ങിയവ വികസിപ്പിക്കുന്നതിനും ഏർപ്പാടുണ്ട്. ഇപ്പോൾ കൽക്കരി **380** ലക്ഷം ടൺ പ്രതിവർഷം ഉല്പാദിപ്പിക്കുന്നു. രണ്ടാംപദ്ധതിക്കാലത്ത് പൊതുമേഖലയിൽ **120** ലക്ഷം ടണ്ണും, സ്വകാര്യമേഖലയിൽ 100 ലക്ഷം ടണ്ണും ഉല്പാദിപ്പിയ്ക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമവ്യവസായങ്ങൾക്കും ചെറുകിടവ്യവസായങ്ങൾക്കും ഈ പദ്ധതിയിൽ പ്രധാനസ്ഥാനം നൽകിയിട്ടുണ്ട്. അഖിലഭാരതാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബോർഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ലക്ഷക്കണക്കിനു് ഇതിനുവേണ്ടി രൂപാ നീക്കിവച്ചിട്ടുമുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുക, കർമ്മശേഷി വിപുലീകരിക്കുക, ജീവിതനിലവാരം ഉയർത്തുക എന്നിവ ഇവകൊണ്ട് നേടാവുന്നതാണ്.

കൃഷിക്കും രണ്ടാംപദ്ധതിയിൽ വേണ്ടത്രസ്ഥാനം നൽകിയിട്ടുണ്ട്. രണ്ടാംപദ്ധതിക്കാലത്ത് **210** ലക്ഷം ഏക്കർ ഭൂമിയിൽ ജലസേചനസൗകര്യം പ്രതീക്ഷിക്കപ്പെടുന്നു. ഇക്കാലത്ത് 15 ലക്ഷം ഏക്കർ ഭൂമി തെളിച്ചെടുക്കുന്നതാണ്. ട്രാക്റ്റർ സംഘടനകൾമൂലം **20** ലക്ഷത്തിൽപ്പരം സ്ഥലം കൃഷിചെയ്യാം. മണ്ണൊലിപ്പു നിവാരണം, ബണ്ടുകൾ കെട്ടൽ ഇവയെല്ലാം N. E. S. ബ്ലോക്കുകളിൽ പ്രാധാന്യം നൽകിയിരിക്കുന്നു. മലക്കറിവർഗ്ഗങ്ങൾക്കും പഴവർഗ്ഗങ്ങൾക്കും വേണ്ടി **5** ലക്ഷത്തിലധികം ഏക്കർ നീക്കിവച്ചിട്ടുണ്ട്. കാർഷികവികസനത്തിനും ഗവേഷണകേന്ദ്രങ്ങൾക്കുമായി **6500** കാർഷികബിരുദധാരികളുടെ ആവശ്യം **28** കാർഷികകോളജുകൾ

# സ്ത്രീ

*(R. G. P. — IV U. C.)*

നവമധുപാളിവരരെ മയക്കി
മണമതു ചൊരിയും പനിനീരലരും
നീലവിലോല ജലോപരി ലാസ്യ-
മദാലസയായൊരു കൈരവസുമവും
അനലസമാന വിഷാവഹനായൊ-
രുരഗകുലേന്ദ്രനുമഥ കളിമണ്ണും
പാർവണ ശശിനിര ചൊരിവൊരു പുഞ്ചിരി-
യഞ്ചും ധവളിമയെഴുമൊരു ഖഗവും
മധുകരനിരകൾക്കതിമദമേകുമൊ-
രതിരസമേറിന നവമാക്ഷികവും
അമിതകുതൂഹലമിവയെ യിണക്കി-
ട്ടതിരഭസം വിധി നവമൊരു രൂപം
മനുജസുഖൌഘ വിനാശകപാത്രം
സരസിജലോചന നാരീഗാത്രം
സകലാകർഷക മോഹനഗാത്രം
വിരചിച്ചഖിലഗുണോത്തരരൂപം.

[ആശയം ഇംഗ്ലീഷിൽ നിന്ന്]

കൊണ്ട് പരിഹരിയ്ക്കാം. ഭാരതത്തിൽ ആകെ ജലസേചനം നടത്തിയിരുന്നത് 515 ലക്ഷം ഏക്കർ സ്ഥലത്താണ്. ഒന്നാംപദ്ധതിക്കാലത്ത് 163 ലക്ഷം കൂടി വർദ്ധിച്ചു. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് 195 പദ്ധതികൾ ആരംഭിക്കാനും അങ്ങനെ 916000 ഏക്കർ സ്ഥലം കൃഷിചെയ്യാനും കഴിയും. 416 കോടി രൂപാ അതിനു വേണ്ടിവരും.

വിദ്യുച്ഛക്തിയുല്പാദനത്തിന് പൊതുമേഖലയിൽ 427 കോടി രൂപയും സ്വകാര്യമേഖലയിൽ 42 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഒന്നാം പദ്ധതിയുടെ അവസാനത്തിൽ 7400 പട്ടണങ്ങളും ഗ്രാമങ്ങളും വൈദ്യുതീകരിയ്ക്കപ്പെട്ടതു 180000 ഗ്രാമങ്ങളിലേയ്ക്കും നഗരങ്ങളിലേയ്ക്കുമായി രണ്ടാംപദ്ധതിക്കാലത്തു വ്യാപിക്കുന്നതാണ്. വെള്ളപ്പൊക്കം തടയുന്നതിന് 60 കോടി രൂപായും നീക്കിവച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ പരിഹരിയ്ക്കാനും വേണ്ട പ്ലാനുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രതിവർഷം 20 ലക്ഷം ആളുകൾ പുതുതായി തൊഴിലില്ലാത്തവരായിത്തീരുന്നു. ഇതിൽ $5\frac{1}{2}$ ലക്ഷം ഇപ്പോൾ തൊഴിലില്ലാത്തവരും $14\frac{1}{2}$ ലക്ഷം അടുത്ത അഞ്ചു വർഷത്തിനകം തൊഴിൽരംഗത്തേയ്ക്കു വരുന്നവരുമാണ്. കാർഷികരംഗത്തിലല്ലാതെ 80 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഭൂമി തെളിച്ചെടുക്കൽ, തോട്ടപ്പണി എന്നിവയിൽ 16 ലക്ഷം പേർക്കും, പെൻഷൻ പറ്റുന്നവർക്കു പകരം 14·4 ലക്ഷം പേർക്കും, ചെറുകിടവ്യവസായങ്ങളും ട്രാൻസ്പോർട്ടും വിപുലീകരിക്കുന്നതിനു 130 കോടി രൂപാ ചെലവുചെയ്താൽ 2·4 ലക്ഷം പേർക്കും തൊഴിൽ ലഭിക്കും.

35000 മൈൽ നീളമുള്ള ഇൻഡ്യൻ റെയിൽവേക്കു 974 കോടി രൂപാ മൂലധനമുണ്ട്. ആനുകാലികമായ അററകുററങ്ങൾ തീർക്കാൻ 150 കോടി രൂപാ ഉൾപ്പെടെ 400 കോടി രൂപാ റെയിൽവേക്ക് ആദ്യം നൽകിയിരുന്നു. എങ്കിലും അഞ്ചുകൊല്ലത്തിനിടക്ക് അതു 432 കോടി രൂപായാക്കി വർദ്ധിപ്പിച്ചു. ഈ പദ്ധതിയിൽ അററകുററപ്പണികൾക്ക് 225 കോടി രൂപയും റെയിൽവേ വികസനത്തിന് 900 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഒന്നാംപദ്ധതിക്കാലത്തു റോഡുകൾക്ക് 155 കോടി രൂപയും ഇപ്പോൾ 246 കോടി രൂപയുമാണ് നീക്കിവെച്ചിട്ടുള്ളതു.

ഭവനനിർമ്മാണ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളതു 120 കോടി രൂപയാണ്. ഏകദേശം 13 ലക്ഷം വീടുകൾ ആദ്യപദ്ധതിയിൽ പണിതീർത്തിട്ടുണ്ട്. ഈ പദ്ധതിയിൽ 19 ലക്ഷം വീടുകൾ നിർമ്മിക്കുന്നതാണ്.

ചുരുക്കത്തിൽ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങളും രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങളും ഭാവിഭാരതത്തിന്റെ ഭദ്രതയുടെ ആശാകിരണങ്ങളായി നമുക്കു കണക്കാക്കാം.

# കാഷ്മീർ യാത്ര

*(George Abraham, Puthenkavu.)*

കഴിഞ്ഞ മദ്ധ്യവേനലവധിക്കു് ഭാരത പര്യടനം നടത്തിയ ഞങ്ങൾ മാർ ഈവാനിയോസ് കോളേജ് വിദ്യാർത്ഥിസംഘം—"ഏഷ്യയുടെ ആരാമ"വും സന്ദർശിക്കുകയുണ്ടായി. ഭാരതത്തിന്റെ വടക്കെ അറ്റത്തു് ഗിരിസമ്രാട്ടായ ഹിമാലയത്തോടുരുമ്മിക്കിടക്കുന്ന കാഷ്മീറിന്റെ ഹൃദയഹാരിതയെക്കുറിച്ചും, യാത്രയിലും താമസത്തിലും ഞങ്ങൾക്കുണ്ടായ മോഹനാനുഭവങ്ങളെക്കുറിച്ചും അറിയാൻ നിങ്ങൾക്കാഗ്രഹമില്ലേ?

മറുനാടുകളെ അപേക്ഷിച്ചു് കാഷ്മീർ ഇത്ര ആകർഷകമായിത്തീർന്നതിനു് ഒരു കാരണമുണ്ടു പോലും. പരമ്പരാഗതമായി പറഞ്ഞു വരുന്ന ഒരു ഐതിഹ്യം.

നൂറ്റാണ്ടുകൾക്കുമുമ്പു് കാഷ്മീർ ഹിമവൽസാനുവിലെ ഒരു തടാകമായിരുന്നു. തിരകളിൽനിന്നെല്ലാം മാറി ശുദ്ധജലം തുളുമ്പി നിന്ന ഒരു തടാകം! ഒരിക്കൽ തടാകത്തിന്റെ നിശ്ചലതയ്ക്കു് ഭംഗം വരുത്തിക്കൊണ്ടു് പരമശിവൻ പാർവ്വതിയോടൊത്തു് തടാകത്തിൽ തോണിയാത്രയാരംഭിച്ചു. കാലങ്ങളെ അതിലംഘിച്ചു് ഈ പ്രേമലീല നീണ്ടുപോയി. ബ്രഹ്മാവിന്റെ പൗത്രനായ 'കാശ്യപനു്' ഇതു് അത്ര ഇഷ്ടമായില്ല. പാർവ്വതീപരമേശ്വരന്മാരുടെ ഈ ഉല്ലാസയാത്രയ്ക്കൊരു വിരാമമിടാൻ കാശ്യപൻ തീരുമാനിച്ചു. അതിലേയ്ക്കു് അദ്ദേഹം ഹിമവാന്റെ ഒരു ഭാഗം തടാകത്തിലേക്കു് ഇടിച്ചിട്ടു. അങ്ങനെ കരയായിത്തീർന്ന സ്ഥലത്തിനു് കാശ്യപൻ 'കാശ്യപമാർ' എന്ന പേരു നൽകി. കാലക്രമേണ അതു് 'കാഷ്മീറാ'യി.

കാഷ്മീർ, തന്റെ കൊച്ചുമകന്റേതാകയാൽ സൃഷ്ടികർത്താവായ ബ്രഹ്മാവു് പ്രകൃതിയുടെ സർവ്വവിധ സമൃദ്ധികളും നൽകി ആ ഭൂവിഭാഗത്തെ അനുഗ്രഹിച്ചു. ഫലപുഷ്ടിയുള്ള മണ്ണു്, തഴച്ചുവളരുന്ന സസ്യവർഗ്ഗങ്ങൾ, മോഹനങ്ങളായ ആരാമങ്ങൾ, അത്ഭുതം ജനിപ്പിക്കുന്ന ജലാശയങ്ങൾ, സൗരഭ്യം വഹിക്കുന്ന പൂക്കൾ, മധുരോദാരങ്ങളായ ഫലവർഗ്ഗങ്ങൾ, കുളിർമ്മയുള്ള കാലാവസ്ഥ, ഇവയെല്ലാം കാഷ്മീറിന്റെ പ്രത്യേകതകളത്രേ.

മേല്പറഞ്ഞ പ്രകൃതിസിദ്ധികളെ കലാബോധവും കരവിരുതും തികഞ്ഞ മുഗൾഭരണാധികാരികൾ അതിന്റെ പാരമ്യത്തിലെത്തിച്ചു. അങ്ങനെ കലാത്മകമായി മനുഷ്യനും പ്രകൃതിയുംകൂടി വിരിച്ചൊരുക്കിയ ഹൃദയാപഹാരിയായ ഒരു രാജ്യമത്രേ ഇന്നത്തെ കാഷ്മീർ!

വിമാനം വഴിയോ ബസ്സുമാർഗ്ഗമോ കാഷ്മീരിലെത്താം. ബസ്സിലായിരുന്നു ഞങ്ങളുടെ യാത്ര. ഡൽഹിയിൽ നിന്നു സന്ധ്യയോടുകൂടി തീവണ്ടി കയറിയ ഞങ്ങൾ 'പത്താൻകോട്ടെ'ത്തിയപ്പോഴേക്കും പ്രഭാതമായി. അവിടെനിന്നു ബസ്സിലായിരുന്നു യാത്ര. ഉച്ചയോടുകൂടി ഞങ്ങൾ 'ജമ്മു'വിലെത്തി. അവിടെ നിന്നു 'കുഡി'ലെത്തിയപ്പോഴേയ്ക്കും ദിനകരൻ എരിഞ്ഞടങ്ങിയിരുന്നു. രാത്രിയിൽ യാത്ര അസാദ്ധ്യമത്രേ. അതിനാൽ അവിടെയുള്ള ഒരു 'ഡാക്ക്ബംഗ്ലാവി'ൽ രാത്രി കഴിച്ചുകൂട്ടി. പുലർച്ചയ്ക്കു് വീണ്ടും യാത്ര തുടർന്നു. പത്തു മണിയോടുകൂടി 'റാംബാനി'ലെത്തി. കാഷ്മീരിന്റെ തലസ്ഥാനമായ 'ശ്രീനഗറി'ൽ നിന്നു രാവിലെ മുതൽ ഉച്ചവരെ റാംബാനിലേയ്ക്കും ഉച്ച മുതൽ സന്ധ്യവരെ റാംബാനിൽ നിന്നു ശ്രീനഗറിലേയ്ക്കും മാത്രമേ ഗതാഗതമുണ്ടായിരിക്കുകയുള്ളു. അതും 'കോൺവോയ്' ആയിട്ടാണു് പോകുന്നതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

## ALL INDIA TOUR—1957



With the President at Rashtrapathi Bhavan



At Vizag



Paying Homage to the Father of the Nation at Rajghat



Under the world's largest banyan tree (Calcutta)



Before the Taj



On Snow-clad Gulmarg, Kashmir



In the Shalimar Garden

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



OUR N. C. C. UNIT (1957—58)



SOCIAL SERVICE LEAGUE (1957—58)

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

റാംബാനിൽ നിന്ന് ഉച്ചയോടുകൂടി ഞങ്ങളുടെ വാഹനം മററുള്ളവയോടൊപ്പം മല കയറാൻ തുടങ്ങി. അപ്പോഴാണ് ഹിമവാന്റെ ഗാംഭീര്യം അനുഭവപ്പെട്ടത്. ഹിമാവൃതമായ മലകളെ ചുററി വളഞ്ഞു പുളഞ്ഞ് കയററവുമിറക്കവുമായി കിടക്കുന്ന റോഡിന്റെ ഒരു വശത്തെ ഔന്നത്യവും മറുവശത്തെ അഗാധഗർത്തവും സഞ്ചാരികളിൽ ഭയത്തിന്റെ കാളിമ പരത്തും. യാത്രാവേളയിൽ മൂടൽമഞ്ഞു പരക്കുന്നതിനും വലിയ ഹിമഖണ്ഡങ്ങൾ അടർന്നു വീഴുന്നതിനുമുള്ള സകല സാദ്ധ്യതകളും സദാ ഉണ്ടായിരിക്കും. ഇവ രണ്ടും ഞങ്ങളുടെ യാത്രയിൽ സംഭവിയ്ക്കുകയുണ്ടായി.

യാത്രയിൽ ഏററം കിളരം കൂടിയ 'ബാനിഹാളി'ന് സമുദ്രനിരപ്പിൽ നിന്നു 9,000 അടിയിൽക്കൂടുതൽ ഉയരമുണ്ട്. കാഷ്മീർ താഴ്വര 5,000 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ബാനിഹാളിൽ ഒരു ഫർലോംഗ് നീളം വരുന്ന ഒരു തുരങ്കമുണ്ട്. അതു കടന്നു വേണം താഴോട്ടിറങ്ങാൻ. മലയുടെ ശിരസ്സിൽ നിന്നു നോക്കിയാൽ ദൃശ്യമാകുന്ന "S" ആകൃതിയിൽ നിമ്നോന്നതമായി കിടക്കുന്ന പാതയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ ആരെയും വിസ്മയിപ്പിയ്ക്കുതന്നെ ചെയ്യും!

"ഈശ്വരനെയും മരണത്തെയും സദാ മുമ്പിൽ കാണുക" എന്നു ബസ്സുകൾക്കുള്ളിലെഴുതിയിരിയ്ക്കുന്നത് വൈവിധ്യങ്ങൾ നിറഞ്ഞ ഈ യാത്രയിൽ പെട്ടെന്നുണ്ടാകാവുന്ന അപകടങ്ങളെ സൂചിപ്പിക്കുന്നു. എന്നിരുന്നാലും ഹിമാലയത്തിലൂടെയുള്ള ഈ യാത്ര ജീവിതത്തിലങ്ങേയററമാനന്ദപ്രദവും അവിസ്മരണീയവുമായിരിക്കും. ആ ഉന്നതശൃംഗതലത്തിലൂടെയുള്ള ഗമനവേളയിൽ ചുററുമൊന്നു കണ്ണോടിച്ചാൽ മലകൾ ചൂടിയിരിയ്ക്കുന്ന ഹിമകിരീടങ്ങൾ, കണ്ണെത്താത്ത ദൂരത്തിൽ പരന്നു കിടക്കുന്ന ഹിമവൽ സാനുക്കൾ—എന്നു വേണ്ട, നിരവധി നയനമനോജ്ഞദൃശ്യങ്ങൾ ദർശിക്കാം.

തുടർച്ചയായി രണ്ടു പകലത്തെ യാത്രയ്ക്കുശേഷം രാത്രി എട്ടുമണി കഴിഞ്ഞതോടുകൂടി ഞങ്ങൾ ശ്രീനഗറിൽ എത്തി.

ഒരു 'ഹൗസ്ബോട്ടി'ലായിരുന്നു ശ്രീനഗറിലെ ഞങ്ങളുടെ താമസം. സന്ദർശകരിലധികപങ്കും താമസിക്കുന്നതു് ഇത്തരം നൗകാഗൃഹങ്ങളിലത്രേ. വിരിപ്പുകളാൽ അലങ്കരിക്കപ്പെട്ട വിസ്താരമുള്ള നിരവധി മുറികൾ ഇതിനുള്ളിലുണ്ട്. അവയെല്ലാംതന്നെ വൈദ്യുതദീപങ്ങൾ, റേഡിയോ, ഫാൻ, ഹീററർ, ഫർണിച്ചറുകൾ എന്നിവകളാൽ നിറയപ്പെട്ടതുമാണ്. യഥാർത്ഥത്തിൽ ചലിയ്ക്കുന്ന കൊട്ടാരങ്ങൾ തന്നെയാണവ!

മാർച്ചുമാസം കഴിയുന്നതോടെ കാഷ്മീറിലേയ്ക്ക് വസന്തലക്ഷ്മി ആഗമിക്കും. അതോടെ കാഷ്മീർ ഉറക്കമുണരുന്നു. ശീതം നിമിത്തം ഇലപൊഴിഞ്ഞു മരവിച്ചു നിന്നിരുന്ന പാതവക്കത്തെ പൈൻ, പോപ്ലാർ തുടങ്ങിയ മരങ്ങളെല്ലാം പൊടുന്നനവേ പച്ച പുതയ്ക്കുന്നു. ആപ്പിൾ, ചിനാർ, ചെറി, ആൽമണ്ട്, ആപ്രിക്കോട്ട്, ടണ്ട് മുതലായ വൃക്ഷങ്ങൾ അപ്പോൾ പുഷ്പകിരീടമണിയുകയായി. മധുമാസമണം കലർന്ന മന്ദപവനനിൽ ഉലഞ്ഞാടുന്ന മരങ്ങളിൽനിന്ന് എപ്പോഴും പുതുപൂക്കൾ കൊഴിഞ്ഞുകൊണ്ടിരിക്കും. കുഴഞ്ഞാടുന്ന പൂക്കളും പുഴയുംതന്നെയെങ്ങും! ഈ മനോഹരദൃശ്യത്തിൽ ഒരു കേരളീയൻ

"എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം"
"ഒരു കൊച്ചു കാററെങ്ങാൻ വന്നുപോയാൽ
തുരുതുരെ പൂമഴയായി പിന്നെ."

എന്നീ പദ്യശകലങ്ങൾ സ്മരിക്കാതിരിയ്ക്കുകയില്ല. തണുപ്പിനെ ഭയന്ന് മറുനാടുകളെ അഭയം തേടിയിരുന്ന പക്ഷികളെല്ലാം തിരിച്ചുവന്നുതുടങ്ങുന്ന കാലമാണതു്. ഉറവകളിലും കാട്ടരുവികളിലും മഞ്ഞുരുകിയ കുളിർ ജലം പതഞ്ഞൊഴുകുകയായി. ആമ്പൽപ്പൂക്കളും താമരപ്പുഷ്പങ്ങളും തടാക

ങ്ങൾക്കു് തലപ്പാവു ചാർത്തുന്നു. മഞ്ഞിൽ നിന്നു രക്ഷപ്രാപിക്കാൻ അടയ്ക്കപ്പെട്ട പുരമുറികളിൽ കമ്പിളികളാൽ പൊതിയപ്പെട്ടു് ജ്വലിയ്ക്കുന്ന നെരിപ്പോടിനു സമീപം 'ഹുക്ക' യെന്ന പുകവലിക്കുഴലുമായി അഭയം തേടിയിരുന്ന ആളുകളെല്ലാം സന്തോഷംകൊണ്ടു തുള്ളിച്ചാടി പുറത്തേക്കു വരുന്നു. അതോടെ സന്ദർശക സഹസ്രങ്ങളും കാഷ്മീറിലേയ്ക്കു് ഇരച്ചു കയറുകയായി.

വസന്തത്തോടൊത്തു വരുന്ന വേനൽക്കാലത്തിൽ ശീതകാലം കാഷ്മീറിനെ ആലിംഗനം ചെയ്യുന്നു. അതോടെ സന്ദർശകരെല്ലാം കാഷ്മീർ വിടുക പതിവാണു്. അവരോടൊത്തു് പക്ഷികളും. പൂക്കൾ ചൂടിയിരുന്ന വൃക്ഷലതാദികളെല്ലാം ഇലപൊഴിച്ചു് മഞ്ഞണിയും; ശിരസ്സു് മുണ്ഡനംചെയ്തു ഭസ്മം പൂശുന്ന യോഗിമാരെപ്പോലെ. വാഹനങ്ങൾ തുരുതുരെ നീങ്ങിക്കൊണ്ടിരുന്ന ജലാശയങ്ങളിലെല്ലാം കൂറ്റൻ ഹിമോഡുപങ്ങൾ സഞ്ചരിച്ചുതുടങ്ങും. ഭവനമേൽക്കൂരകളും പുഷ്പശയ്യകളും ഹിമാവൃതമായി മാറും. എങ്ങും മഞ്ഞിൻകൂമ്പാരങ്ങൾ തന്നെ! അങ്ങനെ വീണ്ടും കാഷ്മീർ ഒരുറക്കത്തിലാകുന്നു; വസന്തകാലത്തു് വ്യയംചെയ്ത ശക്തി സംഭരിയ്ക്കാനെന്നപോലെ.

കാഷ്മീരികൾ നിശ്ശബ്ദതയിൽ കഴിയുന്ന ഹേമന്തകാലത്തു് അവർ പല പല കൗതുക സാധനങ്ങളും ഉണ്ടാക്കി സംഭരിക്കുന്നു. അവരുടെ "കൊയ്ത്തുകാല"മായ വസന്തത്തിൽ സന്ദർശകരായി ചെല്ലുന്നവരെ ഞെക്കിപ്പിഴിഞ്ഞു പണം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങളാണവ!

ഞങ്ങൾ കാഷ്മീരിലെത്തിയതു് വസന്തോത്സവകാലത്തുതന്നെയായിരുന്നു. അപ്പോൾ നല്ല തണുപ്പാണവിടെ ഞങ്ങൾക്കു് അനുഭവമായതു്. അതിനാൽ രാവിലെ പത്തുമണി കഴിഞ്ഞശേഷമേ പട്ടണസന്ദർശനത്തിനു തരപ്പെട്ടുള്ളു.

തലസ്ഥാനമായ ശ്രീനഗർ മനോഹരമായ ഒരു പട്ടണമാണു്; **5,214** ച: അടിയാണതിന്റെ ആകെ വിസ്തീർണ്ണം. അംബരചുംബികളായ മാളികകളോ, വൻ ഫാക്റ്ററികളോ ശ്രീനഗരിലില്ല. എന്നിരുന്നാലും ഒരു തലസ്ഥാന നഗരിയ്ക്കു വേണ്ടുന്ന സജ്ജീകരണങ്ങളെല്ലാം അവിടെയുണ്ടു്. വൻപിച്ച ഒരു വ്യാപാരകേന്ദ്രം കൂടിയാണു് ശ്രീനഗർ. പട്ടണത്തിന്റെ വക്ഷസ്സിലൂടെ 'ഝലം' നദി ഒഴുകുന്നു. ആ നദിതന്നെയാണു് പട്ടണത്തിലെ ഏററം തിരക്കുകൂടിയ വ്യാപാരകേന്ദ്രവും; ലണ്ടൻ നഗരത്തിലെ 'തേംസ്' നദിപോലെ.

മാനത്തു് വെള്ള വീശാത്തതാമസം, നദിയും പട്ടണവും ഒരുപോലെ ശബ്ദായമാനമാകുന്നു. അപ്പോൾ ഝലം നദിയിലൂടെ ഗമനം ചെയ്യുന്ന യാനപാത്രങ്ങൾക്കു് എണ്ണമില്ലായിരിക്കും. സന്ദർശകരെ വഹിക്കുന്ന 'ഷിക്കാറ'കൾ, ഫലവർഗ്ഗങ്ങൾ കയററിക്കൊണ്ടുപോകുന്ന 'ഡുംഗ'കൾ, പകുതിഭാഗത്തു വീടും മറുഭാഗത്തു് സാമാനങ്ങൾ കയററാൻ ഒഴിച്ചിട്ടിരിക്കുന്ന 'ബാഹ് ചസ്സു'കൾ, പണക്കാർ നോട്ടുകൾ വാരിക്കഴിയുന്ന കൂററൻ ഹൗസ് ബോട്ടുകൾ, ചെറുതും വലുതുമായ മോട്ടോർ ബോട്ടുകൾ, വനിതകൾ പാണിതലങ്ങളാൽ തുഴഞ്ഞുപോകുന്ന കൊച്ചോടങ്ങൾ—എന്നുവേണ്ട, ജലവാഹനങ്ങളുടെ ഒരു പ്രളയംതന്നെ!

ഇനി പട്ടണത്തിലേയ്ക്കു കടന്നാലോ? ഹോട്ടലുകൾ സന്ദർശകരാൽ നിറയപ്പെട്ടിരിക്കും; രാജപാതകൾ യാത്രക്കാരെക്കൊണ്ടും. പാതവക്കത്തെ കടകളെല്ലാം വിവിധ ഫലവർഗ്ഗങ്ങളാലും കാഷ്മീർ പട്ടുവസ്ത്രങ്ങളാലും തുന്നൽ, ചായപ്പണി എന്നിവകളാൽ അലംകൃതമാക്കപ്പെട്ട കരകൗശല സാധനങ്ങളാലും സമൃദ്ധമായിരിക്കും. വാങ്ങുകയും വിലപേശുകയും ചെയ്യുന്ന സന്ദർശകരുടെ ധൃതിയാണെവിടെനോക്കിയാലും. വട്ടത്തൊപ്പിയും നിലയങ്കിയും ധരിച്ച കാഷ്മീർ പുരുഷന്മാരെയും ചുവന്നു തുടുത്ത കപോലതലങ്ങളുള്ള കാഷ്മീർ തരുണികളെയും കൂടാതെ ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും എത്തിയിട്ടുള്ള എല്ലാത്തരക്കാരെയും അവിടെ കാണാം.

ഉച്ച കഴിഞ്ഞു് ഞങ്ങൾ തടാകങ്ങൾ, ശ്രീശങ്കര സ്മാരകം, മുകൾ ഉദ്യാനങ്ങൾ മുതലായവ സന്ദർശിക്കുവാൻ പുറപ്പെട്ടു. പ്രകൃതിരമണീയങ്ങളായ വമ്പിച്ചതും വിസ്തൃത തടാകങ്ങൾ കാഷ്മീരിലുണ്ടു്. സമീപസ്ഥിതങ്ങളായ മഞ്ഞു മൂടിയ ഗിരിശിഖരങ്ങളേയും പൂക്കൾ ചൂടിയ വൃക്ഷലതാദികളേയും ഒരു ദർപ്പണത്തിലെന്നപോലെ പ്രതിഫലിപ്പിക്കുന്നതും ക്രമ്പിയും വിടർന്നും നില്ക്കുന്ന വിവിധ നിറത്തിലുള്ള പുഷ്പങ്ങളോടുകൂടിയ നീർച്ചെടികളെ മുത്തമിട്ടുണർത്തുന്ന ചെറു കല്ലോല ജാലങ്ങളോടുകൂടിയതുമായ ഈ പൊയ്കകൾ സാക്ഷാൽ സൌന്ദര്യസങ്കേതങ്ങളത്രെ! ജലക്രീഡോത്സുകരായ നിരവധി ആളുകളെ ഇവ കാഷ്മീരിലേക്കാകർഷിക്കുന്നുണ്ടു്.

തടാകങ്ങളിൽ വച്ചേററം ആകർഷകം 'ഡാൽ' തടാകമാണു്. ഇതിന്റെ നീളം അഞ്ചു മൈലും വീതി രണ്ടു മൈലുമത്രേ. ഈ തടാകത്തിന്റെ ഒരു ഭാഗത്തു് ആധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള 'നെഹ്രു' പാർക്കു് കാണാം. രാത്രികാലങ്ങളിൽ നിറപ്പകിട്ടുള്ള വൈദ്യുതദീപങ്ങൾ കത്തിജ്ജ്വലിച്ചു് വർണ്ണശബളിമയുള്ള പ്രഭാപൂരം പരത്തുമ്പോൾ ആ ഉദ്യാനം ആരെയും കമ്പം കൊള്ളിക്കും.

'നെഹ്രു പാർക്കി'നഭിമുഖമായി കാണുന്ന ഒരു മലയിലാണു് ചെറുതെങ്കിലും കലാപൂരിതമായ ശ്രീശങ്കരസ്മാരകം സ്ഥിതിചെയ്യുന്നതു്. ശ്രീശങ്കരാചാര്യസ്വാമികൾ തന്റെ അദ്വൈതമതസിദ്ധാന്തങ്ങളുമായി കാഷ്മീരിലും എത്തിയെന്നും ഈ മലമുകളിൽ ധ്യാനനിരതനായി ഇരുന്നു് സർവ്വജ്ഞപീഠം കയറിയെന്നുമാണു് ചരിത്രം. അങ്ങനെ അവിടം ഒരു ഹൈന്ദവതീർത്ഥാടനകേന്ദ്രമായി. മലയാളത്തുനിന്നു ചെല്ലുന്ന ഒരുവൻ അവിടം സന്ദർശിക്കാതെ മടങ്ങുകയില്ല. കാരണം, അവനെ സംബന്ധിച്ചു്, അഭിമാനം കൊള്ളാവുന്ന ഒന്നാണതു് എന്നുള്ളതാണു്.

തടാകങ്ങളുടെ തീരങ്ങളിലായിട്ടാണു് പ്രസിദ്ധിയാർജ്ജിച്ച മുഗൾ തോട്ടങ്ങൾ ഏഴും കാണപ്പെടുന്നതു്. സൌന്ദര്യോപാസകരായ മുഗൾ ഭരണാധികാരികളാണു് അവയുടെ നിർമ്മാതാക്കൾ. കുസുമാവൃതമായ തരുക്കളാലും, ശാന്തസുന്ദരമായ വല്ലീനികുഞ്ജങ്ങളാലും, ക്രീഡോപവനങ്ങളാലും, ജലനിർഝരികളാലും കലാസൌഭഗം നിറഞ്ഞതാണു് ഈ പൂവനങ്ങൾ. ഇവയിലേററം പ്രധാനപ്പെട്ടതു് 'ഷാലിമാർ', 'നിഷാത്' എന്നിവയാണു്.

ജഹാംഗീർ ചക്രവർത്തി നൂർജഹാനുമൊത്തു് വേനൽക്കാലം ചെലവഴിക്കുവാൻ നിർമ്മിച്ച ഷാലിമാർ തോട്ടത്തിന്റെ മദ്ധ്യത്തിൽ കറുത്ത മാർബിൾ കൊണ്ടു് താഴികക്കുടം വച്ച ഒരു രമ്യഹർമ്മ്യവും അതിനു ചുററും നീർച്ചാലുകളും സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. പുരാതനകാലത്തെ പ്രതാപവും രമണീയതയും മങ്ങലേല്ക്കാതെ നില്ക്കുന്ന ഷാലിമാർ ലോകത്തിന്റെ വിദൂരകോണുകളിൽ നിന്നു് എല്ലാ ആണ്ടിലും എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കായ സന്ദർശകരെ വിഭവസമൃദ്ധമായ നേത്രസദ്യകൊണ്ടു് സംതൃപ്തരാക്കുന്നു.

ഡാൽതടാകത്തിനരികെ പടുത്തുയർത്തിയിരിക്കുന്ന 'സന്തോഷത്തിന്റെ പൂന്തോട്ട'മെന്നർത്ഥം വരുന്ന 'നിഷാത്' ഉദ്യാനത്തിന്റെ നിർമ്മാതാവു് നൂർജഹാന്റെ സഹോദരനായ 'അസാഫ് ഖാൻ' ആണു്. 595 അടി നീളവും 369 അടി വീതിയുമുള്ള ഇതു് പടി പടിയായുള്ള പത്തു തട്ടുകളായിട്ടാണു് നിലകൊള്ളുന്നതു്. ഹിമഗിരി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ടമണിഞ്ഞ് കിഴക്കാംതൂക്കായി നിലകൊള്ളുന്ന 'പീർപഞ്ചൽ' എന്ന ശൈലം പശ്ചാത്തലമായിട്ടുള്ള ഈ പൂന്തോപ്പിന്റെ ഉപരിതലത്തിൽ നിന്ന് ഡാൽ തടാകത്തിലേയ്ക്കു നോക്കുമ്പോൾ ദൃശ്യമാകുന്ന കാഴ്ചകൾ അത്യന്തം ഹൃദയാവർജ്ജകമാണ്.

അടുത്ത ദിവസമായിരുന്നു 'ഗുൽമാർഗ്ഗ്' സന്ദർശനം. വേനൽക്കാലത്തും പരിപൂർണ്ണമായി മഞ്ഞുമൂടിക്കിടക്കുന്ന സ്ഥലങ്ങളിലൊന്നു സുന്ദരമായതാണ് ഗുൽമാർഗ്ഗ്. അവിടേയ്ക്ക് ഞങ്ങൾ നടത്തിയ ഉല്ലാസയാത്ര എത്ര രസപ്രദമായായിരുന്നെന്നോ? ശ്രീനഗറിൽ നിന്ന് അവിടേയ്ക്ക് ബസ്സിൽ ഇരുപത്തിമൂന്നു മൈൽ സഞ്ചരിക്കാം. പിന്നീട് നാലു മൈൽ കുതിരപ്പുറത്തു കയറിവേണം സവാരിചെയ്യേണ്ടതു്. വിദഗ്ദ്ധമായ രീതിയിൽ പരിശീലനം നൽകിയിട്ടുള്ള കുതിരകളാണവ. യാത്രയിൽ ഓരോ കുതിരക്കാരനും അകമ്പടി സേവിക്കാൻ ഉണ്ടായിരിക്കും. കുതിരകളുടെ അഭ്യാസം ഒന്നു കാണേണ്ടതുതന്നെ! ഇടുങ്ങിയ പാതയിലൂടെയുള്ള കുതിരസ്സവാരി യാത്രക്കാരിൽ ഭയത്തിന്റെയും സന്തോഷത്തിന്റെയും അങ്കുരണം ഒരുപോലെ ഉണ്ടാക്കും. എന്തിരുന്നാലും, മഞ്ഞുപൊതിഞ്ഞു തൂക്കനെ കിടക്കുന്ന ആ മലയിലൂടെയുള്ള യാത്ര ഒരു നാളും വിസ്മരിച്ചുപോകത്തക്കതല്ല. അഭ്രങ്കഷങ്ങളായ വൃക്ഷലതാദികൾ നിറഞ്ഞു മഞ്ഞണിഞ്ഞ ആ പ്രദേശങ്ങൾ കടന്നു് ഗുൽമാർഗ്ഗിന്റെ ഉച്ചിയിലെത്തിയാലോ? മരങ്ങളെല്ലാം പകുതിയോളം മഞ്ഞിനടിയിലാണ്. അങ്ങനെയുള്ള രണ്ടു മൂന്നു ഭവനങ്ങളും അവിടെ കാണാം. അവ ചൂടുള്ള പാനീയങ്ങൾ വില്ക്കുന്ന കടകളത്രെ. ഗുൽമാർഗ്ഗിൽ ധാരാളം 'സ്ലെഡ്ജു'കൾ കൂലിക്കു കിട്ടും. അതിൽക്കയറി ഞങ്ങൾ സഞ്ചരിയ്ക്കുകയുണ്ടായി. 'സ്കേ'യിററിങ്ങിനുള്ള സൗകര്യവും അവിടെ ഉണ്ടു്. ഗുൽമാർഗ്ഗിലെത്തുന്ന സഞ്ചാരികൾക്ക് ഒരത്ഭുതലോകത്തിന്റെ പ്രതീതിയായിരിക്കും അനുഭവപ്പെടുക.

ഗുൽമാർഗ്ഗിലെ ഛായ കിട്ടിയാൽ താണുപോകുന്ന മഞ്ഞിൽ ലീലാശാന്തരായി കളിച്ചുനില്ക്കവേ മഞ്ഞുപൊഴിച്ചിൽ ആരംഭിച്ചു. മഴപോലെതന്നെ! ജലകണങ്ങൾക്കു പകരം ഹിമത്തിന്റെ ചെറിയതരികളെന്നൊരു വ്യത്യാസം. മണൽ ദേഹത്തു വീണു് തെറിച്ചുപോകുന്നപോലെ അവ തെറിച്ചുപോയി. ഗുൽമാർഗ്ഗിനെ ഏററം സമാകർഷകമാക്കിമാററുന്ന ഒന്നാണ് ഈ ഹിമവൃഷ്ടി. ഈ ആലിപ്പഴമഴ ഞങ്ങളുടെ ജീവിതത്തിലെ ദുർല്ലഭാനുഭവങ്ങളിലൊന്നുതന്നെയായിരുന്നു.

നാലു ദിവസത്തെ താമസത്തിനുശേഷം ഞങ്ങൾ തിരികെ ഡൽഹിയിലേയ്ക്ക് മടങ്ങി. അവിസ്മരണീയ ദിനങ്ങൾ!! "കാഷ്മീറിലെ പ്രകൃതിയുടെ ഘനീഭവിച്ചുകിടക്കുന്ന ആ കൃത്രിമരമണീയത ഇനി എന്നെങ്കിലും ആസ്വദിച്ച് നിർവൃതി നേടാൻ സാധിയ്ക്കുമോ?" ഇതായിരുന്നു മടക്കയാത്രയിൽ ഞങ്ങളോരോരുത്തരുടേയും രാപ്പകൽ ചിന്ത!

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പുത്തൻ ഗംഗ

*(J. K.)*

ആരാലീയൊരു വീട്ടിലെൻ മണി വിള-
ക്കേകും പ്രകാശത്തിൽ ഞാ-
നോരുന്നെൻ്റെ കഴിഞ്ഞകാല പാഠനം
ലാളിച്ചൊരെൻ ജീവിതം!
നേരായ് നിർമ്മല ചിത്തരാം മമ ഗുരു-
ശ്രേഷ്ഠർക്കൊതോടൊപ്പമി-
ന്നോരോരോ സഹജർക്കുമായിവിടെരു-
ന്നോതുന്നു ഞാൻ മംഗളം!
പാരം ഗ്രാമവിശാലഭംഗി വിരിയും
"നാലാഞ്ചിറക്കുന്നി"ലി-
ന്നാരോമൽക്കലപോലെ നേരിലുയരു-
ന്നോരെൻ കലാക്ഷേത്രമേ
താരിൽ സൗരഭമെന്നപോലെയനിശം
വർദ്ധിപ്പൂ നിൻ കാന്തിയി-
പ്പാരിൽ ശ്രേഷ്ഠപുരോഹിത പ്രതിഭേ-
ന്നാരോമലല്ലല്ലി നീ!
നേരെ പ്രാചിയിൽ സഹ്യപർവ്വതമതി-
ന്നാകാരവൈശിഷ്ട്യമി-
ച്ചേരാളുന്ന കലാവിലോലനിലയം
പാലിച്ചിടാനല്ലയോ?
ആരാലെന്നുമറേബ്യനാഴി, യമലേ
നിൻ തോഴിതൻ കൈകളാ
മാരോമൽത്തിരനീട്ടി നിന്നെയനിശം
പുല്കീട്ടമാറില്ലയോ?
സത്യം ശാശ്വതശാന്തിയേന്തിന സമാ-
ധാനം പകർന്നീടമി-
'പ്പുത്തൻ ഗംഗ'യിലൊന്നു മുങ്ങിയതു താ-
നിന്നെൻ്റെ മോക്ഷോദയം

അത്യന്തം വ്യസനം കലർന്നുരുകുമെൻ
ചിത്തത്തിലല്ലാല്ലമാ
യെത്തീ നൂതനരമ്യചിന്തകളതിൽ
ക്കാണുന്നു നിന്നുത്സവം!
പച്ചക്കല്ലു പതിച്ച വല്ലികൾ പട-
ർന്നീടും മരച്ചായമേ
ലുച്ചയ്ക്കുത്ര ദിനങ്ങളിൽ സഹജരോ-
ടൊത്തങ്ങു വാണില്ല ഞാൻ!
മെച്ചം ചേർന്ന കുടങ്ങളോടെ മരുവും
കേരത്തലപ്പിപ്പൊഴും
കൊച്ചോലക്കതിരാട്ടിയെന്നെയവിടേ-
യ്ക്കല്ലീ വിളിക്കുന്നതും?
കാണുന്നെൻ പദമുദ്രിതങ്ങളമലേ,
നിന്നങ്കണത്തിങ്കലെ
ച്ചേണോലും ദൃഢരേഖപോലവിടെ ഞാ-
നോടിക്കളിച്ചെത്ര നാൾ,
വീണോരാവരവർണ്ണകാലമിനിയി-
ങ്ങെത്താതെ പോയിട്ടവാ-
നാണോ ദുർവ്വിധി കൂട്ടുനിന്നതതിനെ-
യോർത്തിന്നു ദുഃഖിപ്പൂ ഞാൻ!!
ആ മന്ദാരമരങ്ങൾ തിങ്ങിന കുളിർ-
പ്പൂമ്പൊയ്കയിൽ വെച്ചുതാ
നാമന്ദം കവിതാരസപ്രകൃതിയെ
ച്ചുംബിച്ചതെന്മാനസം!
ഈ മട്ടാക്കിവനേകരംഗമധുരം
മന്ദസ്മിതോൽഫുല്ലമാ
മോമൽക്കാലമുണർന്നിടാം, വിധിവശാൽ
മാഴ്കുന്നിതെന്മാനസം!!

ലേഖനം

# മരണം

## ഒരു താൽക്കാലിക വേർപാട്

(*M. M. Icbal—III B. Sc.*)

ജീവികളുടെ അപ്രതീക്ഷിതതിരോധാനങ്ങൾ—അതേ, ഉൽകൃഷ്ടചിന്തകൾ മുളച്ചിളകുന്ന ആ സരണിയിലൂടെ അല്പം സഞ്ചരിക്കുമ്പോൾ, എന്താണു നമുക്കറിയാറാകുന്നതു്? എന്താണ് അപ്പോഴെല്ലാം നമ്മുടെ ഹൃദയങ്ങളിൽ അതിശക്തിയോടെ വന്നലയ്ക്കുന്നതു്? മരണം—അതൊരു പരമ സത്യമാണ് എന്ന്. ഈ ഭൗതികജീവിതം കേവലം അയഥാർത്ഥമാണെന്ന്. മരണം എന്ന ആ ഭീകര സത്വം തക്കംപാർത്ത് എപ്പോഴും പുറകിൽ പതിയിരിക്കുകയാണ്. അന്ത്യനിമിഷത്തെപ്പററി യാതൊരു ചിന്തയുമില്ലാതെ എങ്ങാനുമിരുന്ന സാങ്കല്പിക സൗധങ്ങൾ പണിയുമ്പോളായിരിക്കും മനുഷ്യന്റെമേൽ അതു ചാടിവീഴുന്നതു്; അതിന്റെ കരാളകരങ്ങൾ മൃണാളമൃദുലമായ ഗളനാളത്തെ ഞെരിക്കുന്നതു്. അപ്പോൾ ജീവതം—ഈ ഭൗതികജീവിതം—അപാരതയുടെ ആഴിപ്പരപ്പിൽ നൈമിഷികമായ ഒരു നൃത്തം മാത്രം; സാങ്കല്പികസൗധങ്ങൾ ഒന്നിച്ചു പൊട്ടിത്തകരുന്ന ഒരു നീക്കുമിളയ്ക്കു സമാനം. ഒടുവിൽ അവിടെ ശേഷിക്കുന്നതോ? മരണം. അതെ, മരണമെന്ന ആ പരമസത്യംതന്നെ. അതിനാൽ മരണമല്ലേ ജീവിതത്തെക്കാൾ വാസ്തവികമായതു്?

എവിടെ നോക്കിയാലും എങ്ങോട്ടു തിരിഞ്ഞാലും നാം കണ്ടെത്തുന്നതു്, തടില്ലതപോലെ ക്ഷണത്തിൽ മിന്നിപ്പൊലിയുന്ന ലൗകികാനന്ദങ്ങളിൽക്കിടന്നു തിമക്കുന്ന മനുഷ്യൻ ഈ മഹാസത്യത്തിന്റെ നേർക്കു കണ്ണുപൂട്ടുന്നതാണ്. ഹൃദയം അറിഞ്ഞു സ്നേഹിക്കുന്ന ഒരാളിന്റെ അവിചാരിതമായ തിരോധാനത്തിൽ ഞെട്ടൽ ഏല്ക്കാത്ത ഒരു മനുഷ്യനും ഒരിടത്തും ഉണ്ടായിരിയ്ക്കയില്ലതന്നെ. എന്നാൽ ആ മരണമെന്ന ഉഗ്രമൂർത്തി എപ്പോഴെങ്കിലും തന്നെയും അതേവിധം വിഴുങ്ങും എന്നതു് അവൻ അറിയാത്തതു് വാസ്തവത്തിൽ വളരെ അദ്ഭുതംതന്നെയാണ്. കാരണം എന്തായാലും ഈ ഭയങ്കര സത്യത്തിന്റെ നേർക്കു് കണ്ണു തുറക്കുവാൻ നമുക്കു് കഴിയുന്നില്ല. സന്ദേഹത്തിനതീതമായി എന്തെങ്കിലും ഈ ലോകത്തുണ്ടെങ്കിൽ അതു മരണമത്രേ. എന്നിരുന്നാലും, മനുഷ്യജീവിതത്തിലെ അതിപ്രധാനമായ ഈ സംഭവത്തെ ഉൾക്കണ്ണുകൊണ്ടു് കാണുവാൻ ശക്തിയുള്ളവർ നമ്മിൽ എത്രപേരുണ്ടു്. ഇന്നായാലും നാളെയായാലും അതു സംഭവിക്കാതിരിക്കയില്ല. എങ്കിലും മരണത്തിന്റെ ഭീകര കരം അടുത്ത കാലത്തെങ്ങും നമ്മെ അടുക്കുകയില്ലെന്ന് നാം വിശ്വസിക്കുന്നു. എന്നാൽ ആ വിശ്വാസം എത്രമാത്രം യുക്തിയുക്തമെന്ന് ചിന്തിക്കുവാൻ നമുക്കു കഴിയുന്നതാണോ? കഴിയുമെങ്കിൽ നീക്കമില്ലാത്ത ആ മഹാ സത്യത്തിന്റെ ദിവ്യ പ്രകാശത്തിൽ നമ്മുടെ ജീവിതത്തോടു് ക്രമീകരിക്കുകയല്ലേ നന്ന്? ഒരു പുതിയ ജീവിതം ആരംഭിക്കുക, ഒരു പുതിയ മനുഷ്യനായി മാറുക; അതായിരിക്കണം ആ ക്രമീകരണത്തിന്റെ ഉദ്ദേശം. ഇന്നു രാത്രി മരണദേവതയുടെ കരവലയത്തിൽ നാം വീഴുമെന്നും, നാളെ പ്രഭാതത്തിൽ അർക്കൻ പൂർവ്വാംബരത്തിൽ ഉയർന്ന് പൊന്നിളം കതിരുകൾ വീശുമ്പോൾ ഭൂമുഖത്തൊരിടത്തും നമ്മെ കാണില്ലെന്നും നമുക്കു് അറിവുണ്ടെങ്കിൽ ജീവിതത്തിൽ ഏതൊന്നിനുവേണ്ടിയാണോ നാം ഉഴറുന്നതു്, ഏതൊന്നിലാണോ നാം ആശാമഗ്നരായിരിക്കുന്നതു് അതിന്റെ നിസ്സാരതയും നിരർത്ഥകതയും നമുക്കു് മനസ്സിലാകുമായിരുന്നു. അതിനാലാണ് തത്വജ്ഞാനിയായ ഒരു മഹാപുരുഷൻ ഈ ലോകത്തെ നോക്കി പറഞ്ഞതു്, ദിവസം നാലു പ്രാവശ്യമെങ്കിലും മരണത്തെ സ്മരിക്കണമെന്ന്.

മിഴികളിലെ മറ നീങ്ങുന്നതിനും, ഈ ജീവിതത്തിലെ സുഖാഡംബരങ്ങളുടെ അർത്ഥരാഹിത്യം മനസ്സിലാക്കുന്നതിനും, നീചവും നിന്ദ്യവുമായ മനോവികാരങ്ങൾ ശുദ്ധീകരിക്കുന്നതിനും മരണത്തെ സ്മരിക്കുക മാത്രമാണ് പററിയ മാർഗ്ഗം.

ഒരു വിഡ്ഢിക്കോ ഒരുന്മത്തനോമാത്രം അവഗണിക്കാൻ കഴിയുന്ന മറെറാരു മഹാ പ്രശ്നമുണ്ട്. മരണത്തിനപ്പുറമെന്ത്? ഹൃദയം തുറന്നു നാം സ്നേഹിച്ച ആ മനുഷ്യൻ സീമയില്ലാത്ത ഒരു പരമശൂന്യതയിൽ തിരോഭവിക്കുകയാണോ ചെയ്യുന്നത്? അല്ലെങ്കിൽ ഈ ചക്രവാളത്തിൽ നിന്നു തിരോഭവിച്ച ആദിത്യൻ മറെറാരിടത്ത് ഉദയംചെയ്യുന്നുണ്ടോ? അങ്ങനെ ഉദിക്കുന്നുണ്ടെങ്കിൽ, മരണത്തെപ്പററിയുള്ള ഭയപ്പാടുകളിൽ പകുതിയും അസ്തമിതമാകും. ഒന്നു വിചാരിച്ചുനോക്കുക; മരണം ഒരു താല്ക്കാലിക വേർപാടു മാത്രമാണെന്നും, അഴലും വ്യഥയും ഏശാത്തതും ഒടുങ്ങാത്ത ദിവ്യപ്രകാശമെഴുന്നതുമായ ഒരു ലോകത്തിൽ, ഒരേ കുടുംബത്തിലെ അംഗങ്ങൾ വീണ്ടും സമ്മേളിക്കും എന്ന്, ഹാ! എത്ര സുഖപ്രദമായ ഒരു വിചാരമാണത്. എത്ര ശീതളമായ ഒരാശ്വാസമാണത്. ഒരു പ്രകാരത്തിൽ ഇരുളടഞ്ഞ ചക്രവാളത്തിലെ എത്ര മനോഹരമായ ഒരു രജതരേഖയാണത്.

ഭൗതികവാദത്തിന്റെ അഭിഭാഷകന്മാർ ഒരു പക്ഷേ, ഈ വിചാരഗതിയുടെ നേർക്ക് തുറിച്ചുനോക്കിയേക്കാം. പരിഹാസദ്യോതകമായ ഒരു മനോഭാവത്തോടെ അവർ പറഞ്ഞേക്കും, ഇതു മൂഢബുദ്ധികളുടെ അന്ധവിശ്വാസം മാത്രമാണെന്ന്. ദൈവം, മരണാനന്തരജീവിതം, സ്വർഗ്ഗം, നരകം ഇവയെല്ലാം സാമാന്യലോകത്തെ ഇളക്കുന്നതിനും വശപ്പെടുത്തുന്നതിനും മതപ്രവാചകന്മാർ പ്രയോഗിക്കുന്ന വെറും കൗശലങ്ങളാണെന്ന്. യഥാർത്ഥത്തിൽ ഈ അഭിപ്രായത്തോട് യോജിക്കുന്നവർ വളരെയുണ്ടാവുമെന്നു തോന്നുന്നില്ല, പ്രകൃതിയുടെ അഗാധരഹസ്യങ്ങൾ കണ്ടറിയുന്നതിനു കഴിവുള്ള നിരീക്ഷണപടുക്കളുണ്ട്. അവർ മനുഷ്യജീവിതത്തെപ്പററിയുള്ള ഏതാദൃശങ്ങളായ ബാലിശാഭിപ്രായങ്ങളെ ഒരിക്കലും ആദരിക്കുകയില്ല. ലീലാലോലുപനായ ഒരു ശിശു ഏതാനും നിമിഷം കൈയിൽ വച്ചു കളിക്കുകയും പിന്നെ പൊട്ടിച്ചെറിയുകയും ചെയ്യുന്ന ബലൂണിനുള്ളതിനേക്കാൾ കൂടുതലായി ഒരു വിലയും മനുഷ്യജീവിതത്തിനില്ലെങ്കിൽ, തീർച്ചയായും ഈ പ്രപഞ്ചം മുഴുവനും ബാലിശം തന്നെയാണ്. എന്നാൽ, ബാലിശമനഃസ്ഥിതിയെ പോററിപ്പുലർത്തുന്ന എന്തെങ്കിലും ഈ പ്രപഞ്ചത്തിന്റെ പിന്നിൽ നാം കാണുന്നുണ്ടോ? അതിനിസ്സാരങ്ങളായ അണുക്കൾ കൂടിയും, അവയുടെ പിന്നിലുള്ള അദ്ഭുതം നിറഞ്ഞ ഒരു വിജ്ഞാനലോകത്തിന്റെ മണിവാതിൽ നമുക്കു തുറന്നു കാട്ടിത്തരുന്നില്ലേ? ഒരണുജീവിയും വ്യർത്ഥമല്ലെങ്കിൽ, കേവലം ബാലിശമല്ലെങ്കിൽ, സൃഷ്ടിവസ്തുക്കളുടെ അധിരാജനായി വർത്തിക്കുന്ന മനുഷ്യന്റെ ജീവിതത്തിനു അത്രമാത്രം തുച്ഛമായ വില കല്പിക്കുവാൻ ഒരു മൂഢൻ മാത്രമേ മുതിരുകയുള്ളു. വിജ്ഞന്മാരായ പ്രവാചകന്മാർ പറയുന്നത് ശവക്കുഴി മനുഷ്യജീവിതത്തിന്റെ പൂർണ്ണവിരാമമല്ലെന്നാണ്.

അവസാനമായി ഒരു പ്രശ്നം ശേഷിക്കുന്നു. ശാശ്വതമായ പരാത്രികജീവിതത്തെ വിട്ടിട്ട് ക്ഷണഭംഗുരങ്ങളായ ജീവിതാനന്ദങ്ങളിൽ മുഴുകുന്നതു ഒരു മഹാ വിഡ്ഢിത്തമല്ലേ? അതേ, വിഡ്ഢിത്തംതന്നെ, ഏററവും പ്രബുദ്ധരായ ജനങ്ങളുടെ ജീവിതംതന്നെ എത്ര ഹീനമായ ഒന്നായിട്ടാണ് കാണപ്പെടുന്നത്. ഒരിക്കൽ ഒരാൾ ഈ ലോകത്തെ ഒരു മൃഗശാലയോട് ഉപമിച്ചു. ആ ഉപമ തികച്ചും സാരസ്യമുള്ളതുതന്നെ. ഈ ഉൽകൃഷ്ട യാഥാർത്ഥ്യങ്ങളെക്കുറിച്ച് മൃഗത്തെപ്പോലെതന്നെ മനുഷ്യനും അജ്ഞനായിരിക്കുന്നു.

മരണം, ഈ ലോകത്തേക്കാൾ മഹത്തരവും സുഭഗവുമായ മറെറാരു ലോകത്തിലേക്കുള്ള കവാടമാകുന്നു. നമുക്കു മുൻപേ നമ്മെവിട്ടു പോകുന്ന നമ്മുടെ ബന്ധുമിത്രങ്ങൾ ആ ലോകത്തെ നമ്മോ

# എൻെറ ദേശം

*(Francis Peter—P. U. C.)*

കേരളമാണെൻെറദേശം കേളിയേറും ചേരദേശം
ഭാരതത്തിൻ തിലകമായ് വിളങ്ങും ദേശം.
ചേരഭൂപർ പലരുമായോമനിച്ചു വളർത്തിയ
കേരളത്തിൻ കീർത്തിയോർത്താൽ ശ്ലാഘ്യമേ ശ്ലാഘ്യം.
കേരങ്ങളും മേന്മയേറും മാവിൻതോപ്പും പാടങ്ങളും
ചേലെഴുന്ന നദികളും നിറഞ്ഞ ദേശം.
പച്ചപ്പട്ടു വിരിച്ചപോലെങ്ങുമുണ്ടു പുൽത്തടങ്ങൾ
പച്ചിലക്കാവുകളുണ്ടു രക്ഷനല്കുവാൻ.
പിച്ചി മുല്ല വല്ലികളും കല്പതരുനിരകളു—
മുച്ചലിച്ചു വിലസുന്ന ദിക്കിലെങ്ങുമേ.
പാടിപ്പറന്നീടും പല പറവകളുണ്ടിവിടെ
ഓടിച്ചാടിക്കളിയാടും മൃഗവർഗ്ഗവും.
മാനത്തോളമുയർന്നുള്ള മലകളും കാടുകളും
നാനാതരം വൃക്ഷങ്ങളും സമ്പത്സങ്കലം.
കാട്ടുപോത്തും കടുവായും കലമാനുമെന്നുവേണ്ടാ
കൂട്ടമൊത്തു ചരിക്കുന്ന കരിവീരരും
സൈ്വരമായി വാണരുളും ദിവ്യദേശമിതുകണ്ടാൽ
വൈരമെല്ലാം നീങ്ങി മർത്ത്യർ ശാന്തരായീടും.
കേരളമാണെൻെറദേശം കേളിയേറും ചേരദേശം
ഭാരതത്തിൻ തിലകമായ് വിളങ്ങും ദേശം.

---

ടുപ്പിക്കുന്നു. ഒരു ദീപസ്തംഭംപോലെ, ആ പരമോന്നതജീവിതത്തിലേയ്ക്കു് നമ്മെ അകർഷിക്കുന്നു. ഒരു മഹാൻ മരണത്തെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക.

"ഞാൻ കടൽക്കരയിൽ നില്ക്കുകയാണു്. അടുത്തു് നംക്രൂരമിട്ടു കിടന്ന ഒരു കപ്പൽ പ്രഭാതത്തിലെ ഇളം തെന്നലിൽ തൂവെള്ളപ്പായ്കൾ വിരിച്ചു് സമുദ്രവിശാലതയിലേയ്ക്കു് പുറപ്പെട്ടുന്നു. ബലിഷ്ഠവും സുന്ദരവുമായ ആ വസ്തു ത്വരയോടെ യാനംചെയ്യുന്നതു് ഞാൻ നോക്കിനിന്നു. ഒടുവിൽ ആഴിയും ആകാശവും അന്യോന്യം അണഞ്ഞു് ആശ്ലേഷിക്കുന്നിടത്തു് ഒരു വെള്ളമേഘഖണ്ഡംപോലെ അതു കാണാറായി. അപ്പോൾ അരികിൽനിന്ന ഒരുവൻ പറഞ്ഞു, "ഹാ! അതു പൊയ്പ്പോയി" എന്നു്. കൊള്ളാം പൊയ്പ്പോയെന്നോ? എൻെറ വീക്ഷണപഥത്തിൽനിന്നു് ആ കപ്പൽ അകന്നു, അത്രമാത്രം.

നമ്മുടെ മുമ്പിൽനിന്നു് നമ്മെ വിട്ടുപിരിഞ്ഞപ്പോൾ ഉണ്ടായിരുന്ന വണ്ണവും വലിപ്പവും അതിനിപ്പോഴും ഉണ്ടു്. അതുപോലെതന്നെ അതിലെ ഭാരം ഉദ്ദിഷ്ടസ്ഥാനത്തു വഹിച്ചുകൊണ്ടു പോകുന്നതിനു് അതിപ്പോഴും ശക്തവുമാണു്. വണ്ണത്തിലും വലിപ്പത്തിലും കുറവുസംഭവിച്ചതായി എനിക്കു തോന്നി. എന്നാൽ യഥാർത്ഥത്തിൽ കടുകളവുപോലും വ്യത്യാസം അതിൻെറ ആകൃതിക്കു സംഭവിച്ചിട്ടില്ല. എൻെറ അരികിൽനിന്നു് ആരോ ഒരാൾ 'അതു പൊയ്പ്പോയി' എന്നു പറഞ്ഞപ്പോൾ അതു ഓടി അണയുന്നതു് പലരും കൌതുകലത്തോടുകൂടി നോക്കിനിന്നിരുന്നു.

"അതിതാ വരുന്നു" എന്നുള്ള ആനന്ദപ്രഘോഷങ്ങൾ അവരുടെയിടയിൽനിന്നും ഉയർന്നിരുന്നു.

അതെ, മരിക്കുകയെന്നതും ഇതുതന്നെ.

(ആശയം ഒരു അറബി പുസ്തകത്തിൽ നിന്നു്)

# ഭൂതക്കണ്ണാടിയുടെ കഥ

*(E. V. M—IV U. C.)*

ഇന്നു് രോഗകാരണങ്ങളായ പരമാണു പ്രാണികളെപ്പററിയുള്ള നിരീക്ഷണപരീക്ഷണങ്ങൾ ലോകത്തിലെവിടെയും ശാസ്ത്രജ്ഞന്മാർ ചെയ്തുകൊണ്ടിരിക്കുന്നു. ഇത്തരം രോഗാണുക്കൾ നഗ്നനേത്രങ്ങൾകൊണ്ടു കാണപ്പെടാവുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. ഭൂതക്കണ്ണാടികൊണ്ടു മാത്രമേ അവയെ കാണാൻ സാദ്ധ്യമാകയുള്ളു. പദാർത്ഥങ്ങളെ കൂടുതൽ കൂടുതൽ വലുതാക്കി കാണിക്കുന്ന സൂക്ഷ്മദർശിനിയന്ത്രങ്ങൾ ആണ്ടുതോറും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്.

വളരെ പഴക്കമുള്ളതാണു് ഭൂതക്കണ്ണാടിയുടെ കണ്ടുപിടിത്തം. ഒരൊററദിവസം കൊണ്ടല്ല ഈ യന്ത്രം കണ്ടുപിടിക്കപ്പെട്ടതു്. അനേകരുടെ അനേകനാളത്തെ പരിശ്രമഫലമായിട്ടാണു് ഇന്നത്തേതുപോലുള്ള ഒരു യന്ത്രം ലഭിക്കുവാൻ നമുക്കിടയായതു്. വാസ്തവത്തിൽ ആരാണതു കണ്ടുപിടിച്ചതെന്നു പറയാൻ പ്രയാസമാണു്. പക്ഷെ അതു് അഭിവൃദ്ധിപ്പെടുത്തുവാനും അതുകൊണ്ടു കൈകാര്യം ചെയ്യുവാനും പ്രയത്നിച്ചവരിൽ പ്രധാനി ഡച്ചുകാരനായ ഒരു കച്ചവടക്കാരനാണു്.

ആൻറൺവാൻലിയൂവൻഹാക്ക് എന്ന ഒരു ഡച്ചുകാരൻ വസ്തുക്കളെ വലുതാക്കിക്കാണിക്കുന്ന ചില്ലുകളിൽക്കൂടി നോക്കി രസിക്കുവാൻ വളരെ ചെറുപ്പകാലം മുതൽക്കേ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ചില്ലുകൾ ഉരച്ചു് ഒരു കുഴലിൽ ഘടിപ്പിച്ചു് ഭൂതക്കണ്ണാടിയുണ്ടാക്കി ഓരോ ചെറിയ പദാർത്ഥത്തെയും നോക്കി രസിക്കുന്നതായിരുന്നു അയാളുടെ വിനോദം. ഒരു ആട്ടിൻരോമം ഒരു വലിയ ഇലവുതടിയോളം വലിപ്പത്തിൽ കാണുക! ഒരു ചെറു പേൻ ഒരു ആനയുടെ രൂപത്തിലും! വളരെ രസകരമായ ഒരു കാര്യം തന്നെ അതു്.

ലിയൂവൻഹാക്കു് ഈ വിനോദത്തിൽ തൻെറ ജോലികളെല്ലാം മറന്നു് പുതിയ പുതിയ ചില്ലുകൾ ഉരച്ചുണ്ടാക്കുന്നതിൽമാത്രം വ്യാപരിച്ചു. അങ്ങനെ നൂറുനൂറെണ്ണം അദ്ദേഹം പരുവപ്പെടുത്തിയെടുത്തു. അയാൾക്കു ഭ്രാന്താണെന്നു പറഞ്ഞു് നാട്ടുകാരെല്ലാം ആക്ഷേപിക്കുമായിരുന്നു.

ക്രിസ്ത്വബ്ദം 1970–ാമാണ്ടു് ഒരുദിവസം പതിവുപോലെ അയാൾ ചില്ലുനിർമ്മാണത്തിൽ ബദ്ധശ്രദ്ധനായിരുന്നു. അയാളുടെ മകൾ മേരിയ വന്നു് ആരോ അച്ഛനെ കാണാൻ പുറത്തു നില്ക്കുന്നു എന്നറിയിച്ചു. ലിയൂവൻപറഞ്ഞു:—"എന്നാൽ അയാൾ വാങ്ങാൻവന്ന സാധനങ്ങൾ കൊടുത്തു് അദ്ദേഹത്തെ പറഞ്ഞയച്ചേക്കൂ. ഈ പണി പൂർത്തിയാകാതെ എനിക്കിവിടുന്നു വരാനാവില്ല". മേരിയ പറഞ്ഞു:— "അച്ഛാ! സാധനങ്ങളൊന്നും വാങ്ങാൻ അദ്ദേഹം വന്നതല്ല. അച്ഛനെ കാണണമെന്നു പറയുന്നു. ഉണ്ടാക്കുന്ന ഭൂതക്കണ്ണാടികളിൽ ചിലതു കാണണമത്രെ".

ലിയൂവൻഹാക്കു വിചാരിച്ചു, തന്നെ ആക്ഷേപിക്കാൻ വന്ന ആരോ ആണെന്നു്. "ഇപ്പോൾ എന്നെ കാണാൻ സാദ്ധ്യമല്ലെന്നു പറഞ്ഞേക്കൂ" എന്നു പറഞ്ഞു് അയാൾ മകളെ അയച്ചു. അവൾ ചെന്നു് അതുപോലെ പറഞ്ഞു. പക്ഷെ ആഗതൻ പോകുന്നമട്ടു കണ്ടില്ല. അദ്ദേഹം വീണ്ടും നിർബന്ധിച്ചു. കണ്ടിട്ടു് ഏതോ കാര്യഗൗരവമുള്ള ആളാണദ്ദേഹമെന്നു മേരിയായ്ക്കു തോന്നി. ആ മാന്യനെ നിരാശപ്പെടുത്തി അയയ്ക്കുന്നതു് അപമര്യാദയായിരിക്കുമെന്നു് അവൾ വീണ്ടും പിതാവിനോടു് പറഞ്ഞു. മേരിയായുടെ നിർബന്ധം കണ്ടപ്പോൾ അദ്ദേഹത്തെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുവരുന്നതിൽ വിരോധമില്ലെന്നു ഒടുവിൽ ലിയൂവൻ സമ്മതിച്ചു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ആഗതൻ അകത്തേയ്ക്കു ചെന്നു. അദ്ദേഹം വിനയമധുരമായ ശബ്ദത്തിൽ പറഞ്ഞു: "റെജിനർ ഡിഗ്രാഫ് എന്നാണു് എന്റെ പേരു്. ഞാൻ താങ്കളെ കളിയാക്കാൻ വന്നതല്ല. കുറേ അത്ഭുതച്ചില്ലുകൾ ഇവിടെ ഉണ്ടാക്കിവരുന്നതായി കേട്ടു. അവയിൽ ഒന്നുരണ്ടെങ്കിലും എന്നെ കാണിക്കുവാൻ നിങ്ങൾക്കു ദയയുണ്ടാകുമോ?"

ലിയ്യുവന്റെ ഭ്രൂശൃങ്കകൾ അല്പമൊന്നു നീങ്ങി. താൻ ഉണ്ടാക്കിയതിൽ ഏററവും പുതിയ ഒരു ഭൂതക്കണ്ണാടി എടുത്തുകൊണ്ടുവന്നു. ഒരു ലഘുകാചം (Lens) ഘടിപ്പിച്ചിരുന്ന ഒരു കുഴൽ മാത്രമായിരുന്നു അതു്. അയാൾ ഒരു മുടി പറിച്ചെടുത്തു് ആ ലെൻസിന്റെ കീഴിൽ ഘടിപ്പിച്ചു് സ്ക്രൂ തിരിച്ചു്, ശരിക്കു കാണത്തക്കവണ്ണം ലെൻസ് ആവശ്യംപോലെ പൊക്കുകയോ താഴ്ത്തുകയോ ചെയ്തുകൊണ്ടു് നോക്കിക്കൊള്ളുവാൻ ഗ്രാഫിനോടു പറഞ്ഞു. അതനുസരിച്ചു് അദ്ദേഹം ഒരു കണ്ണടച്ചു് മറേറക്കണ്ണുകൊണ്ടു് ലെൻസിൽക്കൂടി നോക്കി. അതാ, ഒരു വലിയ കരിട്ടിത്തടിപോലെ കാണപ്പെടുന്ന ആ തലനാരു്. അദ്ദേഹം ലിയ്യുവനെ നോക്കി. "ആവൂ! ഇതു് എന്തൊരു അദ്ഭുതയന്ത്രം"! എന്നു് പറഞ്ഞുപോയി.

അത്ഭുതച്ചില്ലുകൾ ഘടിപ്പിച്ചിട്ടുള്ള വേറേ ചില കുഴലുകളും ലിയ്യുവൻ അദ്ദേഹത്തിനു കാട്ടിക്കൊടുത്തു. ഗ്രാഫ് അദ്ഭുതാഹ്ലാദങ്ങളോടെ അവയെല്ലാം കണ്ടു. പോരാൻ തുടങ്ങുമ്പോൾ ഇങ്ങനെ പറഞ്ഞു. "വാസ്തവത്തിൽ നിങ്ങളുടെ ജോലി പ്രശംസയർഹിക്കുന്നു. ഇതിനെപ്പററി മററുള്ള ശാസ്ത്രജ്ഞന്മാരെ അറിയിക്കാത്തതെന്താണു്? ലിയ്യുവൻ പ്രതിവചിച്ചു:– "ആരെ അറിയിക്കാനാണു്? അല്ലെങ്കിൽ എന്തിനറിയിക്കണം? എന്നെ ഭ്രാന്തനെന്നു വിളിച്ചു് അവരും ആക്ഷേപിക്കണമോ? അതെനിക്കു് ഇഷ്ടമല്ല". ആഗതൻ വിവരിച്ചു:– "കാര്യമറിയാത്തവരാണു കളിയാക്കുന്നതു്. ഇംഗ്ലണ്ടിലുള്ള റോയൽ സൊസൈററി എന്ന സംഘടനയെ ഇക്കാര്യം വേഗം അറിയിക്കണം. ശാസ്ത്രജ്ഞന്മാരുടെ ഒരു സമിതിയാണതു്. ആ സമിതി താങ്കളെ അഭിനന്ദിക്കുകതന്നെ ചെയ്യും.

എന്നാൽ ലിയ്യുവൻ ആരെയും അറിയിക്കുവാൻ മുതിർന്നില്ല. ആ അദ്ഭുതച്ചില്ലുകളെപ്പററി ഗ്രാഫുതന്നെ റോയൽ സൊസൈററിയെ എഴുതി അറിയിച്ചു. താമസിയാതെ ലിയ്യുവനു് ആ സമിതിയിൽനിന്നൊരു കത്തു കിട്ടി. അയാളുടെ നിരീക്ഷണപരീക്ഷണാദികളെക്കുറിച്ചെല്ലാം വിശദമായ വിവരങ്ങൾ എഴുതി അറിയിക്കണമെന്നതായിരുന്നു ആ കത്തു്. പാവം! ലിയ്യുവാൻ മറുപടി അയയ്ക്കാതെ മൗനം ഭജിച്ചതേയുള്ളു. താൻ നിർമ്മിച്ച ചില്ലുകൾ വേണമെന്നു് അവർ ആവശ്യപ്പെടുമെന്നായിരുന്നു അയാളുടെ വിചാരം.

പിന്നെയും പുതിയ പുതിയ ലെൻസുകൾ നിർമ്മിച്ചു് തന്റെ സൂക്ഷ്മദർശിനികൾ പരിഷ്കരിച്ചു് പരീക്ഷണങ്ങൾ നടത്തുന്നതിൽ ലിയ്യുവൻ ഹാക്കു് അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. താമസിയാതെ അതേവരെ ഉണ്ടാക്കിയതിനേക്കാൾ നൂറുമടങ്ങു ശക്തിയുള്ള ഒരു ലെൻസ് അയാൾ നിർമ്മിച്ചു. അതുപയോഗിച്ചു് ഒരു മഴത്തുള്ളി പരിശോധിച്ചു നോക്കിയാലെന്തെന്നു് അദ്ദേഹത്തിനു തോന്നി. വീട്ടിന്റെ ഇറമ്പിൽനിന്നു് ഒരുതുള്ളി വെള്ളം നല്ലവണ്ണം തുടച്ചു് ഒരു ചെറിയ കണ്ണാടിച്ചില്ലിൽ പിടിച്ചെടുത്തുകൊണ്ടു് ആ പുതിയ സൂക്ഷ്മദർശിനിയിൽ വെച്ചു് ലെൻസിൽക്കൂടി നോക്കി. "മേരിയാ, മേരിയാ ഓടി വരു, ഓടി വരു" എന്നു് അദ്ദേഹം വിളിച്ചുകൂവി.

അവൾ ഞെട്ടിപ്പോയി. അടുക്കളയിൽനിന്നും ഓടി അവൾ അച്ഛന്റെ മുറിയിൽ ചെന്നു. എന്തോ അത്യാപത്തു പിണഞ്ഞിരിക്കുമെന്നാണു് അവൾ ഓർത്തതു്. "നോക്കു" ലിയ്യുവാൻ പറഞ്ഞു:– "ഒരു തുള്ളി വെള്ളത്തിൽ എത്ര മൃഗങ്ങൾ–ജീവികൾ–എല്ലാം കിടന്നു കുടിച്ചു നീന്തുന്നു. അതേ, എന്തോരു അദ്ഭുതജീവികളാണാവോ? ഇതു മഴത്തുള്ളിതന്നെയോ അച്ഛാ?" "പിന്നല്ലാതെ! ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന

(ശേഷം 47–ാം പേജിൽ)

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# വിദ്യാഭ്യാസ ലക്ഷ്യം

*(K. V. Chacko—Vidvan)*
(Lecturer in Malayalam.)

ബുദ്ധിമാനായ മനുഷ്യൻ ഏതെങ്കിലുമൊരു ലക്ഷ്യത്തിൽ ദൃഷ്ടിയോ മനസ്സോ ഉറപ്പിക്കാതെ യാതൊന്നും പ്രവർത്തിക്കുവാനുദ്യമിക്കുന്നില്ല. മൃഗങ്ങളിൽപ്പോലും ഈ സ്വഭാവം അവ്യക്തമായി ദർശിക്കാൻ സാധിക്കും. അതിനാൽ ലക്ഷ്യകല്പിതമായ പ്രവർത്തനം പ്രകൃതിയുടെ ധാർമ്മികമായ പ്രദാനംതന്നെ ആയിരിക്കണം. എന്നാൽ ഇതു് ജന്തുക്കളിൽ താല്ക്കാലികമായും മനുഷ്യരിൽ സനാതനമായും പരിലസിക്കുന്ന ഒരു പ്രത്യേക ഗുണമാണു്. ഈ മാനദണ്ഡത്തെ ആസ്പദമാക്കി വിദ്യാഭ്യാസത്തിന്റെ പരിപാവനവും പരമോന്നതവുമായ ലക്ഷ്യമെന്താണെന്നു പരിശോധിക്കാം.

യാതൊന്നു് അറിയപ്പെടുന്നുവോ, അതു വിദ്യ എന്നാണു് വിദ്യാപദത്തിന്റെ സംക്ഷിപ്തമായ നിർവ്വചനം. എങ്കിലും അർത്ഥസമ്പൂർണ്ണമായ ഈ ദ്വ്യക്ഷരി ഇതേവരെ പൂർണ്ണമായ വ്യാഖ്യാനത്തിനോ നിർവ്വചനപ്രകാശനത്തിനോ വിധേയമായിട്ടില്ല. അതിന്റെ സർവ്വവ്യാപകത്വവും, സർവ്വജനാരാധ്യതയും, അദൃശ്യപ്രഭാവവുമാണു് അതിനു കാരണം. വിദ്യ സ്വതസ്സിദ്ധമായ ഗാംഭീര്യത്താൽ മനുഷ്യനെ ഭയപ്പെടുത്തുകയും മാധുര്യത്താൽ ആകർഷിക്കുകയും ചെയ്യുന്നു. മധുരകോമളമായ ഈ കലയിൽ ആഗ്രഹമോ ബഹുമാനമോ ഇല്ലാത്ത ഒരുവനെങ്കിലും ഈ ഭൂമുഖത്തില്ല. ഇതിന്റെ ഹേതുവെന്തെന്നു ചിന്തിക്കാം.

മനുഷ്യനെ മൃഗത്തിൽനിന്നു വേർതിരിക്കുന്നതു വിവേകമാണു്. ജന്മസിദ്ധമായ ഈ ഗുണം അസംസ്കൃതരത്നംപോലെ മനുഷ്യനിൽ കുടികൊള്ളുന്നു. വിജ്ഞാനംകൊണ്ടുമാത്രമേ വിവേകത്തെ പ്രകാശിപ്പിക്കുവാൻ സാധിക്കയുള്ളു. വിദ്യകൂടാതെ വിജ്ഞാനസമ്പാദനം സുകരമല്ലല്ലോ. വിദ്യാസമ്പാദനത്തിൽ ശ്രദ്ധേയവും ഗൗരവാവഹവുമായ പല കാര്യങ്ങളുണ്ടു്. ഒന്നാമതായി വിദ്യ ജന്മസാഫല്യത്തിനുപകരിക്കുന്ന മുഖ്യോപകരണമാണെന്ന ചിന്ത ഓരോ വ്യക്തിക്കുമുണ്ടായിരിക്കണം. അതിനാൽ വദ്യാരംഭം ഈശ്വരചിന്തയോടുകൂടിയാണു് നിർവ്വഹിക്കേണ്ടതു്. ഈ യാഥാർത്ഥ്യത്തെ അനുസ്മരിച്ചുകൊണ്ടായിരിക്കണം പ്രാചീനസംസ്കൃതകവികളിൽ പലരും കാവ്യരചനതന്നെ സ്തോത്രരൂപത്തിൽ സമാരംഭിച്ചിട്ടുള്ളതു്. ഈശ്വരവിചാരംകൂടാതെ യാതൊന്നിലും പ്രവേശിക്കരുതെന്നു് ഉഗ്രവ്രതമുള്ളവരായിരുന്ന അന്നത്തെ അനുഗൃഹീതകവികൾ എന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല.

ഉത്തമനായ ഗുരുനാഥനെ ലഭിക്കുകയെന്നതു് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു മഹാഭാഗ്യവും ഗണ്യമായ അനുഗ്രഹവുമാണു്. അദ്ധ്യാപകൻ പണ്ഡിതനും ആശയവിനിമയവിദഗ്ദ്ധനുമായിരിക്കണമെന്നും എന്നാൽ ഈ രണ്ടു ഉൽകൃഷ്ടഗുണങ്ങളും ഒരാളിൽ ചേർന്നു പരിലസിക്കുക അത്ര സാധാരണമല്ലെന്നും മഹാകവി കാളിദാസൻ "മാളവികാഗ്നിമിത്ര"ത്തിൽ വിശദമാക്കിയിരിക്കുന്നു. ഇതിൽ ഗുരുനാഥന്റെ സ്വഭാവസംസ്കാരം, ഈശ്വരവിശ്വാസം മുതലായ ഗുണങ്ങളെപ്പററി കാളിദാസമഹാകവി മൗനാവലംബിയായതിന്റെ അർത്ഥമെന്തായിരിക്കാം. പണ്ഡിതശബ്ദത്തിൽ പ്രസ്തുത ആശയം ഉൾക്കൊള്ളുമെന്ന വിശ്വാസംതന്നെയാണു്, അതിനു കാരണം. കൂടാതെ ആർഷഭാരതത്തിലെ ഗുരുക്കന്മാരെയും ഗുരുകുലവിദ്യാഭ്യാസത്തെയും സംബന്ധി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ച്ച ദൃഢമൂലമായ വിശ്വാസാദരങ്ങളായിരുന്നു സകലക്കുമുണ്ടായിരുന്നതു്. അതിനാൽ വിദ്യാദാതാവിന്റെ സ്വഭാവത്തെപ്പറ്റി കാളിദാസൻ സംശയാലുവായില്ല. വിശേഷവിധിയായി യാതൊന്നും പ്രതിപാദിച്ചുമില്ല.

ഒരു ഉത്തമഗുരുനാഥനു് അവശ്യംവേണ്ട ഗുണങ്ങളും അനുഷ്ഠേയമായ കർത്തവ്യവും എന്താണെന്നാരായുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ. ഗുരുനാഥൻ സത്യസന്ധനും തികഞ്ഞ ആത്മാർത്ഥതയുള്ളവനും, പാണ്ഡിത്യത്തിൽ അലംഭാവമില്ലാത്തവനും, വിനീതനും ആത്മാഭിമാനിയുമായിരിക്കണം. ത്രികരണങ്ങളിൽ ഐക്യം പുലർത്തുന്നതിലും മാതൃകാപരമായ ജീവിതം നയിക്കുന്നതിലും ഗുരുനാഥൻ ദത്തശ്രദ്ധനായിരിക്കണം. പരോപദേശപാണ്ഡിത്യത്തിൽ തൃപ്തിയടയാതെ അറിവിനനുസരിച്ച അനുഷ്ഠാനംകൂടി പുലർത്തുന്നവനാണു് ഉത്തമാചാര്യൻ. അപ്രകാരമുള്ളവർ ഈശ്വരവിശ്വാസികളും ഗുണവാന്മാരും ആത്മപരിശോധകന്മാരുമായിരിക്കും. ചുരുക്കത്തിൽ അനേകം വിദ്യാർത്ഥികളുടെ ഭാവിജീവിതത്തിനു കളമൊരുക്കുന്നവരും, അതിൽ പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കുന്നവരും ഗുരുനാഥന്മാരാണെന്നു സമ്മതിക്കാതെ തരമില്ല. അതിനാൽ ഗുരുശിഷ്യബന്ധം ഏതുകാലത്തും അഭേദ്യവും, പരിപാവനവും, ആരാസ്യവുമായി പരിലസിക്കാതിരിക്കുകയില്ല. അതുകൊണ്ടത്രെ തൈത്തരീയോപനിഷത്തിൽ "മാതൃദേവോഭവ; പിതൃദേവോഭവ; ആചാര്യദേവോഭവ"; എന്നനുശാസിച്ചിരിക്കുന്നതു്. പിതാക്കന്മാരെയും ഗുരുക്കന്മാരെയും ദേവതുല്യം ബഹുമാനിക്കണമെന്നർത്ഥം.

മൂന്നാമതായി വിദ്യാർത്ഥികൾ ശ്രദ്ധപതിപ്പിക്കേണ്ടതു് പുസ്തകം, കൂട്ടുകെട്ടു്, പരിസരം എന്നിവയിലാണു്. ദുർവാസനകളേയും ദുഷ്പരിചയങ്ങളേയും പോഷിപ്പിക്കുവാനും, ശോഷിപ്പിക്കുവാനും ഇവയ്ക്കു കഴിവുണ്ടു്. ഉത്തമഗ്രന്ഥങ്ങൾ ആചാര്യന്മാരെപ്പോലെ പ്രയോജനമുള്ളവയും അല്ലാത്തവ കാളകൂടവിഷത്തെപ്പോലെ ആപൽക്കരവുമാണു്. അതിനാൽ ഗ്രന്ഥം തെരഞ്ഞെടുക്കുന്നതിൽ വിദ്യാർത്ഥികൾ വളരെ കരുതലുള്ളവരായിരിക്കണം. ഗ്രന്ഥങ്ങൾക്കുള്ളതോ അതിൽ കവിഞ്ഞതോ ആയ സ്വാധീനശക്തി സ്നേഹിതന്മാർക്കുണ്ടെന്നും അറിഞ്ഞിരിക്കേണ്ടതാണു്. ഭാവിശ്രേയസ്സിനും ശാശ്വതവിനാശത്തിനും സ്നേഹിതന്മാർ മാർഗ്ഗദർശികളാകുവാനിടയുള്ളതിനാൽ വിദ്യാർത്ഥികൾ സ്നേഹിതന്മാരെ തെരഞ്ഞെടുക്കുന്നതിലും അത്യന്തം ജാഗരൂകന്മാരായിരിക്കണം. ഗ്രന്ഥത്തിനും സ്നേഹിതനുമുള്ള സ്വാധീനശക്തി തന്നെയാണു് പരിസരത്തിനുമുള്ളതു്. അതു മനുഷ്യനെ വാർത്തെടുക്കുന്ന ഒരു കരുവാണു്. എത്ര സൂക്ഷിച്ചാലും പരിസരചിത്രം യുവഹൃദയങ്ങളിൽ മുദ്രിതമാകാതിരിക്കുകയില്ല. അതിനാൽ നിർദ്ദോഷവും നിരുപദ്രവവുമായ പരിസരങ്ങൾക്കു സ്വാഗതമരുളുവാൻ വിദ്യാർത്ഥികൾ സദാ സന്നദ്ധരായിരിക്കണം.

സുദീർഘവും നിരന്തരവുമായ പ്രയത്നംകൊണ്ടേ വിദ്യാസമ്പാദനം സാദ്ധ്യമാകയുള്ളു. കണത്യാഗിക്കു ധനമെന്നപോലെ ക്ഷണത്യാഗിക്കു വിദ്യയും കൃച്ഛ്റസാദ്ധ്യമാണു്. അധീതി, ബോധം, ആചരണം, പ്രചാരണം എന്ന വൈഷമ്യമേറിയ നാലു പടികൾ കടന്നുതന്നെയാണു് ഓരോരുത്തനും വിദ്യാസൗധത്തിന്റെ മുകൾത്തട്ടിലെത്തേണ്ടതെന്നു ശ്രീ ഹർഷൻ നൈഷധമഹാകാവ്യത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. എന്തെങ്കിലും പുതിയതായി ഗ്രഹിക്കുന്ന സമ്പ്രദായത്തിനു് അധീതിയെന്നും, പഠിച്ചതു ബുദ്ധിയിലുറപ്പിക്കുന്നതിനു ബോധമെന്നും, അഭ്യസിച്ചതു പ്രായോഗികമാക്കുന്നതിനു് ആചരണമെന്നും, സ്വപ്രയത്നഫലമായ വിജ്ഞാനവിഭവത്തെ സസന്തോഷം അന്യർക്കുകൂടി പകർന്നുകൊടുക്കുന്ന സമ്പ്രദായത്തിനു പ്രചാരണമെന്നുമാണു ഇവയുടെ അർത്ഥകല്പന. പ്രസ്തുത ധർമ്മങ്ങൾ മിക്കവാറും സമപ്രധാനങ്ങളാണെങ്കിലും അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് ആചരണമാണു്. ഒരുവന്റെ ത്യാഗവും, സന്മനസ്സും, വിശാലമനസ്കു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

തയും, സമത്വവും, സാഹോദര്യവും, ഈശ്വരവിശ്വാസവും സുവ്യക്തമാക്കുന്ന മഹാദർപ്പണമാണ് ആചരണം. ചിന്താശീലന്മാരും വിവേചനവിദഗ്ദ്ധന്മാരുമായ വിദ്യാർത്ഥികൾ ഈ രഹസ്യമറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണ്. അവർ ബുദ്ധിയും സംസ്ക്കാരവും പ്രവൃത്തിമുഖേന പ്രത്യക്ഷമാക്കുവാൻ കടപ്പെട്ടവരുമാണ്. "കർമ്മണി വ്യജ്യതേ പ്രജ്ഞാ" എന്നാണല്ലോ അഭിജ്ഞമതം.

ഓരോ വ്യക്തിയും അവനവന്റെ അഭ്യുദയത്തെ ലക്ഷ്യമാക്കി നിരന്തരം പ്രയത്നിക്കണം. പ്രവൃത്തി മനുഷ്യനെ ഉദ്ധരിക്കുകയും അധഃപതിപ്പിക്കുകയും ചെയ്യുന്നു. "ആത്മൈവഹ്യാത്മനോ ബന്ധു:-രാത്മൈവരിപുരാത്മനഃ" എന്ന ഗീതാവാക്യം സ്മരണീയമാണ്. താൻതന്നെ തനിക്കു ബന്ധുവും ശത്രുവുമെന്നർത്ഥം. "Man is the architect of his own fortunes" എന്ന ഇംഗ്ലീഷ് ആപ്തവാക്യത്തിലെ ആശയവും ഇതിൽനിന്നും വ്യത്യസ്തമല്ല. വിപതിധൈര്യവും ശുഭാപ്തിവിശ്വാസവും ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ്. തിന്മകളിൽനിന്നകന്നും നന്മകളെ വേണ്ടത്ര വളർത്തി സ്വായത്തമാക്കിയും ജീവിച്ചെങ്കിൽമാത്രമേ ആത്മാവിനെ ഉദ്ധരിക്കുവാനും ഉന്നമിപ്പിക്കുവാനും സാധിക്കുകയുള്ളൂ. ഇപ്രകാരമുള്ള സകല സൽഗ്ഗുണങ്ങളുടെയും പരിശീലനക്കളരി വിദ്യാഭ്യാസരംഗമെന്നതിൽ സംശയമില്ല. എന്നാൽ മാനസികവും ബുദ്ധിപരവുമായ വികസനംമാത്രമല്ല വിദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതു്. സകല ലൗകികസുഖങ്ങളും അനുഭവിക്കുന്നതിന് ആധാരഭൂതമായിട്ടുള്ളതു് ആരോഗ്യമാകുന്നു. ശുദ്ധവും, ഹൃദ്യവും പോഷകവുമായ ആഹാരസാധനങ്ങൾ വ്യായാമം, ആത്മസംയമനം-എന്നിവയാൽ ഓരോ വിദ്യാർത്ഥിയും ആരോഗ്യസംരക്ഷണം നിർവ്വഹിക്കുകതന്നെവേണം. എന്തെന്നാൽ ആധാരാധേയങ്ങളായ ഇവ രണ്ടും-ആരോഗ്യവും ബുദ്ധിയും സമപ്രധാനങ്ങളായി പരിഗണിക്കപ്പെടേണ്ടവയാണ്. ഇങ്ങനെ നിയമാനുസരണം ജീവിക്കുന്നവരും, ഈശ്വരവിശ്വാസികളും, ബിരുദധാരികളും ആരോഗദൃഢഗാത്രന്മാരുമായ യുവാക്കന്മാരാൽ സമലംകൃതമായ വീടും നാടും യശസ്സിനും അഭിമാനത്തിനും ആവാസരംഗമാകുമെന്നതിൽ സംശയമില്ല. "തപഃഫലംസ്യാൽ കിമതഃപരം വദ" എന്ന കാളിദാസോക്തി ഉത്തമസന്താനലാഭത്താൽ കൃതകൃത്യരായ മാതാപിതാക്കന്മാരെക്കൂടി ഉദ്ദേശിച്ചുള്ളതാണോ എന്നു തോന്നും. (ഇതിൽപരമായി തപസ്സിനെന്തുഫലമാണുണ്ടാകേണ്ടതു് പറയൂ.)

"മുന്നംചെയ്തോരു സുകൃതംകൊണ്ടേ-
നാന്നായിട്ടൊരു സുതനുണ്ടാവൂ".

എന്ന് ഫലിതമയമായി നമ്പ്യാർ പ്രസ്താവിച്ചിരിക്കുന്നു. കവികുലകൂടസ്ഥനായ കാളിദാസനാകട്ടെ

"ലോകാന്തരസുഖം പുണ്യം-
തപോദാനസമുത്ഭവം.
സന്തതിശ്ശുദ്ധവംശ്യാഹി-
പരത്രേഹച ശർമ്മണേ".

എന്താണ് സന്താനമാഹാത്മ്യത്തെപ്പറ്റി ഉൽഘോഷിച്ചിരിക്കുന്നതു്. തപസ്സ്, ദാനം എന്നിവയാൽ സമ്പാദിതമായ പുണ്യം പരലോകസുഖത്തിനു പര്യാപ്തമാണെങ്കിൽ സൽസന്താനം ഐഹികവും പാരത്രികവുമായ സുഖങ്ങളെ ഒന്നുപോലെ പ്രദാനംചെയ്വാൻ കഴിവുള്ളതാണെന്നർത്ഥം.

"ദുരപത്യം കുലാംഗാരോ-
ഗോത്രേജാതം മഹത്യപി".

എന്നു ദുഷ്ടസന്താനത്തിന്റെ നിന്ദനാവസ്ഥ, അനാശാസ്യത, നാശോന്മുഖത്വം മുതലായവയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് വാഗ്ഭടാചാര്യൻ പ്രപഞ്ചനം ചെയ്തിരിക്കുന്നു. (എത്ര മഹത്തായ ഗോത്രത്തിൽ ജനിച്ചാലും ദുഷ്ടസന്താനം വംശത്തിനു തീക്കൊള്ളിയാണ്.) ഏതായാലും മാതാപിതാക്കന്മാരുടെ ജീവിതനാടകത്തിന്റെ ജയാ

പജയങ്ങൾ സന്താനങ്ങളിലാണ സ്ഥിതിചെയ്യുന്നതെന്ന നിസ്സംശയം, നിസ്സങ്കോചം പറയാവുന്നതാണ്.

ഇനി നമ്മുടെ ശ്രദ്ധയെ മറെറാരു രംഗത്തേക്കു തിരിച്ചുവിടാം. അനവധി ക്ലേശങ്ങൾ സഹിച്ചും ത്യാഗകർമ്മങ്ങളനുഷ്ഠിച്ചും അവനവനെ നിയന്ത്രിച്ചും ജീവിക്കേണ്ട ആവശ്യം മനുഷ്യനുണ്ടോ എന്നുകൂടി ചിന്തിച്ചുനോക്കാം. ലോകം തറവാടും മനുഷ്യർ അതിലെ അംഗങ്ങളുമാണെന്ന പുരാതനമഹർഷിമാർ രേഖപ്പെടുത്തിയിരിക്കുന്നു. 'നളിനീദളഗതജലം'മെന്നപോലെ ജീവിതം അതിതരളമാണെന്നും അവർ പഠിപ്പിക്കുന്നു. അങ്ങനെയിരിക്കെ വിജ്ഞാനസമ്പന്നനും ലോകയാഥാർത്ഥ്യഗ്രാഹിയുമായ ഒരു വ്യക്തിയുടെ ഹൃദയവേദിയിൽ അസൂയ, അഹങ്കാരം, പരദ്രോഹം മുതലായ ദുർഗ്ഗുണങ്ങൾ ഒരുപ്രകാരത്തിലും നിഴലിച്ചുകൂടാത്തതാണ്. യഥാർത്ഥവിദ്യ വിനയത്തേയും പരസ്നേഹത്തേയുമാണല്ലോ പ്രദാനംചെയ്യുന്നതു്. ജന്മസിദ്ധമായ ദുർഗ്ഗുണങ്ങളെ ഉന്മൂലനാശം ചെയ്‌വാൻ പര്യാപ്തമല്ലാത്ത വിദ്യ വിദ്യയല്ലെന്നാണ് അഭിജ്ഞമതം.

സകല സൽഗുണങ്ങളുടെയും അടിസ്ഥാനം ഭക്തിയാണെന്ന വേദപാരംഗതന്മാർ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. മനുഷ്യൻ ഈശ്വരനിൽ നിന്നു് അകലുന്തോറും മൃഗീയതയുടെയും, പൈശാചികതയുടെയും കരിനിഴൽ അവനെ വലയം ചെയ്യുന്നു. അങ്ങനെ പാപഗ്രസ്തനായ അവൻ നാശഗർത്തത്തിൽ നിപതിക്കുന്നു. അവന്റെ വിദ്യയും വിജ്ഞാനവും ശൂന്യതയുടെ ഇരുളിൽ തിരോധാനംചെയ്യുകയും ചെയ്യുന്നു. വിദ്യയുടെ മാഹാത്മ്യം ഗ്രഹിക്കാതെ അതു കൈകാര്യം ചെയ്യുന്നവരുടെ അനുഭവം മിക്കവാറും ഇതുതന്നെയാണ്. യഥാർത്ഥവിദ്യ എന്താണെന്നു് എഴുത്തച്ഛൻ ലളിതസുന്ദരമായ ഭാഷയിൽ വെളിപ്പെടുത്തുന്നതിപ്രകാരമാണ്:—

"ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്ന
മോഹൈകഹന്ത്രിയായുള്ളതു വിദ്യകേൾ"
"സംസാരകാരിണിയായത വിദ്യയും—
സംസാരനാശിനിയായതു വിദ്യയും".

ഇതിൽപ്പരമായി വിദ്യയെ ആക്കെങ്ങനെ നിർവ്വചിക്കാൻ സാധിക്കും? ഞാൻ ദേഹമല്ല, ആത്മാവാണ് എന്ന യാഥാർത്ഥ്യം ഗ്രഹിക്കുവാൻ—അജ്ഞാനാന്ധകാരത്തെ വിപാടനം ചെയ്യുവാൻ മനുഷ്യനെ സഹായിക്കുന്നതും പ്രേരിപ്പിക്കുന്നതുമേതോ അതാണ് യഥാർത്ഥവിദ്യ. കൂടാതെ പ്രപഞ്ചബന്ധം വർദ്ധിപ്പിക്കുന്നതിനു സഹായകമായതു് അവിദ്യയും, ലൗകികവിഷയങ്ങളിൽ നിന്നു മനുഷ്യനെ മുക്തനാക്കി സച്ചിദാനന്ദസവിധത്തിലേക്കു നയിക്കുവാനുപകരിക്കുന്നതു് സാക്ഷാത്തായ വിദ്യയുമാണെന്നത്രേ എഴുത്തച്ഛന്റെ മതം. ഏതു വിദ്യയുടേയും പരിണതഫലം ഈശ്വരസാക്ഷാൽക്കാരമായിരിക്കണമെന്നു് "വേദൈശ്ച സർവ്വൈരഹമേവ വേദ്യഃ" എന്ന ഗീതാവാക്യവും അനുസ്മരിപ്പിക്കുന്നു. സകല വിജ്ഞാനങ്ങളും ജ്ഞാനാഗ്നിജ്വലനത്താൽ ഇന്ധനമായിത്തീർന്നില്ലെങ്കിൽ അവയെല്ലാം വ്യർത്ഥമാണ്. മനുഷ്യജന്മത്തിന്റെ സാഫല്യം ജീവിതത്തിന്റെ ഏകലക്ഷ്യം ആത്മരക്ഷയല്ലാതെ മറെറാന്നമല്ല. മനുഷ്യാത്മാവിന്റെ നഷ്ടം അത്യന്തം ശോചനീയവും അപരിഹാര്യവുമാണ്. ആത്മാവിന്റെ അമൂല്യതയെപ്പററി ഉപനിഷത്തിൽ "ഏഷമ ആത്മാ ജ്യായാൻ പൃഥിവ്യാ:" എന്നു പ്രകീർത്തിച്ചിരിക്കുന്നു. എന്റെ ആത്മാവു ലോകമെല്ലാം കൂടിയതിനേക്കാൾ വിലയുള്ളതാകുന്നു എന്നർത്ഥം. അതിനാൽ ആത്മരക്ഷയ്ക്കായി മനുഷ്യൻ സർവ്വശക്തിയും പ്രയോഗിക്കണം. ലൗകികവിഭവങ്ങൾ എത്രതന്നെ ഹൃദയാഹ്ലാദകങ്ങളും ആനന്ദസന്ദായകങ്ങളുമാകട്ടെ, അവയ്ക്കു മനുഷ്യമനസ്സിനെ സമാധാനിപ്പിക്കുവാനും തൃപ്തിപ്പെടുത്തുവാനും സാദ്ധ്യമല്ല. നിത്യതയെ വിസ്മരിച്ചും അനിത്യതയെ ആശ്ലേഷിച്ചും ജീവിക്കുന്നവൻ എന്നായാലും നൈരാശ്യത്തിന്റെ തിക്തകരസമാസ്വാദിക്കേണ്ടിവരും. അതിനാൽ ലൗകികാഭ്യുദയം ആദ്ധ്യാത്മികാധഃപതനത്തിനിട

MAR IVANIOS COLLEGE DIGITAL REPOSITORY LIBRARY

യാക്കാതെ "നിയതം കുരു കർമ്മത്വം"–"സ്മരന്നിത്യമനിത്യതാം" എന്ന ഗീതാവചനം പ്രയോഗികമാക്കുവാനാണ് ഓരോരുത്തനും ഉദ്യമിക്കേണ്ടതു്. നിർവിഘ്നം ധർമ്മമനുഷ്ഠിച്ചും ജീവിതത്തിന്റെ അനിത്യതയെ സ്മരിച്ചും ജീവിക്കണമെന്നർത്ഥം. ധർമ്മാചരണമാണ് സകല സുഖങ്ങൾക്കും അടിസ്ഥാനം. ധർമ്മവിലോപനത്താൽ പാപവും പാപത്താൽ ആത്മനാശവും സംഭവിക്കും. സൽക്കവി ശബ്ദാർത്ഥങ്ങളെ എന്നപോലെ ജ്ഞാനിയായ മനുഷ്യൻ പുരുഷകാരത്തെയും ദൈഷ്ടികതയേയും സമപ്രധാനമായി പരിഗണിച്ച് ധർമ്മാചരണത്തിൽ സദാ വ്യാപൃതനായിരിക്കണമെന്നാണ് മഹാകവികളും ആചാര്യന്മാരും ഉപദേശിക്കുന്നതു്. ബുദ്ധിജീവിയായ മനുഷ്യൻ സ്രഷ്ടാവിനെ വിസ്മരിക്കുന്നതു് അക്ഷന്തവ്യമായ അപരാധവും കൃതഘ്നതയുമാണ്. എന്തെന്നാൽ ക്ഷുദ്രകീടങ്ങൾമുതൽ പ്രപഞ്ച മഹാശക്തികൾവരെ ആദ്യന്തവിഹീനനും ജഗദേകബന്ധുവുമായ ആ സച്ചിദാനന്ദ സ്വരൂപനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

"ഭീഷാസ്മാദ്വാതഃ പവതേ;
ഭീഷോദേതി സൂര്യഃ"

എന്ന ശ്രുതി വാക്യം ആദരണീയവും സ്മരണീയവുമാണ്. ഈശ്വരഭയത്താൽ വായു വിശ്രമിക്കാതെ വീശുകയും, സൂര്യൻ ഉദിക്കുകയും ചെയ്യുന്നു. ഭൂമി, ആകാശം, സൂര്യചന്ദ്രന്മാർ, പർവ്വതങ്ങൾ, വായുക്കൾ, മഹാസമുദ്രങ്ങൾ മുതലായവ ചേതോഹരമായ പ്രകൃതിയിലൂടെ ഈശ്വരമാഹാത്മ്യങ്ങളെ പ്രകീർത്തനം ചെയ്യുമ്പോൾ–പ്രകൃതി, പ്രപഞ്ചമാകുന്ന മഹാഗ്രന്ഥം തുറന്ന് ജ്ഞാനസമ്പാദനത്തിനായി മനുഷ്യരാശിയെ ആഹ്വാനം ചെയ്യുമ്പോൾ–ജീവികളിൽ അഗ്രഗണ്യനായ മനുഷ്യൻ എങ്ങനെ ഉദാസീനത കൈവരിക്കും? ബുദ്ധിയാൽ വിജ്ഞാനവും, വിജ്ഞാനത്താൽ ജ്ഞാനവും, ജ്ഞാനത്താൽ മുക്തിയും നേടി അവൻ ജന്മത്തെ സഫലമാക്കണം.

---

(42-ാം പേജിന്റെ തുടർച്ച)

മഴയത്തു് ഇറമ്പിൽനിന്നു ഞാൻ പിടിച്ചെടുത്തു കൊണ്ടുവന്ന വെള്ളത്തുള്ളിയാണല്ലോ" അല്പം ആലോചിച്ചിട്ട് വീണ്ടും പറഞ്ഞു. "മേൽക്കൂരയിലോ ഭൂമിയിലോ തൊടാത്ത മഴത്തുള്ളി ഒന്നു പരിശോധിച്ചുനോക്കിയാലോ"?

മേഘത്തിൽനിന്നു നേരേവന്ന മഴത്തുള്ളി സ്ഫടികച്ചില്ലിൽ അയാൾ പിടിച്ചെടുത്തു. അതു് സൂക്ഷ്മദർശിനിയിൽ വെച്ച് പരിശോധിച്ചുനോക്കി. ഒരു ജീവിയേയും അതിൽ കണ്ടില്ല. എന്നാൽ ഏതാനും ദിവസങ്ങൾ കഴിഞ്ഞുശേഷം അതേ വെള്ളത്തുള്ളിതന്നെ അയാൾ വീണ്ടും പരിശോധിച്ചു. അദ്ഭുതം! ഇറമ്പിലെ വെള്ളത്തുള്ളിയിലെന്നപോലെ ജീവികൾ അതാ നീന്തിക്കളിക്കുന്നു! ആകാശത്തുനിന്നു വരുമ്പോൾ മഴവെള്ളം പരിശുദ്ധമാണ്; എന്നാൽ പിന്നീട് അതു മലിനമായിത്തീരും. അങ്ങനെ അയാൾ നിഗമനം ചെയ്തു. ആ നിരീക്ഷണവൃത്താന്തം റോയൽ സൊസൈററിക്ക് എഴുതിയയയ്ക്കുവാൻ തന്നെ നിശ്ചയിച്ചു. അവർ ആക്ഷേപിക്കുമെങ്കിൽ ആക്ഷേപിക്കട്ടെ. എന്നാൽ അവർ ആക്ഷേപിച്ചില്ല. ആ പരമാണുജീവികളെപ്പററി അയാൾ എഴുതിയയച്ച വിവരങ്ങളും വരച്ചുചേർത്തിരിക്കുന്ന ചിത്രങ്ങളും അവരെ അദ്ഭുതപ്പെടുത്തി. ഉടനെതന്നെ ഒരു അഭിനന്ദനക്കത്തു് അവർ അയച്ചു. കൂടുതൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തണമെന്നും, നിരീക്ഷണവിവരങ്ങൾ എഴുതി അറിയിച്ചുകൊണ്ടിരിക്കണമെന്നും അവർ ആവശ്യപ്പെടുകയും ചെയ്തു. ലിയൂവൻ അഭിമാനഭരിതനായി. ശക്തികൂടിയ സൂക്ഷ്മദർശിനികൾ ഉണ്ടാക്കുവാനും, നിരീക്ഷണപരീക്ഷണങ്ങൾ നടത്തുവാനും അയാൾ അന്നുതൊട്ടു കൂടുതൽ യത്നിച്ചു.

പരമാണുജീവികളെക്കുറിച്ച് പലതും അയാൾ കണ്ടറിഞ്ഞു. എന്നാൽ വൈദ്യശാസ്ത്രത്തിന്റെ ഒരു പുതിയ അദ്ധ്യായം ഇതുമൂലം താൻ ഉദ്ഘാടനം ചെയ്യുകയാണെന്ന് അയാൾക്കറിയാമായിരുന്നില്ല. റോയൽ സൊസൈററിയും അതു ഗ്രഹിച്ചില്ല. എന്നാൽ ആ ഡച്ചുകാരനാണ് വാസ്തവത്തിൽ അണുജീവിശാസ്ത്രത്തിന്റെ പിതാവെന്ന് പിൽക്കാലത്തുള്ളവർ ഗ്രഹിക്കുകയും, അദ്ദേഹത്തിന്റെ നാമം ആദരപൂർവ്വം സ്മരിക്കുകയും ചെയ്തുപോരുന്നു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# നർത്തകി

*(R. Vijayarangan—P. U. C)*

ശോണസുന്ദരമാകും സന്ധ്യതൻ കവിൾത്തട്ടിൽ
ചേണിയന്നമ്മവച്ചപ്പകലോൻ മറഞ്ഞപ്പോൾ
ആർത്തലച്ചീട്ടും ഘോരവാരിധിക്കകലെനി–
ന്നാഞ്ഞലച്ചീട്ടും കാററിൽ സന്ധ്യയാൾ തേങ്ങിത്തേങ്ങി
വിങ്ങിനില്ക്കവേ നിലവാനിൽനിന്നുയരുന്നു
മഞ്ജുളശോഭം ചേലയുർവിയെ പുതപ്പിക്കാൻ.
നീരന്ധ്രനീലാകാശേ ലോലമായ് സ്ഫുരിക്കുമ–
ത്താരകൾ പൂത്തു ശുഭ്രപാലാഴിയാകുന്നേരം
വെള്ളിയോടത്തിൽക്കേറിയപ്സരകുമാരിയാൾ
നിന്ദിതം വിഹായസ്സിലിറങ്ങീ നീരാട്ടുവാൻ.
ഏതൊരു സുരശില്പി പണിതീർത്തതീ നിന്റെ
കാവ്യനാടകനൃത്ത സുന്ദരമണിപ്പീഠം?
രാഗലാലസേ, നിന്റെ ചഞ്ചലമിഴികളി–
ലാരുവാനെഴുതിയീ കാർമേഘകദംബങ്ങൾ?
ഭാവനാസ്വർഗ്ഗത്തിലെത്താമരദളങ്ങളിൽ
കോമളക്കതിർകോർത്തു ചന്ദ്രിക ലസിക്കുമ്പോൾ
ചക്രവാളത്തിൻഭിത്തി ഭേദിച്ചുഭേദിച്ചതോ
സ്വർഗ്ഗരാജ്യത്തിൽനിന്നു നിർഗ്ഗളിക്കുന്നീഗാനം!
കലയും കവിതയും കുങ്കുമംചാലിച്ചു നിൻ
ബന്ധുരാധരങ്ങളിൽ വർണ്ണങ്ങൾ പിടിപ്പിച്ചു.
താരുണ്യം താരാട്ടുന്ന നിൻമൃദുമേനിസ്പർശ–
നോത്സുകം കുളിർരോമഹർഷകം പൂത്തിടുമ്പോൾ
ശോഭനേ, നിന്നായത രമ്യ നേത്രങ്ങൾ രണ്ടും
പ്രേമശീതളിമയാൽ നീന്നിമീലിതങ്ങളായ്.
ചെമ്മണിച്ചുണ്ടിൽ കൊഞ്ചിത്തഞ്ചിടും മൃദുഹാസ–
മെന്തിനു ലജ്ജാശഷ്കമായിടുന്നിതെൻ തോഴി?
വിശ്വദേവതേ, നിന്റെ പാദപങ്കജത്തിലെ
കനകച്ചിലങ്കകൾ മർമ്മരമുതിർക്കുമ്പോൾ
ശോകശോകമായ് നേർത്തു പാടുമാ മുരളിതൻ
ഗാനവീചികൾക്കൊത്തു മന്ദമായ് പദംവെച്ചു
കരളിൻ ശ്രീകോവിലിൽ നെയ്‌വിളക്കുമായ് വന്ന
രജതപ്രഭോത്സുകം ഗന്ധർവ്വകുമാരികേ,
നിൻമൃദുപദസ്വനം ശ്രവിക്കെയെൻചേതന
മന്നിൽനിന്നനഘമാം സ്വപ്നമേഖല പൂകും.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# മീനാ

*(T. R. Ramakrishnan, B. Com.)*

ഞാൻ ഒരു കാളേജിലെ ഇംഗ്ലീഷ് ലക്ചററാണ്. ഷേക്സ്പിയറുടെ നാടകങ്ങളുമായി ഞാൻ എപ്പോഴും സമ്പർക്കം പുലർത്തിവരികയാണ്. വായിച്ചു വായിച്ച് ഇപ്പോൾ ഒരു മാതിരി അവ കാണാതെ ചൊല്ലാൻ കഴിയുന്ന നിലയിൽ ഞാൻ എത്തിയിട്ടുണ്ട്. ഷേക്സ്പിയറുടെ മായാതാരങ്ങളായ ഡെസ്ഡിമോണയും, വയോലയും അങ്ങനെ മിയ്യവരും എൻെറ പ്രിയപ്പെട്ട നായികമാർ (Favourite Heroines) ആണ്.

അവരെപ്പററി ക്ലാസിൽ ലക്ചർചെയ്യുമ്പോഴും വായിക്കുമ്പോഴും എൻെറ മീനയുടെ മുഖം ഞാൻ ഓർക്കുക പതിവാണ്. ആ പുഞ്ചിരിതൂകുന്ന മുഖം! ആ നീണ്ട നയനങ്ങൾ! മുഖത്തുള്ള ആ നാണം! എല്ലാംകൊണ്ടും അവളൊരു സുന്ദരിയാണ്; ദേവതയാണ്; അപ്സരസ്സാണ്. പിന്നെന്തുവേണം? ഞങ്ങൾ തമ്മിൽ വലിയ അടുപ്പമൊന്നുമില്ല. ഞാൻ കാളേജിൽ നിന്നും വരുമ്പോൾ അവളെക്കാണും. അവൾ എന്നെയും കാണും. ഞങ്ങൾ രണ്ടുപേരും തമ്മിൽ ഒന്നു നോക്കും. ഞാനൊന്നു ചിരിക്കും. അവളും ചിരിക്കും. പക്ഷെ അതു ഞാൻ കാണാറില്ല. കാരണം, അവളുടെ തല നാണംകൊണ്ടു താഴുക പതിവാണ്. ഞങ്ങൾ തമ്മിൽ ഒരിക്കലും സംസാരിച്ചിട്ടില്ല. എനിക്കവളുടെ പേരറിയാം. പക്ഷെ അവൾക്കോ? അതെനിക്കു സംശയമാണ്.

എൻെറ അടുത്ത വീട്ടിലാണ് അവളുടെ താമസം. എൻെറ മുറിയിൽ നിന്ന് എനിക്കവളെ നല്ലവണ്ണം കാണാം. എൻെറ മുറിക്ക് അഭിമുഖമായി ഒരു കസാലയിലിരുന്നാണ് അവൾ വായിക്കാറുള്ളത്. ചില സമയത്ത് ഞാൻ എന്നെങ്കിലും അടയാളങ്ങൾ അവളോടു കാണിക്കാമെന്നു വിചാരിക്കും. പക്ഷേ, അപ്പോഴെല്ലാം അവളുടെ അച്ഛൻ അവിടെ കാണും.

മീനയുടെ അച്ഛൻ ഒരു വക്കീലാണ്. അദ്ദേഹത്തിൻെറ വരവ് ഒരു സാധാരണ വക്കീലിൻേറതു മാത്രം. പക്ഷേ, അദ്ദേഹത്തിൻെറ സ്വത്തായ ആ രണ്ടുനില കെട്ടിടം കണ്ടാൽ ഒരു വലിയ വക്കീലാണ് അദ്ദേഹം എന്ന് ആരും ധരിച്ചുപോകും. ഞാനും അദ്ദേഹവും വലിയ കൂട്ടുകെട്ടിലാണ്. അദ്ദേഹത്തിനെന്നെ വളരെ സമ്മതവുമാണ്.

അങ്ങനെയിരിക്കെ അദ്ദേഹത്തിനു സുഖമില്ലാതായി. വലിയ സുഖക്കേടൊന്നുമില്ല, ഒരു ചെറിയ പനിമാത്രം. അദ്ദേഹം എന്നെക്കാണുമ്പോഴെല്ലാം പറയും:–

"എൻെറ പെണ്ണിനെ ഒരു കളക്ടറെക്കൊണ്ടോ, ഒരു ഇഞ്ചിനീയറെക്കൊണ്ടോ അല്ലെങ്കിൽ ഒരു മാനേജരെക്കൊണ്ടോ ഞാൻ കെട്ടിക്കും. അതിനെത്ര ചെലവായാലും ഞാൻ സഹിക്കും." ആ ചെറിയ പനിക്കു ഹേതു ഈ വിചാരമായിരുന്നു.

ഒരു പേനാക്കത്തികൊണ്ടു മുതുകിൽ കുത്തിയാലും ഇത്ര വേദന തോന്നുകയില്ല. അതു കേൾക്കുമ്പോളുള്ള എൻെറ വേദന അതിലുമധികമാണ്. അദ്ദേഹത്തെ രണ്ടു കൊട്ടുത്താൽകൊള്ളാമെന്നുപോലും എനിക്കു തോന്നും. പക്ഷെ എന്തു ചെയ്യാം അദ്ദേഹം മീനയുടെ അച്ഛനായിപ്പോയി. അല്ലെങ്കിൽ ഒന്നു ഞാനും നോക്കിയേനേ. അദ്ദേഹം ഈ പല്ലവി പാടിത്തുടങ്ങിയതുമുതൽ എനിക്കാകപ്പാടെ ഒരു വല്ലായ്മ തോന്നിത്തുടങ്ങി. എൻെറ ഉത്സാഹമെല്ലാം നശിച്ചു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

"മീനയ്ക്കിതറിയാമോ എന്തോ? പക്ഷേ, അറിയാമായിരിക്കാം. പിന്നെന്താണവൾ ഒന്നും മിണ്ടാത്തത്? ഛേ! അവളെങ്ങനെ മിണ്ടും? അവളൊരു പെണ്ണല്ലേ? അവൾക്കാണുങ്ങളെപ്പോലെ വെളിയിലിറങ്ങാനും സംസാരിക്കാനും സ്വാതന്ത്ര്യം ഉണ്ടോ? അ.... .... .... അവളെന്നെ സ്നേഹിക്കുന്നു. അതു തീർച്ചയാണ്. അതു പലപ്പോഴും കണ്ണിമകളിൽക്കൂടി പ്രകടിപ്പിച്ചിട്ടുണ്ട് .... .... എനിക്കവളെ കാണണമല്ലോ.... .... .... ഈശ്വരൻ അതിനെന്നെ സഹായിക്കുമോ.... .... ....?

നിരന്തരമായ ഈ ചിന്തനിമിത്തം ഞാൻ വല്ലാതെ ക്ഷീണിച്ചു. അഞ്ചാറു ദിവസം ഞാൻ കാളേജിൽ പോയില്ല. അങ്ങനെ ദിവസങ്ങളും നീങ്ങി. ഒരു ദിവസം വൈകുന്നേരം ഞാൻ കാളേജിൽനിന്നു വരികയായിരുന്നു. എന്റെ മുഖം മ്ലാനമായിരുന്നു. പലവിധ ചിന്തകൾ എന്റെ മനോദർപ്പണത്തിൽ അലതല്ലിക്കൊണ്ടിരുന്നു. ആരോ എന്നെ "പ്രഭാത്" എന്നു വിളിച്ചു. ഞാനൊന്നു തിരിഞ്ഞു നോക്കി.

"എന്ത്! അതു മീനയോ, ഛേ! സ്വപ്നമായിരിക്കാം!

വാസ്തവത്തിൽ ഞാൻ കണ്ടതു മീനയെത്തന്നെയായിരുന്നു. കണ്ണുകൾ തിരുമ്മി. ബോധ്യം വന്നു. അപ്പോഴും ആ പഴയ നാണംനിറഞ്ഞ ചിരി. അതവളുടെ മുഖത്തു കളിയാടിയിരുന്നു.

"പ്രഭാത്"

പിന്നെയും അവളെന്റെ പേർ വിളിച്ചു. അവൾക്കെന്റെ പേർ അറിയാം. അതെ, അവൾ ആ വിളി വീണ്ടും തുടർന്നു. ഞാൻ ആഹ്ലാദത്തിൽ തുള്ളിച്ചാടി.

എന്തേ, പ്രഭാത് എന്നോടു പിണക്കമോ?
ഞാൻ എന്തിനു മീനയോടു പിണങ്ങുന്നു?
പിന്നാരോടാണു പിണക്കം....?
എന്റെ വിധിയോട്.
വിധി പ്രഭാതിനോട് എന്തുചെയ്തു?
വിധി 'മീനയെ' എന്നിൽനിന്നും അകററുന്നു.

'ഇല്ല പ്രഭാത്' അതൊരിക്കലും ഇല്ല, വിധി നമ്മളെ തമ്മിൽ ചേർക്കും.

അവളുടെ മുഖത്തു് അപ്പോൾ ധൈര്യം സ്ഫുരിച്ചിരുന്നു. അവൾ സപ്രേമപൂർവ്വം വീണ്ടും പറഞ്ഞു:

"പ്രഭാത് എനിക്കെല്ലാം മനസ്സിലായി. അച്ഛൻ എന്തെങ്കിലും പറഞ്ഞുകാണും. അതാണ് ഈ മ്ലാനതയ്ക്കു കാരണം. അച്ഛൻ പറഞ്ഞതു കാര്യമാക്കേണ്ട. അദ്ദേഹം എന്നോടും ഇങ്ങനെ പറഞ്ഞിട്ടുണ്ട്. പക്ഷെ ഞാനതു കാര്യമാക്കാറില്ല. അച്ഛന് പ്രഭാതിനോട് വലിയ കാര്യമാണ്. അതു് അറിയാമല്ലോ.

"അതെ മീനാ വലിയ കാര്യമാണ്. അദ്ദേഹം പറഞ്ഞതിൽ യാതൊരു തെററും ഇല്ല. എല്ലാ അച്ഛനും പറയുംപോലെ അദ്ദേഹവും പറഞ്ഞു എന്നേയുള്ളു. അല്ലെങ്കിലും അഞ്ഞൂറും ആയിരവും ശമ്പളംവാങ്ങിക്കുന്ന ഇഞ്ചിനീയർ, കലക്ടർ, മാനേജർ മുതലായവരെവിടെ?; ഈ വെറും നൂററിയമ്പതു രൂപാ വാങ്ങിക്കുന്ന ഞാനെവിടെ? അദ്ദേഹം പറഞ്ഞതിൽ ഒരു തെററും ഇല്ല. ഞാനെന്റെ വിധിയെ ശപിക്കുന്നതേയുള്ളു.

"അങ്ങനെ പറയല്ലേ പ്രഭാത്. എനിക്ക് അവരാരും വേണ്ട ഈ ജന്മത്തിൽ. ഞാൻ വിവാഹം ചെയ്യുകയാണെങ്കിൽ അതെന്റെ പ്രഭാതിനെയായിരിക്കും. അതു തീർച്ചയാണ്. ഞാനൊന്നു ചോദിക്കട്ടെ, പ്രഭാത് എന്നെ സ്നേഹിക്കുന്നുണ്ടോ?

ഞാൻ അതിനു മറുപടി പറഞ്ഞില്ല. അല്പം ചിന്തിച്ചു. ഞാൻകാരണം ഒരു യുവതിയുടെ ജീവിതം തകരാൻ പാടില്ല. അവൾ പണക്കാരനായ ഒരുവനെ വരിക്കും; സകല സുഖങ്ങൾക്കും പാത്രമാകും. എന്നെ വരിച്ചാലോ? വീട്ടുവേലകൾ ചെയ്തു കഷ്ടപ്പെടേണ്ടിവരും. മററുള്ളവരെപ്പോലെ സുഖിക്കാൻ പററില്ല. ഇങ്ങനെ പലതും ചിന്തിച്ചു് ഞാൻ അനങ്ങാതെ നിന്നു.

എന്റെ കണ്ണുകളിൽനിന്നു് വീഴുന്ന കണ്ണുനീർ കണ്ടു് അവൾ പരിഭ്രമത്തോടെ വീണ്ടും ചോദിച്ചു.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"പ്രഭാത് പറയൂലേ നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടോ, ഇല്ലയോ? എന്ന്.

അവളുടെ ഓരോ വാക്കും അമ്പുപോലെ എന്റെ ഹൃദയത്തിൽ തറച്ചു. ഞാൻ ഒരു പ്രതിമ പോലെ നിൽക്കുന്നതു കണ്ട് അവൾ എന്നെ സമീപിച്ച് എന്റെ കരങ്ങൾ ഗ്രഹിച്ചുകൊണ്ട് വീണ്ടും ചോദിച്ചു.

"എന്നെ സ്നേഹിക്കുന്നുണ്ടോ? പറയൂ, എന്നെ സ്നേഹിക്കുന്നുണ്ടോ?"

ഞാൻ വല്ലാതെ കുഴങ്ങി. ഒടുവിൽ പതുക്കെ പറഞ്ഞു.

"അതെ മീനാ ഞാൻ .... .... .... ....ഞാൻ .... .... ആ വാക്യം പൂർത്തിയാക്കാൻ എനിക്കു പററിയില്ല.

"മുഴുവനാക്കൂ പ്രഭാത്, ആ വാക്യം." അവൾ നിർബന്ധിച്ചു.

രക്ഷയില്ലെന്നായപ്പോൾ ഞാൻ പറഞ്ഞു. അതേ, ഞാൻ .... .... ഞാൻ നിന്നെ .... .... .... സ്നേഹിക്കുന്നു."

സസന്തോഷം അവൾ പറഞ്ഞു.

"പ്രഭാത് .... പ്രഭാത് ഞാൻ കൃതാർത്ഥയായി. എന്റെ ആഗ്രഹം സഫലമായി. ഞാൻ ഭാഗ്യവതിയാണ്—സംശയമില്ല."

നേരം സന്ധ്യയോടടുത്തിരുന്നു. എനിക്കവളോടു പലതും പറയാനുണ്ടായിരുന്നു. പക്ഷേ അതിനു പററിയില്ല. അവൾ എന്നോടു യാത്ര പറഞ്ഞു പുറപ്പെട്ടു. അങ്ങനെ ഞങ്ങളുടെ ആദ്യത്തെ സമാഗമം മംഗളമായിട്ടവസാനിച്ചു.

അന്നു രാത്രി സുഖമായി ഊണുംകഴിച്ച് ഞാൻ പേപ്പർ വായിക്കാൻ ആരംഭിച്ചു. അല്പം കഴിഞ്ഞപ്പോൾ ആരോ കോണിപ്പടി കയറുന്ന ശബ്ദം കേട്ടു. മീനയുടെ അച്ഛനായിരുന്നു അതു്. ഒരു ഇംഗ്ലീഷ് വർത്തമാനപ്പത്രം അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടായിരുന്നു.

പ്രഭാത് ഇതൊന്നു നോക്കൂ." അദ്ദേഹം പത്രം എന്റെ നേർക്കു നീട്ടി.

"ഏതാ .... നോക്കേണ്ടതു് .... എന്താ വിശേഷം? ഞാൻ ചോദിച്ചു."

I. A. S. പരീക്ഷാഫലം അതിലുണ്ടു്. ഇൻഡ്യയിലേയ്ക്കു് ഒന്നാമന്റെ പേരു നോക്കൂ.

"നോക്കി. 'രമണി'യാണ് ഒന്നാമൻ."

"അവനെക്കൊണ്ടാണ് എന്റെ പെണ്ണിനെ കെട്ടിക്കാൻപോണതു്. അതിനെന്റെ ജീവൻ പോലും പണയംവയ്ക്കണമെങ്കിൽ വയ്ക്കും. അതിൽ പ്രഭാതിനെന്താണഭിപ്രായം?"

ഞാൻ ധർമ്മസങ്കടത്തിലായി. എന്തു പറയണമെന്നറിയാതെ ഞാൻ വിഷമിച്ചു. ഒടുവിൽപ്പറഞ്ഞു.

"കൊള്ളാം"

"അവനെ കിട്ടിയെങ്കിൽ എന്റെ മോൾ പിന്നെ റാണിയാ. .... ....കാറിൽ സഞ്ചരിക്കും, മാളികയിൽ താമസിക്കും—അങ്ങനെ സുഖിച്ചു മറിയുകയില്ലേ? അതോർക്കുമ്പോൾ ശരീരം രോമാഞ്ചംകൊള്ളുന്നു. ഏതായാലും ഈ ആഴ്ചയിൽത്തന്നെ ഞാൻ എല്ലാ വിവരവും അറിയും. അറിഞ്ഞാലുടൻ പ്രഭാതിനെയും അറിയിക്കാം."

പിന്നെ അദ്ദേഹം അവിടെ അധികം നിന്നില്ല. എന്നോടു യാത്രപറഞ്ഞു പിരിഞ്ഞു.

മാസം രണ്ടു കഴിഞ്ഞു—ഒരു ബുധനാഴ്ച രാവിലെ അദ്ദേഹം വീണ്ടും എന്റെ വീട്ടിൽ വരികയുണ്ടായി. എന്തോ ഒരു വലിയ കാര്യം സാധിച്ചതുപോലെ ഒരു ഭാവം അദ്ദേഹത്തിന്റെ മുഖത്തു കളിയാടുന്നുണ്ടെന്ന് എനിക്കു തോന്നി. അദ്ദേഹം എന്നോടായിട്ടു പറഞ്ഞു:

"രമണിയെ സംബന്ധിച്ച സകല വിവരങ്ങളും കിട്ടി. ഡെൽഹിയിലാണ് വീടു്. നമുക്ക് അവിടംവരെ ഒന്നു പോകണം. എന്താ, പ്രഭാതിനു് സൗകര്യംതന്നെയാണല്ലോ?"

ആരെല്ലാമുണ്ടു്, യാത്രയിൽ?

മററാരുമില്ല, പ്രഭാതും ഞാനും മാത്രം.

പിന്നെ കേട്ടോ, അയാളുടെ അച്ഛനമ്മമാരോടു പറഞ്ഞു സമ്മതിപ്പിക്കാനും എന്നെക്കൊണ്ടു പററ. എന്റെ മീനയുടെ ഗുണങ്ങൾ വർണ്ണിച്ച് രമണിയെ പാട്ടിലാക്കാൻ എന്നെക്കൊണ്ടാവില്ല. അക്കാര്യം ദയചെയ്തു പ്രഭാത് ഏല്ക്കണം.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഒരു ഭയങ്കരമായ അടിയേററാലെന്നപോലെയുള്ള ഒരനുഭവമാണു് എനിക്കപ്പോൾ ഉണ്ടായതു്. കുറെനേരത്തേയ്ക്കു് ഒന്നും പറയാൻ ഞാൻ ശക്തനായില്ല. എൻെറ ഭാവം കണ്ടിട്ടാണോ എന്തോ അദ്ദേഹം വീണ്ടും ചോദിച്ചു.

"എന്താ പ്രഭാത് സമ്മതംതന്നെയല്ലേ? പറയൂ"

എൻെറ നെഞ്ചു തുടിക്കാൻതുടങ്ങി. പെട്ടെന്നു് മീനയിൽ എനിക്കും എന്നിൽ മീനയ്ക്കും ഉള്ള അഭിനിവേശത്തെപ്പററി അദ്ദേഹത്തെ അറിയിച്ചാലോ എന്നു ഞാൻ വിചാരിച്ചു. പക്ഷേ, അതിനു് എനിക്കു ധൈര്യമുണ്ടായില്ല. ഞാൻ വീണ്ടും ഇങ്ങനെ വിചാരത്തിൽ മുഴുകി.

ഞാൻ മീനയെ എന്തിനു് ആഗ്രഹിക്കുന്നു. കഷ്ടം! ഈ വെറും നൂററിയമ്പതു രൂപാക്കാരൻെറകൂടെ അവൾ വന്നാൽ അവൾക്കെന്തു സുഖം കിട്ടും? പക്ഷേ, അവൾക്കതു് ഇഷ്ടമായിരിക്കാം. എന്നാൽ അവളുടെ അച്ഛനോ? അദ്ദേഹത്തിൻെറ മോഹമെല്ലാം അസ്തമിക്കയില്ലേ? അദ്ദേഹത്തിൻെറ ഹൃദയം തകരുകയില്ലേ? അതിനാൽ ഇവിടെ ഞാൻ അനുഷ്ഠിക്കേണ്ടതു് ത്യാഗമാണു്. അതേ ഒരു മഹാത്യാഗം. ഇങ്ങനെ നിശ്ചയിച്ചുറച്ചിട്ടു് അദ്ദേഹത്തോടൊത്തു പോകാമെന്നേററു.

"പ്രഭാത്, എനിക്കു വളരെ സന്തോഷമായി. മററന്നാളത്തെ വണ്ടിക്കു് നമുക്കു പുറപ്പെടണം. തയ്യാറായിരിക്കണേ.

അദ്ദേഹം യാത്രയായി. പക്ഷേ, ഞാൻ കസേരയിൽതന്നെ ചിന്താമഗ്നനായിരുന്നു. എത്രനേരമെന്നു് എനിക്കറിവില്ല. എനിക്കു് മീനയോടു് ഇതൊക്കെ പറയണമെന്നു് തോന്നി. പക്ഷേ, അവൾ അമ്മയുടെ വീട്ടിൽ പോയിരിക്കയാണു്. കത്തെഴുതിയാലോ? അതു് ശരിയല്ല.

ആകപ്പാടെ ഞാൻ കുഴങ്ങി. എനിക്കു് ജീവിതത്തിൽ ആശയില്ലാതായി. എന്നാൽ, നീചവും നിന്ദ്യവുമായ കർമ്മം ചെയ്യാൻ മനസ്സു തടഞ്ഞു. അങ്ങനെ ചിന്തകളോടൊപ്പം സമയവും നീങ്ങി.

ഞങ്ങൾ നിശ്ചിതദിവസം കാലത്തു് വണ്ടികയറി; തീവണ്ടിയുടെ ചക്രങ്ങൾ ഓരോതവണ ചുററുമ്പോഴും വണ്ടി മുമ്പോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നു; പക്ഷെ, എൻെറ ജീവിതാശയുടെ ഗതിയാകട്ടെ പുറകോട്ടായിരുന്നു.

ഞങ്ങൾ ഡെൽഹിയിൽ എത്തി. ഒരു ടാക്സി പിടിച്ചു. പല സ്ഥലങ്ങളിലും ചുററിക്കറങ്ങി, പലരോടും ചോദിച്ചു് ഒരുവിധം അന്വേഷിച്ചു ചെന്ന ആളിൻെറ വീട്ടിൽ ചെന്നുചേർന്നു.

അപരിചിതരാണെങ്കിലും ഞങ്ങളെ ആ വീട്ടിലുള്ളവർ സ്നേഹപൂർവ്വം സ്വീകരിച്ചു സൽക്കരിച്ചു. കുളിയും ഭക്ഷണവും കഴിഞ്ഞതിനുശേഷം മീനയുടെ അച്ഛനാണു് ആദ്യം സംഭാഷണം ആരംഭിച്ചതു്.

"ഞാൻ 'അഡ്വക്കേററ്' ഭട്ടാനഗറാണു്. മദ്രാസിലാണു് എൻെറ ഗൃഹം. ഈ യുവാവു് അവിടത്തെ ലയോലാകാളേജ് ഇംഗ്ലീഷ് ലക്ചററാണു്. 'Mr. പ്രഭാത് M. A.' എന്നാണു് പേരു്. അച്ഛനും മകനും എന്ന നിലയിലാണു് ഞങ്ങളുടെ ബന്ധം."

ഇതു കേട്ടയുടൻ ആ ഗൃഹസ്ഥൻ ഇംഗ്ലീഷിൽ ഇങ്ങനെ ചോദിച്ചു:

"Mr. Prabhat, are you married?" (മിസ്റ്റർ പ്രഭാത് നിങ്ങൾ വിവാഹിതനാണോ?)

"No, Sir, I am a Bachelor." (അല്ല, ഞാൻ അവിവാഹിതനാണു്.)

മീനയുടെ അച്ഛൻ, അപ്രതീക്ഷിതമായ ഈ ചോദ്യവും ഉത്തരവും കേട്ടു് വല്ലാതെ അന്ധാളിച്ചു. അദ്ദേഹം കാര്യത്തിലേക്കു കടക്കുവാൻ നിശ്ചയിച്ചുകൊണ്ടു പറഞ്ഞു.

കുശലപ്രശ്നങ്ങൾ നമുക്കു് പിന്നെ ആകാം. ഞങ്ങൾ ഇവിടെ വന്നതു് ഒരു വരനെ അന്വേഷിച്ചുകൊണ്ടാണു്. അങ്ങയുടെ മകൻ ഐ. എ. എസ്സിൽ ഒന്നാമനായി ജയിച്ച വിവരം പത്രത്തിൽനിന്നു് അറിഞ്ഞു. എൻെറ മകൾ സുന്ദരിയും സുശീലയുമാണു്. അവളെ ഇവിടെ ഏല്പി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ച്ചാൽകൊള്ളാമെന്നാണ് എന്റെ ആഗ്രഹം. നിങ്ങളുടെ അഭിപ്രായം എങ്ങനെ?

വക്കീലിന്റെ ചോദ്യം കേട്ടമാത്രയിൽ രമണിയുടെ അച്ഛൻ പൊട്ടിച്ചിരിക്കയാണുണ്ടായതു്.

“എന്തൊരു മര്യാദയാണിതു്. നിങ്ങളും മനുഷ്യരല്ലേ. വീട്ടിൽ വരുന്ന അതിഥികളോടു് ഇങ്ങനെ പെരുമാറുന്നതു് ഉചിതമാണോ? ഇഷ്ടമല്ലെങ്കിൽ പൊയ്ക്കൊള്ളുമായിരുന്നല്ലോ.”

വക്കീലിന്റെ ഈ പരിഭവത്തിനു് ആ ഗൃഹസ്ഥൻ മറുപടി പറഞ്ഞില്ല. രമണി, രമണി എന്നു് രണ്ടു പ്രാവശ്യം ഉറക്കെ വിളിക്കുകയും ചിരിച്ചതിനു മാപ്പു ചോദിക്കുകയുമാണു ചെയ്തതു്. ഒന്നുരണ്ടു നിമിഷം അങ്ങനെ കഴിഞ്ഞു. അപ്പോൾ പരിഷ്കൃതവേഷത്തിൽ ഒരു യുവതി ഞങ്ങളുടെ മുമ്പിൽ വന്നു നിന്നു. ഞാനും വക്കീലദ്ദേഹവും ആ തേജോവിഗ്രഹത്തെ നല്ലതുപോലെ ഒന്നു നോക്കി. എനിക്കു കാര്യം മനസ്സിലായി, അബദ്ധമാണു പററിയതു്. 'രമണി വക്കീലദ്ദേഹം വിചാരിച്ചതുപോലെ യുവാവല്ല, യുവതിയാണു്. എന്താണു ചെയ്യുക. വക്കീലദ്ദേഹം നിശ്ചേഷ്ടനായി രമണിയേയും നോക്കിക്കൊണ്ടു് അന്ധാളിച്ചു് ഇരിക്കുന്നു. ആരും ഒന്നും മിണ്ടുന്നില്ല അങ്ങനെ ഒന്നുരണ്ടു നിമിഷം കഴിഞ്ഞു. അപ്പോൾ 'രമണി' ഞങ്ങളുടെ സമീപം വന്നു് 'നമസ്തേ' എന്നു വണങ്ങി. ഞങ്ങൾ മര്യാദയനുസരിച്ചു് ആ യുവതിയെ അനുഗ്രഹിച്ചു. ഇതെല്ലാം കണ്ടും കേട്ടും രസിച്ചുകൊണ്ടിരുന്ന ആ ഗൃഹനാഥൻ ക്ഷമാപണപൂർവ്വം ഇങ്ങനെ പറഞ്ഞു.

“ഇവൾ എന്റെ ഏക പുത്രിയാണു്. പരീക്ഷയ്ക്കു ചേരാനുള്ള അപേക്ഷാഫാറം തയ്യാറാക്കിയപ്പോൾ അറിഞ്ഞോ അറിയാതെയോ ഇവൾക്കു് ഒരു തെററു പററി. പേരെഴുതേണ്ട സ്ഥാനത്തു് 'കുമാരി രമണി' എന്നു് എഴുതേണ്ടതിനു പകരം 'രമണി' എന്നുമാത്രം എഴുതിപ്പോയി. റിസൾട്ടു് പുറത്തായപ്പോൾ നിങ്ങളെപ്പോലെ തെററിദ്ധരിച്ചു് പലരും വിവാഹാലോചനയുമായി ഇവിടെ എത്തി. അവരെല്ലാം ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോകയാണു ചെയ്തതു്. നിങ്ങൾക്കും അതുപോലെ അബദ്ധം പിണഞ്ഞല്ലോ എന്നു വിചാരിച്ചപ്പോളാണു് ഞാൻ അറിയാതെ ചിരിക്കാനിടയായതു്. നിങ്ങളുടെ ഈ കഷ്ടപ്പാടുകൾക്കെല്ലാം കാരണക്കാരി ഇവളാണു്. അബദ്ധം ആർക്കും വരാവുന്നതാണു്. അതു വിചാരിച്ചു് അവൾക്കു് നിങ്ങൾ മാപ്പുകൊടുക്കുമെന്നു വിശ്വസിക്കുന്നു.”

എത്രയായിട്ടും മുന്തിരിപ്പഴം കിട്ടുകയില്ലെന്നറിഞ്ഞപ്പോൾ അതു പുളിക്കും എന്നു പറഞ്ഞു് സമാധാനപ്പെട്ട കുറുക്കനെപ്പോലെയാണു് വക്കീലദ്ദേഹം എന്നോടൊത്തു് അവിടെനിന്നു് ഒരുവിധം യാത്രപറഞ്ഞു മടങ്ങിയതു്. വണ്ടി കയറി ഞങ്ങൾ അടുത്ത ദിവസംതന്നെ ഞങ്ങളുടെ നാട്ടിലെത്തി. വീടടുക്കാറായപ്പോൾ വക്കീലദ്ദേഹം എന്റെ തോളിൽ താങ്ങിക്കൊണ്ടു പറഞ്ഞു. “പ്രഭാത്, വെറുതയല്ല പണ്ടുള്ളവർ പഴമൊഴികളിൽ പതിരില്ലെന്നു പറയാറുള്ളതു്. അനുഭവം വരുമ്പോഴേ നമ്മെപ്പോലെയുള്ളവർക്കു് അതു മനസ്സിലാവൂ. “മുററത്തെ മുല്ലയ്ക്കു മണമില്ല” എന്ന പഴഞ്ചൊല്ലു് എത്ര പരമാർത്ഥമാണു്. എന്റെ മീനയ്ക്കു് എല്ലാവിധത്തിലും അനുരൂപനായ പ്രഭാത് ഇവിടെ ഉണ്ടായിരിക്കെ ഞാൻ 'രമണി'യെത്തേടിപ്പോയില്ലേ. കണ്ണിന്റെ വില കാഴ്ചയുള്ളപ്പോൾ അറിയാത്തവനാണു് ഞാൻ. അത്യാഗ്രഹമാണു് ഇതിനെല്ലാം കാരണം. ഏതായാലും ഇപ്പോഴെങ്കിലും ഞാൻ അതു് അറിഞ്ഞല്ലോ. അതുമതി. പ്രഭാത് എന്റെ തെററുകളെല്ലാം ക്ഷമിക്കണം. എല്ലാ വിധത്തിലും നിനക്കു് യോജിച്ചവളാണു് മീന. അവളെ നീ ഭാര്യയായി സ്വീകരിക്കണം. അതാണു് എന്റെ ആഗ്രഹം. എന്താ സമ്മതിച്ചോ?

എന്റെ മറുപടിയും ഒരു ചിരിതന്നെയായിരുന്നു. പക്ഷേ, അതിൽ വക്കീലദ്ദേഹത്തിനു പരിഭവം തോന്നിയില്ല. മീനയുടെ അപേക്ഷയും അതിനു് ഞാൻ നൽകിയ ഉത്തരവും ഒട്ടുവില

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# രാക്കുയിൽ

*(Narayanan Nair, II U. C.)*

രാക്കുയിൽ, നീയെന്തു പാടുന്നു രാത്രിയിൽ
കർത്തവ്യബദ്ധനായെന്നപോലെ
ആരുകേട്ടീടുവാനായങ്ങു നീ ദിനം
രാത്രിതൻപാതിയിൽ കൂവിടുന്നു?
സത്യവും ധർമ്മവും കീർത്തിക്കയാണോ നീ
നിത്യവും നിൻകർമ്മമേവമാണോ?
മർത്ത്യനോടാണെങ്കിൽ നിൻശ്രമം നിഷ്ഫലം
കേൾക്കാനവനൊട്ടും നേരമില്ല.
പാരം വിശപ്പിനാൽ നിദ്രയും കൈവിട്ടു
പാടുപെടുന്നവർ ചിന്തിക്കുന്നു.
"ഇന്നില്ലയെങ്കിലും കാത്തിരുന്നീടുകിൽ
വന്നിടും സമ്പത്തു നാളെ മെല്ലെ.
ആശയിൽ മോഹനരൂപംവിടരുന്ന
സങ്കല്പലോകം യഥാർത്ഥമാമോ?
ആയതിലേയ്ക്കൊന്നു പാടുപെട്ടീടുന്ന
നിസ്സ്വാർത്ഥസേവകരെന്നുമെന്നും."
ആശയാം കോട്ടയും കെട്ടിപ്പടുത്തവർ
'നാളെ'തൻ മുററത്തിലെത്തിനില്ലേ
നിസ്സ്വാർത്ഥരെന്നു നടിച്ചു ഞെളിയുന്ന
നേതാക്കളെന്താണു ചെയ്യുകയെന്നോ?
പാവങ്ങൾ ധാരയിലൂൻവന്നീടുന്ന
പാപത്തിൻ മുത്തുകളാം ധനത്തെ
കൈയാണ്ടു ധൂർത്തടിച്ചീടും മുതലാളി
നീട്ടിടും വച്ചുനോട്ടിൻപ്രഭയാൽ
ആദർശനീതികളെല്ലാം മറന്നുടൻ
നേതാവു നീട്ടുന്നു കൈകൾ രണ്ടും.
എന്തൊരു വൈരുദ്ധ്യം ലോകരിലാകവേ
എന്തൊരു ഭിന്നതയിജ്ജഗത്തിൽ!
രാക്കുയാൽ നീമാത്രം പാടുന്നു രാത്രിയിൽ
കർത്തവ്യബദ്ധനായെന്നപോലെ.
ആരുകേട്ടീടുവാനായങ്ങു നീ ദിനം
രാത്രിതൻ പാതിയിൽക്കൂവിടുന്നു?
നീതിയും ധർമ്മവും കീർത്തിക്കയാണോ നീ
മാനവലോകം നന്നാകുവാനായ്
സത്യം ഞാൻ ചൊല്ലിടാം നിൻശ്രമം നിഷ്ഫലം
കേൾക്കാനവർക്കൊട്ടും നേരമില്ല.

---

ത്തെ അവളുടെ നിശ്ചയവും എല്ലാം എൻെറ സ്മൃതിപഥത്തിൽ അപ്പോൾ പെട്ടെന്ന് ഉദിച്ചുയർന്നു. അപ്പോഴാണ് വക്കീലദ്ദേഹം വീണ്ടും ആ ചോദ്യം ആവർത്തിച്ചത്. ഞാൻ പിന്നെ അദ്ദേഹത്തെ വിഷമിപ്പിച്ചില്ല. "അങ്ങയുടെ ആഗ്രഹം തന്നെയാണ് ഞങ്ങളുടേയും ആഗ്രഹം." എൻെറ ഈ ഉത്തരം ആ വൃദ്ധൻെറ ഹൃദയത്തിനു നല്കിയ സന്തൃപ്തി മുഖത്ത് നല്ലതുപോലെ പ്രത്യക്ഷമായതു ഞാൻ കണ്ടു. വിവരമെല്ലാം അറിഞ്ഞപ്പോൾ മീനയ്ക്കുണ്ടായ സന്തോഷവും ആനന്ദവും ഞാനെങ്ങനെ വർണ്ണിക്കും. നിങ്ങൾതന്നെ ഊഹിച്ചറിയുകയാണ് ഭേദം.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# നമ്മുടെ സംസ്ഥാനത്തെ വന്യമൃഗങ്ങൾ

*(M. P. Ashokan Pre-University Class)*

സസ്യശ്യാമളമായ നമ്മുടെ സംസ്ഥാനത്തിന്റെ പൂർവ്വഭാഗത്തു നീണ്ടുനിവന്നു കിടക്കുന്ന സഹ്യന്റെ താഴ്‌വരകൾ വന്യമൃഗങ്ങൾക്ക് പ്രകൃതി നല്കിയിട്ടുള്ള ഒരു സങ്കേതസ്ഥാനമാണ്. എന്നും പച്ച അണിഞ്ഞു നിൽക്കുന്ന കുന്നുകളും, വൻവൃക്ഷങ്ങളും, ചെടികളും, വള്ളിക്കെട്ടുകളുംകൊണ്ട് ഇരുളടഞ്ഞ ഘോരവനങ്ങളും അവയ്ക്കിടയിൽക്കൂടി കുതിച്ചു പായുന്ന കാട്ടാറുകളും മററും സ്വൈരജീവിതത്തിനു പററിയ ഭൂവിഭാഗം തന്നെയെന്ന് ആരും സമ്മതിയ്ക്കും. ദൂരെ നിന്നു നോക്കുമ്പോൾ പ്രശാന്തസുന്ദരമായി കാണപ്പെട്ടുമെങ്കിലും ഉള്ളിലേയ്ക്കു കടക്കുമ്പോൾ മാത്രമേ ഈ പ്രദേശം വൈചിത്ര്യത്തിന്റെയും വൈരുദ്ധ്യത്തിന്റെയും ഇരിപ്പിടമാണെന്നു മനസ്സിലാകയുള്ളു.

പൂങ്കുലകൾ അണിഞ്ഞുനിൽക്കുന്ന മരക്കൊമ്പുകളിൽ ചാടിക്കളിക്കുന്ന വാനരന്മാരേയും, പാടിപ്പറക്കുന്ന പക്ഷികളേയും, അതിന്റെ കീഴിൽക്കൂടി കടന്നുപോകുന്ന കടുവാ, പുലി, കരടി, സിംഹം, കാട്ടുപോത്ത് തുടങ്ങിയ ഹിംസ്രമൃഗങ്ങളേയും, നദീതടങ്ങളിലെ പുൽത്തകിടികളിൽ പററംപററമായിനിന്നു മേയുന്ന മാൻകൂട്ടത്തേയും ഈററക്കാടുകൾ തകർത്തുകൊണ്ടു ഗമിക്കുന്ന ഗജേന്ദ്രന്മാരെയും എല്ലാംകൂടി കണ്ടാൽ മാത്രമേ ഈ വൈരുദ്ധ്യത്തിന്റെ ഒരു ശരിയായ രൂപം ലഭിക്കുകയുള്ളൂ. സൗമ്യശീലമുള്ള മാനും, മുയലും, കേഴയും അവയെ ആക്രമിക്കുവാൻ തരംനോക്കി നടക്കുന്ന കടുവാ, പുലി, ചെന്നായ് തുടങ്ങിയ ഹിംസ്രജന്തുക്കളും വലിപ്പംകൊണ്ടു മൃഗരാജനെന്നു നടിക്കുന്ന ഗജേന്ദ്രനും സദാ പല്ലിളിച്ചുകാട്ടി ചാടിച്ചാടി നടക്കുന്ന വാനരന്മാരും എല്ലാംകൂടി ഒരേവനത്തിൽ എങ്ങനെ ജീവിക്കുന്നു എന്നോർത്ത് നാം അദ്ഭുതപ്പെട്ടുപോകും!

ഭയം തിങ്ങിനിൽക്കുന്ന ഒരന്തരീക്ഷത്തിൽ, ജീവൻ ഏതു സമയവും നഷ്ടപ്പെടാവുന്ന ഒരു ചുററുപാടിൽ തെല്ലും കൂസലില്ലാതെ വൃക്ഷക്കൊമ്പുകളിൽ ബലപരീക്ഷണം നടത്തുന്ന വാനരന്മാരെ നമ്മുടെ വനങ്ങളിൽ ധാരാളമായി കാണാം. പ്രധാനമായി മൂന്നുതരം കുരങ്ങന്മാരാണ് നമ്മുടെ വനങ്ങളിൽ അധിവാസം ചെയ്യുന്നതു്. നാട്ടിൻപുറങ്ങളിൽ കാണാറുള്ള മൊച്ച, കറുത്ത മുഖമുള്ള കരിമുകറൻ, കരിംകുരങ്ങ് എന്നിവയാണ് അവ.

ശരീരം മുഴുവൻ കറുത്തനിറമുള്ള കരിംകുരങ്ങിനെ വനത്തിനുള്ളിലേ കാണാൻ സാധിക്കൂ. കായും കിഴങ്ങും തിന്നാണ് ഇവയിൽ മിക്കതും ജീവധാരണം ചെയ്യുന്നതു്. ചില വർഗ്ഗം കുരങ്ങുകൾ സസ്യങ്ങൾക്കു പുറമേ ചില്ലറ പ്രാണികളേയും ഭക്ഷിക്കാറുണ്ട്. കുരങ്ങുകൾ ബുദ്ധിയുള്ളവയും മാൻ തുടങ്ങിയ മൃഗങ്ങളുടെ കാവൽക്കാരുമാണ്. വ്യാഘ്റത്തേയോ നരിയേയോ കണ്ടാൽ ഇവ ചില പ്രത്യേകശബ്ദങ്ങൾ പുറപ്പെടുവിക്കും. ഉടനെ മാനും മററും ഓടി രക്ഷപ്രാപിക്കുകയും ചെയ്യും.

നമ്മുടെ വനാന്തരങ്ങളിലുള്ള നദീതടങ്ങളിലേ പുൽത്തകിടികളിൽ മാൻ കൂട്ടമായിനിന്നു മേയുന്നതു കണ്ടാൽ അവ പരിസരത്തിന്റെ ഭീകരത മറന്ന് വിഹരിക്കുകയാണെന്നു തോന്നിപ്പോകും. ഒരുപററത്തിൽ ആണും പെണ്ണും ധാരാളം കാണും. കലമാനിന് അനവധി ശിഖരങ്ങളുള്ള കൊമ്പുകളുണ്ട്. നീണ്ടകാലും മെലിഞ്ഞ ശരീരവുമുള്ള മാനിന് വളരെ വേഗം ഓടി രക്ഷപ്രാ

പിക്കാൻ കഴിയുന്നതാണ്. അതുപോലെതന്നെ അതിനു നല്ല ശ്രവണശക്തിയുമുണ്ട്. അതുകൊണ്ടാണ് വളരെയധികം ശത്രുക്കളുണ്ടായിരുന്നിട്ടും ഈ മൃഗത്തിന്റെ വംശം നിലനിൽക്കുന്നത്. പെരിയാർതടാകത്തിൽ പ്രത്യേകിച്ച് തേക്കടിയിലും, ഹിമാലയപ്രാന്തങ്ങളിലും മാൻപറ്റത്തെ ധാരാളമായി കാണാം.

ഈ സംസ്ഥാനത്തെ വന്യമൃഗങ്ങളിൽ നല്ലൊരുഭാഗം ഹിംസ്രമൃഗങ്ങളാണ്. അവയിൽ പ്രധാനിയാണ് വ്യാഘ്രം. ഇൻഡ്യയിലെ മിക്ക വനങ്ങളിലും ഇതിനെ കാണാം. ഏകദേശം സിംഹത്തെപ്പോലെ ക്രൂരതയും ബലവും ഇതിനുണ്ട്. പൂർണ്ണവളർച്ചയെ പ്രാപിച്ച ഒരു വ്യാഘ്രത്തിന് മൂന്നരയടി പൊക്കവും പന്ത്രണ്ടടി നീളവും കാണും. അതിന്റെ ശരീരത്തിലെ കറുത്ത വരകൾ ഭംഗിയുള്ളവയും ചുറ്റുപാടുകൾക്ക് യോജിച്ചവയുമാണ്. ഈ ഇനത്തിൽ ആണും പെണ്ണും ഒരുമിച്ചു നടക്കുകയാണു പതിവ്. മാർജ്ജാരവംശത്തിൽപ്പെട്ട ഇവ സ്വന്തം കുഞ്ഞുങ്ങളെപ്പോലും തിന്നാൻ മടിക്കാറില്ലെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. വനത്തിലുള്ള സകല മൃഗങ്ങൾക്കും കടുവായെ ഭയമാണ്. കാട്ടുപോത്തിനേയുംമറ്റും അടിച്ചു വീഴിക്കാൻ ഇതിനു കഴിയും. ഏകദേശം വ്യാഘ്രത്തെപ്പോലെതന്നെ ക്രൂരതയുള്ളതും പക്ഷേ ബലത്തിലും വലുപ്പത്തിലും അല്പം കുറവുള്ളതുമായ ഒരു മൃഗമാണ് പുലി. ഈ വർഗ്ഗത്തിൽ വരിയൻ പുലിയും, പുള്ളിപ്പുലിയും എല്ലാം ഉൾപ്പെടുന്നുണ്ട്. മരത്തിലുംമറ്റും ചാടിക്കയറാൻ ഇവയ്ക്കു ബഹുസാമർത്ഥ്യമാണ്. മാനിനേയുംമറ്റും ഇവ വേട്ടയാടി പിടിക്കുന്നു. എങ്കിലും ഇവയ്ക്കും ശത്രുക്കളുണ്ട്. "ഐകമത്യം മഹാബലം" എന്നുൽഘോഷിച്ചുകൊണ്ട് പറ്റമായി നടക്കുന്ന ചെന്നായ്ക്കൾ ഇവയെ നിഷ്പ്രയാസം പിടിക്കും.

ഒരു പറ്റത്തിൽ ഇരുനൂറുവരെ ചെന്നായ്ക്കൾ ഉണ്ടായിരിക്കും. ശ്വാനവംശത്തിൽപ്പെട്ട ഇവയ്ക്ക് ഒറ്റപ്പെട്ടിരിക്കുമ്പോൾ വലിയ ശക്തിയൊന്നുമില്ലെങ്കിലും പറ്റംചേർന്ന് സകല മൃഗങ്ങളേയും വേട്ടയാടി പിടിക്കുവാനുള്ള കഴിവുണ്ട്. മാനിനേയും മറ്റും വളരെ ദൂരം ഓടിച്ചിട്ടു പിടിക്കുവാൻ ഇവയ്ക്കു പ്രയാസമൊന്നുമില്ല. പക്ഷേ മനുഷ്യരെ ഉപദ്രവിക്കുന്ന സ്വഭാവം ഇവയ്ക്കില്ലെന്നാണറിവ്. നാം ഉപദ്രവിക്കാതിരുന്നാൽ അവയും ഉപദ്രവിക്കാറില്ല. കൂടിപ്പോയാൽ ജ്വലിക്കുന്ന കണ്ണുകൊണ്ടൊരു നോക്കു നോക്കിയിട്ട് പോകുകയാണു പതിവ്. മദ്ധ്യേൻഡ്യയിൽ കാണുന്ന ചെന്നായ്ക്കൾ ചാരനിറത്തോടുകൂടിയവയത്രേ.

വനാന്തരങ്ങളിൽ വസിക്കുന്ന മറ്റു രണ്ടു മൃഗങ്ങളാണ് കാട്ടുപന്നിയും, മുള്ളൻ പന്നിയും. മുള്ളൻപന്നിയ്ക്ക് അത്യുഗ്രമായ രണ്ടു തേറ്റകളുണ്ട്. അവയുടെ സഹായത്താൽ ശത്രുക്കളെ കുത്തിപ്പിളർന്ന് കൊല്ലുവാൻ അതിനു കഴിയും. മുള്ളൻപന്നിയുടെ ശരീരം നിറയെ നീണ്ടുകൂർത്ത മുള്ളുകൾ ഉണ്ട്. അതുകൊണ്ടാണ് അതു ശത്രുക്കളെ എതിർക്കുന്നത്.

അത്യുഗ്രങ്ങളായ കാട്ടുപോത്തുകളേയും കരടികളേയും നമ്മുടെ വനങ്ങളിൽ ധാരാളം കാണാവുന്നതാണ്. പശ്ചിമപർവ്വതഘട്ടത്തിൽ ഇവ വളരെയധികമുണ്ട്. കാട്ടുപോത്തിന്റെ സുശക്തങ്ങളായ കൊമ്പുകളെ ഭയന്ന് അധികം മൃഗങ്ങളും അതിനെ ഉപദ്രവിക്കാറില്ല. നാലടിയിൽ കൂടുതൽ പൊക്കമുള്ള ഈ ബലിഷ്ഠമൃഗത്തെ കടുവായ്ക്ക് നിഷ്പ്രയാസം പിടിക്കുവാൻ കഴിയും. തേക്കടിയിലെ വനങ്ങളിൽ ഇവയെ ധാരാളം കാണാവുന്നതാണ്.

കരടിയുടെ ശരീരം രോമനിബിഡമാണ്. മൂന്നടിയിൽക്കൂടുതൽ ഇവയ്ക്കു പൊക്കമുണ്ടാകും. ചത്തു ജീർണ്ണിച്ച ജന്തുക്കളെ ഇവ തിന്നുകയില്ലെന്നാണു വയ്പ്. തെന്മല, കഴുതയുരുട്ടി തുടങ്ങിയ പ്രദേശങ്ങളിലെ വനങ്ങളാണ് ഇവയുടെ വാസസ്ഥാനം. ജടപിടിച്ച സടകാരണം ഇവയ്ക്കു തീയോടു വലിയ ഭയമാണ്. ഒരു തീപ്പെട്ടിക്കോ

ലിന്റെ സഹായമുണ്ടെങ്കിൽ കരടിയെ നേരിടാൻ പ്രയാസമില്ലെന്നു ചിലർ പറയാറുണ്ട്.

